Reg. No C. 101, M. 2293

ഒററപ്രതിക്ക 2 ണ.

St. Mary's C.G.H.S.
Ernakulam

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 ‖ 1126 കർക്കടകം 30—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു—എറണാകുളം 1951 ആഗസ്റ്റ് 15 ‖ ലക്കം 1



# അഭിനവമെത്രാൻ തിരുമേനിമാരുടെ
# ആശീർവ്വാദ ലേഖനങ്ങൾ



പരിശുദ്ധ ദൈവജനനിയുടെ സ്വർഗ്ഗാരോപണത്തിരുനാൾമൂലം കത്തോലിക്കർക്കു സുസ്മരണീയമായിട്ടുള്ള ആഗസ്റ്റ 15-ാംനു ഭാരതസ്വാതന്ത്ര്യപ്രഖ്യാപനം ഹേതുവാൽ 1947-മുതൽ ഭാരതീയർക്കു പൊതുവേ രാഷ്ട്രീയപ്രാധാന്യമുള്ള ഒരു സുദിനംകൂടി ആയിത്തീർന്നിരിക്കുകയാണല്ലൊ. ആകയാൽ ഭാരതീയകത്തോലിക്കരുടെ സന്തോഷം ഈ അവസരത്തിൽ സീമാതീതംതന്നെ. മതത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ മാതൃഭൂമിക്കുവേണ്ടി ഹൃദയംഗമമായി പ്രാർത്ഥിക്കുന്നതിന് ഈ സുദിനം പ്രചോദനം നൽകുന്നു. ന്യൂനപക്ഷം മാത്രമായിരിക്കുന്ന ഭാരതീയക്രിസ്ത്യാനികൾക്കു ദൈവമാതാവു തന്നെ സദാ ആശ്രയം എന്നു വിശ്വസിക്കുന്നതിനും, സമാശ്വസിക്കുന്നതിനും, ധൈര്യപ്പെടുന്നതിനും അവസരം നൽകുന്ന ഒരു സ്നേഹസമ്പൂർണ്ണമായ ദൈവപരിപാലനയാണു. ദൈവജനനിയുടെ സ്വർഗ്ഗാരോപണദിനം ഭാരതസ്വാതന്ത്ര്യദിനമായിക്കൂടി ആഘോഷിക്കുവാൻ ഇടയാക്കിയിട്ടുള്ളതു്. നമ്മുടെ അമ്മയായ പ. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണം ശാരീരികംകൂടിയാണെന്നുള്ള പാരമ്പര്യവിശ്വാസം പ. പിതാവു കഴിഞ്ഞ നവംബർ 1-ാംനു റോമിൽവച്ചു് ഔദ്യോഗികമായി പ്രഖ്യാപനംചെയ്തതോടുകൂടി ആഗസ്റ്റ 15-ാംതീയതിയുടെ മാററു വർദ്ധിച്ചിട്ടുണ്ടു.

ഈ സാഹചര്യങ്ങളിൽ ഭാരതം മുഴുവൻ നീതിസൂര്യന്റെ ശോഭയാൽ പ്രകാശമാനമാക്കിത്തീർക്കുന്നതിന് 1947-മുതൽ പൂർവ്വാധികം ആകർഷകമായ വേഷത്തിൽ, അമേരിക്കയിലെ സുപ്രസിദ്ധമായ "സൺഡേ വിസിററർ" (Sunday Visitor) എന്ന വാരികയ്ക്കു അനുരൂപമായി രംഗപ്രവേശംചെയ്തിരിക്കുന്ന "സത്യദീപം" ഇതിനകം എല്ലാവർക്കും പ്രിയംകരമായിത്തീർന്നിട്ടുണ്ടു. സത്യദീപത്തിനും തൽപ്രവർത്തകർക്കും വായനക്കാർക്കും ദൈവാനുഗ്രഹം സമൃദ്ധിയായി ഉണ്ടാകുന്നതിനു നാം ദൈവത്തെ പ്രാർത്ഥിക്കുന്നു. നമ്മുടെ ഹൃദയംഗമമായ അനുമോദനങ്ങളും ആശിസ്സുകളും അനുഗ്രഹങ്ങളും എല്ലാവർക്കും നൽകുന്നു.

✠ തോമസ് തറയിൽ
കോട്ടയം രൂപതയുടെ മെത്രാൻ



ഈ മംഗളാവസരത്തിൽ, സത്യദീപം ഭാരവാഹികൾക്കും പത്രവുമായി ബന്ധപ്പെട്ട മററെല്ലാവർക്കും എന്റെ അനുമോദനസന്ദേശം അയച്ചുകൊണ്ടു് ഭാഗഭാക്കാകുവാൻ ഞാനാഗ്രഹിക്കുന്നു. ബഹുജനങ്ങൾക്കു ലഭിക്കാവുന്ന വലിയൊരനുഗ്രഹമാണു ഉത്തമവും ഗുണകരവുമായ സാഹിത്യപ്രചരണം വഴി നന്മചെയ്യണം എന്ന ഏകലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഒരു പത്രം. കഴിഞ്ഞ 24വർഷക്കാലം അതായിരുന്നു സത്യദീപത്തിന്റെ ലക്ഷ്യം. കേരളീയരുടെ മതപരമായ വിദ്യാഭ്യാസത്തിനും ഉദ്ധാരണത്തിനുമായി ഇതു എത്രമാത്രം സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നു ദൈവത്തിനുമാത്രമേ അറിയാവൂ. ഭാവിയിലും സത്യദീപം മുദ്രാലയരംഗത്തുണ്ടായിരുന്ന അതിന്റെ പ്രേഷിതവൃത്തി വർദ്ധമാനമായ വിജയസിദ്ധിയോടുകൂടി നിർവ്വഹിക്കുന്നതിനായി ഞാൻ പ്രാർത്ഥിക്കുന്നു. അതിനെ പ്രസിദ്ധീകരിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും പങ്കുവഹിക്കുന്ന സകലരേയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

✠ അംബ്രോസ് അബഡോളോ ഒ. സി. ഡി.
(പരിഭാഷ)
വിജയപുരം മെത്രാൻ



രാഷ്ട്രീയമായും മതപരമായും ഭാരതത്തിനു വളരെ പ്രാധാന്യമുള്ള ഒരു ദിവസമാണു ആഗസ്റ്റ് പതിനഞ്ച്. ആ ദിവസത്തോടു പ്രത്യേകവിധത്തിൽ ബന്ധപ്പെട്ടിരിക്കയാണല്ലൊ കേരളത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള "സത്യദീപം". വളരെക്കാലമായി അതു കത്തോലിക്കാ കേരളത്തിനു ചെയ്തുകൊണ്ടിരിക്കുന്ന സേവനം അത്രയല്ല മറക്കത്തക്കതല്ല. അതിലെ പത്രാധിപക്കുറിപ്പുകൾ, വിമർശനവീഥി, കഥാപംക്തി, ബാലരംഗം, വിനോദസരണി ഇവയെല്ലാം വായനക്കാർക്കു ആസ്വാദ്യവും പ്രയോജനകരവുമായ രീതിയിൽ എന്നും കാണപ്പെടുന്നുണ്ടു. ഇത്ര ഭംഗിയായി ഈ പത്രം പ്രസിദ്ധനം ചെയ്യുന്ന അതിന്റെ വന്ദ്യ പത്രാധിപന്മാർക്കും, കത്തോലിക്കാ തത്വങ്ങൾക്കുവേണ്ടി തൂലികാസമരം ചെയ്തുകൊണ്ടിരിക്കുന്ന അതിലെ ലേഖകന്മാർക്കും അതു വായിക്കുന്ന എല്ലാവർക്കും ആശിസ്സുകൾ നൽകുന്നതോടൊപ്പം സകല കത്തോലിക്കാ കുടുംബങ്ങൾക്കും ഇതൊരു കെടാദീപമായിത്തീരട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

✠ മാത്യു കാവുകാട്ട്
ചങ്ങനാശ്ശേരി മെത്രാൻ



അഭിമാനത്തോടും ആനന്ദത്തോടുംകൂടെ സത്യദീപത്തെ ഞാൻ സ്മരിക്കുന്നു. ഇക്കഴിഞ്ഞ രണ്ടു വ്യാഴവട്ടക്കാലം നമ്മുടെ സഭയ്ക്കും സമുദായത്തിനും അതു ചെയ്തുകൊണ്ടിരുന്ന സേവനം അന്യാദൃശമായിരുന്നു. ഹൃദ്യമായ രീതിയിൽ മതതത്വങ്ങളെ പ്രതിപാദനംചെയ്യുവാൻ സത്യദീപത്തിനുള്ള കഴിവ് ഒന്നു വേറേതന്നെയാണു. ഇതിനകം അതു അനേകരുടെ ഹൃദയങ്ങളിൽ സത്യദീപം കൊളുത്തിയിരിക്കണം; അനേകർക്കു മാർഗ്ഗദർശനം നൽകിയിരിക്കണം; അനേകം കുടുംബങ്ങളെ ഭക്തിയുടെ പ്രഭാപ്രളയത്തിൽ മുക്കിയിരിക്കണം—എന്നാണു ഞാൻ ചിന്തിക്കുക. സത്യവും സാന്ത്വനവും പ്രസരിപ്പിച്ചുകൊണ്ടു ഈ ദീപം നീണാൾ വിരാജിക്കട്ടെ.

സത്യദീപത്തേയും പത്രാധിപസമിതിയേയും വായനക്കാരേയും കാരുണ്യവാനായ ഈശോയുടെ നാമത്തിൽ നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

✠ സെബാസ്റ്റ്യൻ വയലിൽ
പാലാ മെത്രാൻ

## സമത്വത്തിന്റെ നാട്ടിൽ
## നടന്ന ഒരു വിവാഹാഘോഷം

സ്റ്റാലിന്റെ ഏകപുത്രി 27 വയസ്സുള്ള സെററ്ലാനായുടെ രണ്ടാംവിവാഹം ഈയിടെ ആഘോഷിക്കുകയുണ്ടായി. വിവാഹാനന്തരം സെററ്ലാനാ വരനുമൊരുമിച്ചു പൂർവ്വയൂറോപ്പിൽ സഞ്ചരിച്ചു മധുവിധു ആസ്വദിക്കുകയാണു്. വിവാഹാഘോഷത്തേയും അതിന്റെ പ്രൗഢികളെയുംപററി ചില വാർത്തകൾ ചോർന്നു പുറത്തുവന്നിട്ടുണ്ടു്. ഇരുമ്പുയവനികയ്ക്കുള്ളിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന പത്രറിപ്പോർട്ടുകളെ ഇതിൽ വിശ്വസനീയമായി എടുക്കാം. ആ റിപ്പോർട്ടുകൾ സമ്മതിക്കുന്നുണ്ടു് സാർ ചക്രവർത്തിമാരുടെ കാലത്തുപോലും ഇത്ര ആഘോഷപൂർവ്വമായ ഒരു ചടങ്ങു് റഷ്യയിൽ നടന്നിട്ടില്ലെന്നു്. കല്യാണാഘോഷസദ്യതന്നെ രണ്ടാഴ്ചത്തേക്കു പൊടിപൂരമായി നടത്തപ്പെട്ടു. ഒരു ലക്ഷം പവൻ സദ്യവട്ടങ്ങൾക്കായിത്തന്നെ ചെലവായി. വിലയേറിയ മുത്തുകളും കല്ലുകളും തൈച്ചു പിടിപ്പിച്ചലംകരിച്ച കല്യാണവസ്ത്രവും ലക്ഷം പവൻ വിലപിടിക്കുന്നതായിരുന്നു. യൂറോപ്പിൽ ഇത്ര ആഘോഷാഡംബരപൂർവ്വമായ ഒരു വിവാഹം നടന്നിട്ടില്ലെന്നും അടുത്തകാലത്തു നടന്ന പേർഷ്യയിലെ ഷായുടേയും ഫറോക്കുരാജാവിന്റേയും വിവാഹാഘോഷങ്ങൾപോലും ഇതിനോടു കിടപിടിക്കുമായിരുന്നില്ലെന്നുമാണു് റഷ്യക്കാർതന്നെ അഭിമാനപൂർവ്വം അവകാശപ്പെടുന്നതു.

—

## പുതിയ
## നാഗ്പൂർ മെത്രാൻ

കാലംചെയ്ത ബിഷപ്പു ഗായാറു തിരുമനസ്സിലെ സ്ഥാനത്തു റൈററ് റവ. മോൺ. യൂജിൻ ഡിസൂസായെ നാഗ്പ്പൂരിലെ പുതിയ മെത്രാനായി തെരഞ്ഞെടുത്തിരിക്കുന്നു. മോൺ. യൂജിൻ ഡിസൂസാ നാഗ്പ്പൂർ രൂപതയിലെ ആദ്യത്തെ നാട്ടുമെത്രാനാണു്. അദ്ദേഹം മെത്രാസനകേന്ദ്രമായ നാഗ്പ്പൂർ നഗരത്തിൽ ജനിച്ചുവളർന്നു സെൻറു ഫ്രാൻസിസ് സാലെസ് മിഷനറിസംഘത്തിൽ അംഗമായി സേവനം അനുഷ്ഠിച്ചിരുന്നു.


## The Irish Christian Brothers

സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരും മേൽപ്പറഞ്ഞ സഭയിൽചേർന്നു് പുണ്യപരിപൂർണ്ണത പ്രാപിക്കുന്നതിനും കത്തോലിക്കാ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി സ്വജീവിതത്തെ സമർപ്പിക്കുന്നതിനും ആഗ്രഹിക്കുന്നവരുമായ യുവജനങ്ങൾ വിശദവിവരങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

The Rev. Bro Superior,
Irish Christian Brothers, Quilon.


## ഫാത്തിമാകോളെജ്

കൊല്ലം ഫാത്തിമാമാതാ നാഷനൽ കോളെജിന്റെ അനൗദ്യോഗികോൽഘാടനവും ജൂനിയർ ഇന്റർമീഡിയററ് ക്ലാസാരംഭവും ആഗസ്റ്റ് 7-ാംനു നടന്നിരിക്കുന്നു. കോളെജ് പ്രിൻസിപ്പാൾ റവ. ഫാ. ജോസഫ് കരിത്തടവും വൈസ് പ്രിൻസിപ്പാൾ റവ. ഫാ. ഗ്രേഷ്യൻ ഫെർണാണ്ടസുമാണു്. കോളെജിന്റെ ഔദ്യോഗികോൽഘാടനം അടുത്തുതന്നെ പേപ്പൽ ഇന്റർനൺഷ്യോ തിരുമേനി നിർവ്വഹിക്കുന്നതായിരിക്കും.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# സർവ്വാധിപത്യരാഷ്ട്രവും വിദ്യാഭ്യാസ പ്രശ്നങ്ങളും—അനന്തരകരണീയമെന്തു്?

(പ്രഫസർ ജോസഫ് പെട്ട എം. എ.)

രാഷ്ട്രത്തിന്റെ അനധികൃതവും അന്യായവും ആക്രമാനവുമായ കൈയേറമാണ് ഇന്നത്തെ അതിപ്രധാനമായ ഒരു സാമൂഹ്യപ്രശ്നമെന്നു മുന്നൊരു ലേഖനത്തിൽ നാം കണ്ടുകഴിഞ്ഞു. വിദ്യാഭ്യാസരംഗത്തിലാണ് ഈ കൈയേറ സർവ്വോപരി ആപൽക്കരവും അനിഷ്ടഫലദായകവുമായി ഭവിക്കുന്നതെന്നും നാം മനസ്സിലാക്കി. മതമല്ല, ബഹുജനവിദ്യാഭ്യാസം ഗവമ്മെന്റിന്റെ കുത്തകപരമായ നേരിട്ടുനടത്തിപ്പിലോ അനാവശ്യവും അപരിമിതവുമായ നിയന്ത്രണത്തിലോ ചെന്നുകുടുങ്ങിയാൽ, പിന്നെ ആ രാജ്യത്തു സ്വതന്ത്രമായ പൊതുജനാഭിപ്രായമാകട്ടെ തജ്ജന്യമായ പ്രജായത്തഭരണമാകട്ടെ ഉളവാകട്ടെ വളർച്ച പ്രാപിക്കുന്നതല്ലെന്നു അനുഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. സ്വതന്ത്രവും പ്രബുദ്ധവുമായ പൊതുജനാഭിപ്രായത്തെ ആശ്രയിച്ചും അനുസരിച്ചും നടത്തപ്പെടുന്ന ഒരു ഭരണക്രമമാണല്ലോ ജനാധിപത്യം അഥവാ ഡെമോക്രസി. അങ്ങനെയെങ്കിൽ, വിദ്യാലയങ്ങൾ, അഭ്യസനവിഷയങ്ങൾ, പാഠപുസ്തകങ്ങൾ, അദ്ധ്യാപകവൃന്ദം, പത്രമാസികകൾ, ഗ്രന്ഥാലയങ്ങൾ, വായനശാലകൾ എന്നിങ്ങനെ ആശയവിനിമയത്തിനും ആശപ്രചാരധനത്തിനും അഭിപ്രായരൂപവൽക്കരണത്തിനുമുള്ള പ്രവർത്തകങ്ങൾ ഉപകരണങ്ങളെല്ലാം ഗവമ്മെന്റിന്റെ അധീനപ്പെട്ടുപോകുന്ന ദിക്കിൽ പൊതുജനാഭിപ്രായമെന്നും ജനകീയഭരണമെന്നും മററുമുള്ള പദങ്ങൾക്ക് എന്തു അർത്ഥമാണുള്ളത്? വോട്ടുസമരം ഭരണാധികാരികൾ; അധികാരം പ്രയോഗിച്ച് ഇച്ഛാനുസാരം അഭിപ്രായം സൃഷ്ടിക്കുക; എന്നിട്ടു ജനകീയഭരണത്തിന്റെ പേരിൽ ആത്മാർത്ഥതയില്ലാതെ അഭിമാനംകൊള്ളുക—ഇതാണു ഇന്നു പല ഗവമ്മെന്റുകളും അനുവർത്തിച്ചുവരുന്ന ദുർന്നയം.



കൃഷി, കച്ചവടം, കൈത്തൊഴിൽ, ഗതാഗതം, വിദ്യാഭ്യാസം ആദിയായി, മനുഷ്യന്റെ വ്യക്തിപരവും സാമൂഹ്യവുമായ സർവ്വസംരംഭങ്ങളേയും ഒന്നടങ്കം കൈയടക്കി ദേശീയവൽക്കരിച്ചു രാഷ്ട്രത്തിന്റെ കുത്തകയാക്കുന്നതിനാണു് ഈ ഗവമ്മെന്റുകൾ മോഹിക്കുന്നതു്. "ക്ഷേമരാഷ്ട്രം" (Welfare State) എന്ന ശ്രവണസുന്ദരവും മദനമോഹനവുമായ മഹനീയാഭിധാനമാണു് അവ സ്വയം കല്പിച്ചു സ്വീകരിച്ചിരിക്കുന്നതും. ഈ ഭരണകൂടങ്ങൾ പൊതുജനാരോഗ്യം, സാധുസംരക്ഷണം, ആതുരശുശ്രൂഷ, ശിശുപരിപാലനം, വിദ്യാവിതരണം ഇത്യാദി രംഗങ്ങളിൽ ചില സൗജന്യസേവനങ്ങളെല്ലാം നടത്തിവരുന്നുണ്ടു്, ശരിതന്നെ. പക്ഷെ ഗവമ്മെന്റിൽനിന്നു പുറപ്പെടുന്ന ഓരോ സൗജന്യദാനത്തിലും പ്രകടിതമാകുന്ന അധികാരപ്രയോഗവും അധീശമനോഭാവവും ജനങ്ങളുടെ നൈസർഗ്ഗികമായ സ്വാതന്ത്ര്യത്തേയും സ്വാശ്രയബുദ്ധിയേയും ആത്മാഭിമാനത്തേയും അനുക്രമം ശിഥിലീകരിച്ചു്, അവരെ കാലാന്തരത്തിൽ രാഷ്ട്രത്തിന്റെ അടിമകളും ആരാധകരുമാക്കിത്തീർക്കുന്നു. "വ്യക്തികൾ രാഷ്ട്രത്തിനുവേണ്ടി," എന്ന അബദ്ധജടിലമായ ഭൗതികസിദ്ധാന്തമാണു് അവയുടെ മുദ്രാവാക്യം. അനശ്വരവും അമൂർത്തവുമായ മനുഷ്യാത്മാവിന്റെ വ്യക്തിവിലാസത്തെ അവ അശേഷം അവഗണിച്ചുകളയുന്നു. രാഷ്ട്രമാണു് ഖിലസാരമൂഴിയിൽ; അതിനുമേലെ അധികാരിയില്ല, നിയമമില്ല; രാഷ്ട്രമാണു പരമമായ അന്ത്യം; അതിന്റെ ശക്തിപ്രതാപങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള ഉപാധികൾമാത്രമാണു വ്യക്തികളും കുടുംബങ്ങളും മററു സ്ഥാപനസംഘടനകളുമെല്ലാം—ഇങ്ങനെ പോകുന്നു ഇന്നത്തെ "പുരോഗമന"ഗവമ്മെന്റുകളുടെ ആശയഗതി. ചുരുക്കിപ്പറഞ്ഞാൽ, ഈ ഭരണകൂടങ്ങൾ പാറിപ്പറപ്പിക്കുന്ന "ക്ഷേമരാഷ്ട്രക്കൊടി" ലോകരെ വ്യാമോഹിപ്പിച്ചു വഞ്ചിച്ചു വശത്താക്കുന്നതിനുള്ള ഒരു വ്യാജപ്പതാകയാണു്. അവയുടെ പ്രവർത്തനപരിപാടികൾ സൂക്ഷിച്ചുവീക്ഷിക്കുന്നവർക്കു് അവയുടെ യഥാർത്ഥലക്ഷ്യം ജനക്ഷേമവിധ്വംസകമായ സർവ്വാധിപത്യവും വിപ്ലവചൈതന്യം തുളുമ്പുന്ന വർഗ്ഗീയമേധാവിത്വവുമാണെന്നു മനസ്സിലാക്കുന്നതിനു പ്രയാസമില്ല. അതുകൊണ്ടുതന്നെയാണല്ലോ ലോകൈകധാർമ്മികോപദേഷ്ടാവായ പരിശുദ്ധ പിതാവു പീയൂസ് പന്ത്രണ്ടാമൻ "ക്ഷേമരാഷ്ട്രപരിപാടികൾ"ക്കെതിരായി തന്റെ പൈതൃകസ്വരം ഉയർത്തിയിട്ടുള്ളതും. അത്തരം രാഷ്ട്രങ്ങളുടെ അനിയന്ത്രിതവും അതിരററതുമായ ആക്രമണത്തിൽനിന്നു വ്യക്തികളുടെയും കുടുംബങ്ങളുടെയും മററു സാമൂഹ്യസംഘടനകളുടെയും ജന്മായത്തവും കർമ്മായത്തവുമായ അവകാശസ്വാതന്ത്ര്യങ്ങളെ രക്ഷിച്ചു സുഭദ്രമാക്കിയെങ്കിൽ മാത്രമേ ജനസാമാന്യത്തിനു യഥാർത്ഥവും ശാശ്വതവുമായ ഐശ്വര്യസമാധാനസൗഭാഗ്യങ്ങൾ കൈവരികയുള്ളു. അതിനുള്ള മാർഗ്ഗങ്ങൾ ആരായുക എന്നുള്ളതാണു് ഇന്നത്തെ അടിയന്തിരാവശ്യം. നാം പലവുരു ആവർത്തിച്ചു പ്രസ്താവിച്ചിട്ടുള്ളപോലെ, വിദ്യാഭ്യാസരംഗത്തിലാണു് ഈ ആവശ്യകത മൂർദ്ധന്യത്തിലെത്തിയിരിക്കുന്നതു്.

ഭാരതഭൂമിയിൽ കേരളക്കരയ്ക്കു പേരും പെരുമയും നേടിക്കൊടുത്തുകൊണ്ടു നാടിന്റെയും നാട്ടാരുടെയും അഭിമാനകേന്ദ്രമായി വിരാജിക്കുന്ന നമ്മുടെ വിദ്യാഭ്യാസസൗധത്തിന്റെ ഭാവിയെപ്പററി നമ്മെ ഏവരേയും ചിന്താകുലരും സന്തപ്തചിത്തരുമാക്കിത്തീർത്ത പുതിയ വിദ്യാഭ്യാസപദ്ധതിയെ, വളരെ ക്ലേശിച്ചിട്ടെങ്കിലും, യഥോചിതം എതിരിട്ടു അതിന്റെ ദൂഷ്യവശങ്ങളെ ദൂരീകരിക്കുന്നതിനു ദൈവാനുഗ്രഹത്താലും ഹിരേലാമി നാദപുന്യവതിയുടെയും അൽഫോൻസാമ്മയുടെയും പ്രത്യേകമാദ്ധ്യസ്ഥത്താലും നമുക്കു് ഏതാണ്ടു സാധിച്ചുവെന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെ. ഇക്കാര്യത്തിൽ പ്രാർത്ഥനകൾക്കു വശംവദരാകാതെ, നാടിന്റെ സ്ഥായിയായ നന്മമാത്രം ലക്ഷ്യമാക്കിക്കൊണ്ടു നാമെവരും ഒത്തൊരുമിച്ചുചെയ്ത അവിശ്രമപരിശ്രമത്തിൽ കുറെയൊക്കെ അഭിമാനംകൊള്ളാവുന്നതുമാണു്. പക്ഷേ അതുകൊണ്ടൊന്നും തൃപ്തിയടയുവാൻ നിവൃത്തിയില്ല. ഉദ്ദിഷ്ടസ്ഥാനത്തു ഇനിയും നാം എത്തിച്ചേർന്നിട്ടില്ല. അതീതകാലങ്ങളിൽ പലഘട്ടങ്ങളിലും അന്നന്നത്തെ പ്രതികൂലസാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം നമ്മുടെ വിദ്യാലയപ്രവർത്തനത്തിൽ ഗവമ്മെന്റിന്റെ അന്യായമായ പല കൈയേററങ്ങളും നാം വകവച്ചുകൊടുക്കേണ്ടതായിവന്നിട്ടുണ്ടു്. തന്നിമിത്തം നമ്മുടെ വിദ്യാലയങ്ങൾ അനേകവും ആദ്ധ്യാത്മികവിഷയത്തിൽ ഗവമ്മെന്റു സ്കൂളുകളെപ്പോലെതന്നെ വെറും ശൂന്യാവസ്ഥയിൽ മിക്കവാറും എത്തിച്ചേർന്നിരിക്കുന്നു എന്നു സവ്യസനം പ്രസ്താവിക്കാതെ ഗത്യന്തരമില്ല. നമ്മുടെ സ്കൂളുകളുടെ സ്വാതന്ത്ര്യഭദ്രതയ്ക്കുവേണ്ടി അടുത്തുനടന്ന ധർമ്മസമരത്തിൽ കത്തോലിക്കരിൽത്തന്നെ പലരും അനാസ്ഥഭാവിച്ചെങ്കിൽ, അതു കത്തോലിക്കാവിദ്യാലയങ്ങളും ഗവമ്മെന്റു വിദ്യാലയങ്ങളും തമ്മിൽ ഇന്നത്തെ നിലയ്ക്കു കാര്യമായ വ്യത്യാസമൊന്നും കാണുന്നതിനു അവർക്കു സാധിക്കാഞ്ഞതുകൊണ്ടായിരിക്കയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാവിദ്യാലയങ്ങൾ ഉണ്ടെങ്കിൽ എന്താ, ഇല്ലെങ്കിൽ എന്താ, നാമെന്തിനു അതിലേക്കു ബുദ്ധിമുട്ടുന്നു, എന്ന ചിന്താഗതിയാണു് അത്തരക്കാരിൽ കുടികൊള്ളുന്നതു്. അതു തികച്ചും തെററുതന്നെ; മാത്രമല്ല പൗരുഷരഹിതമായ ഒരു പരാജയമനോഭാവം കൂടിയാണു്. എങ്കിലും അതു നമ്മുടെ വിദ്യാലയങ്ങൾ ഇന്നു് എത്തിച്ചേർന്നിരിക്കുന്ന ദുസ്ഥിതിയെ ചൂണ്ടിക്കാണിക്കുന്നുണ്ടു്. പരിതാപകരമായ ഈ ദുരവസ്ഥയിൽനിന്നു് അവയെ ഉദ്ധരിച്ചു ചൈതന്യസമ്പൂർണ്ണമായ സാക്ഷാൽ കത്തോലിക്കവിദ്യാലയങ്ങളാക്കിത്തീർക്കുകയാണു നമ്മുടെ കർത്തവ്യം. അല്ലാതെ, അനാസ്ഥ ഭാവിച്ചു ഒഴിഞ്ഞുമാറിനില്ക്കുന്നതു ക്ഷന്തവ്യമല്ലാത്ത കൃത വിശ്വാസപാതമായിരിക്കും. മാതാപിതാക്കന്മാരും സമുദായനേതാക്കന്മാരും ജനപ്രതിനിധികളും വിദ്യാഭ്യാസപ്രവർത്തകന്മാരും ഏകോപിച്ചുംകൊണ്ടു വളരെയൊക്കെ ചെയ്യേണ്ടതായിട്ടുണ്ടു്; എന്നാൽമാത്രമേ കാര്യങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെടുകയുള്ളു. എന്നിരുന്നാലും, വിപുലവും വിവിധവശങ്ങളുള്ളതും വിദഗ്ദ്ധനിയന്ത്രണം ആവശ്യപ്പെടുന്നതും ദൂരവ്യാപകമായ ഫലങ്ങളോടുകൂടിയതുമായ ഈ വിഷയത്തിൽ ആദ്യവസാനം മുന്നണിയിൽനിന്നു പൊരുതേണ്ടതു് വിദ്യാലയത്തോടു് ഏററവും കൂടുതൽ ബന്ധപ്പെട്ടവരായ മാനേജർമാരും അദ്ധ്യാപകരുമാണെന്നുള്ളതിനു സംശയമില്ല. ആകയാൽ ഏതൽസംബന്ധമായി അവർക്കുള്ള ചുമതലകളും അധികാരാവകാശങ്ങളുമെന്തെല്ലാമാണെന്നു് ആദ്യമായി പര്യാലോചിക്കാം.



കോട്ടയ്ക്കുപുറം സെന്റ് വിൻസെന്റ് ഡി പോൾ ഫൊദാറസിനടയുടെ ആതിഥ്യത്തിൽ അതിരമ്പുഴനിന്നും ബഹു. ശുശ്രൂഷാപ്രാപ്തരായി വര. മാത്യു കാവിൽവേലി അവർകളുടെ നേതൃത്വത്തിൽ കാൽനടയായി കീടങ്ങർ പാഠശാല പള്ളികൾ സന്ദർശിച്ചശേഷം ഭരണങ്ങാനത്തു് സിസ്റ്റർ അൽഫോൻസായെ സംസ്കരിച്ചിട്ടുള്ള ചാപ്പലിൽ എത്തിച്ചേർന്ന തീർത്ഥകസംഘം.

## അദ്ധ്യാപകവൃത്തിയുടെ മാഹാത്മ്യം

സ്ഥാനമാഹാത്മ്യം ചുമതലാഭാരത്തെ കൂറിക്കുന്നു. Noblesse oblige—എന്നുണ്ടല്ലോ. കത്തോലിക്കാ മാനേജർമാരും അദ്ധ്യാപകന്മാരുമാകട്ടെ, അതിപ്രധാനവും അത്യുൽകൃഷ്ടവുമായ ഒരു സാമൂഹ്യസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന സഹപ്രവർത്തകന്മാരാണു്. സമുദായത്തിന്റെയും രാജ്യത്തിന്റെയും ആശാവല്ലികളായ ഭാവിപൗരന്മാരെ യഥാവിധി രൂപവൽക്കരിക്കുക എന്നുള്ളതാണു് ആ മഹാസേവനം. തങ്ങളുടെ ഓമനസന്താനങ്ങളുടെ സർവ്വതോമുഖമായ പരിപോഷണം പ്രഥമത: മാതാപിതാക്കന്മാരുടെ കടമയും ആ ന്യായത്താൽതന്നെ അവരുടെ അപ്രതിരോദ്ധ്യമായ അവകാശവുമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. എന്നാൽ ബുദ്ധിയുടേയും മനസ്സിന്റേയും വളർച്ചയ്ക്കു് ആവശ്യമായ വിദഗ്ദ്ധപരിശീലനത്തെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ ചുമതല സമ്യക്കായി നിർവ്വഹിക്കപ്പെടുന്നതിനുവേണ്ടി അതു മാനേജർമാരും അദ്ധ്യാപകന്മാരുംകൂടി ഏറെറടുത്തു നടത്തുകയാണു ചെയ്തുവരുന്നതു്. ആകയാൽ അവർ ഈ വിഷയത്തിൽ മാതാപിതാക്കന്മാരുടെ പ്രതിപുരുഷന്മാരാണു്. എത്രമാത്രം മഹനീയമാണോ അത്രതന്നെ ഉത്തരവാദപ്പെട്ടതും കൂടിയാണു് ആ പ്രാതിനിധ്യപദവി എന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ല. ഭക്ഷണം, വസ്ത്രാലങ്കാരങ്ങൾ ആദിയായ ശാരീരികാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിനെക്കാൾ പതിന്മടങ്ങു പ്രാധാന്യമേറിയതാണല്ലോ ആദ്ധ്യാത്മികഭക്ഷ്യപാനീയങ്ങൾ, അതായതു, ആത്മജ്ഞാനവും അതു വികസിച്ചുവളരുന്നതിനുള്ള അന്തരീക്ഷവും, പ്രദാനംചെയ്യുന്നതു്. അതുകൊണ്ടായിരിക്കണം പൗരാണികകാലങ്ങളിൽ ആത്മപാലകരായ ഗുരുജനങ്ങളോടു്, ഭൂമിപാലകരോടെന്നതിനെക്കാൾ കൂടുതലായ സ്നേഹബഹുമാനഭയഭക്ത്യാദരങ്ങൾ പ്രദർശിപ്പിച്ചുവന്നിരുന്നതും. "ഗുരുനാഥൻ അരുൾചെയ്താൽ എതിരുവാക്കു പറകൊല്ല"—എന്നാണല്ലോ മഹദ്വാക്യം. അടുത്തകാലത്തു ഈ നില കുറെയേറെ വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിലും, സനാതനങ്ങളും അനശ്വരങ്ങളുമായ ജീവിതമൂല്യങ്ങളെ വിലമതിക്കുന്ന ഏതൊരുവനും ഇന്നും അദ്ധ്യാപകനെ അഭിനന്ദിക്കാതന്നെ ചെയ്യും, സംശയമില്ല.

മാനേജർമാരുടേയും അദ്ധ്യാപകരുടേയും നില പൊതുവിൽ ഇത്രമാത്രം ഉന്നതവും ഉൽകൃഷ്ടവുമാണെങ്കിൽ, കത്തോലിക്കാ മാനേജർമാരുടേയും അദ്ധ്യാപകരുടേയും നിലയാകട്ടെ അതിനെക്കാൾ വളരെയധികം ശ്രേഷ്ഠമാണെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണു്. ഇവരുടെ പ്രഥമവും പ്രധാനവുമായ ചുമതല, കത്തോലിക്കാ ബാലികാബാലന്മാർക്കു തങ്ങളുടെ പ്രകൃത്യതീതവും ലോകോത്തരവുമായ മഹോന്നതസ്ഥാനത്തിനു്—അതെ, മിശിഹായുടെ പരിത്രാണയജ്ഞംവഴി അവിടുത്തെ സഹോദരങ്ങളും ദൈവരാജ്യപൗരന്മാരുമായി ഉയർത്തപ്പെട്ടിരിക്കുന്ന ആ പിഞ്ചുപൈതങ്ങളുടെ ഇഹപരഭാഗധേയങ്ങൾക്കു്—അനുയോജ്യമായ ഒരു യഥാർത്ഥ കത്തോലിക്കാ സംസ്കരണം നേടിക്കൊടുക്കുക, എന്നുള്ളതാണു്. അതോടൊപ്പംതന്നെ, ജാതിമതഭേദപരിഗണനകൂടാതെ, തങ്ങളുടെ ശിക്ഷണത്തിനു ഏല്പിക്കപ്പെടുന്ന വിദ്യാർത്ഥികൾ ഏവരുടേയും സംസ്കാരത്തേയും സന്മാർഗ്ഗബോധത്തേയും ഉത്തേജിപ്പിച്ചു് അവരെ സദ്‌വൃത്തന്മാരും രാഷ്ട്രത്തിലെ ഉത്തമപൗരന്മാരും ആക്കിത്തീർക്കുന്നതിനുള്ള ചുമതലയും അവർക്കുണ്ടായിരിക്കുന്നു. സുബദ്ധങ്ങളായ ധാർമ്മികപ്രബോധനങ്ങൾ, ഉൽകൃഷ്ടങ്ങളായ ആദർശങ്ങൾ ഉൾക്കൊള്ളുന്ന കർമ്മപരിപാടികൾ, മനുഷ്യമനസ്സിനെ അധമവികാരങ്ങളിൽനിന്നും അശ്ലീലചിന്തകളിൽനിന്നും മോചിച്ചു് ആദ്ധ്യാത്മികതയുടെ അത്യുന്നതതലങ്ങളിലേക്കു് ഉയർത്തുന്ന ധീരവീരങ്ങളായ ജീവിതദൃഷ്ടാന്തങ്ങൾ, എന്നിവയാണു അതിലേക്കു സ്വീകരിക്കാവുന്ന പ്രധാനമാർഗ്ഗങ്ങൾ. അതിപുരാതനമായ ഭാരതീയസംസ്കാരത്തിന്മേൽ സ്വർഗ്ഗീയസുന്ദരമായ സുവിശേഷവെളിച്ചംവീശി, അതിനെ പ്രകാശമാനവും പാരത്രികമുക്തിക്കു പര്യാപ്തവുമാക്കിത്തീർക്കുക, എന്നത്രെ പരിശുദ്ധപിതാവു പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു നമ്മെ ഉൽബോധിപ്പിച്ചിട്ടുള്ളതു്. അതത്രേ ഭാരതകത്തോലിക്കരുടെ അതിമഹത്തായ ദൗ

(ശേഷം 14-ാം പേജിൽ)

# * പാവങ്ങൾക്കുവേണ്ടി

"സ്നേഹം നിറഞ്ഞ കൊച്ചു വാക്കുകൾ, സ്നേഹംനിറഞ്ഞ മുഖഭാവങ്ങൾ, സ്നേഹം നിറഞ്ഞ ചില്ലറ സേവനങ്ങൾ ഇവയൊക്കെയാണു് അന്യഥാ ദുഃഖഭൂയിഷ്ഠമായ ഈ ലോകത്തെ ഒരു പറുദീസായാക്കിത്തീർക്കുന്നതു്."

(കെ. സി. ചാക്കൊ, എം. എ., ബി. ഇ. എ. എം. ഐ. ഇ.)

നമ്മുടെ ദിവ്യരക്ഷകൻ രോഗികളെ സുഖപ്പെടുത്തുന്നതും ദുഃഖിതരെ ആശ്വസിപ്പിക്കുന്നതും ആയ രംഗങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു് പ്രത്യേകം ചില വസ്തുതകൾ നമ്മെ അനുസ്മരിപ്പിക്കത്തക്കവിധത്തിലാകുന്നു. ഊമനും ചെകിടനും ആയ ഒരുവനെ സ്വസ്ഥനാക്കുവാൻ അവിടുന്നു അയാളുടെ ചെവിയിൽ വിരലുകൾ ഇടുകയും, തുപ്പൽകൊണ്ടു് നാവിൽ തൊടുകയുംചെയ്തു. കുരുടനായ ഒരുവനു കാഴ്ച നൽകുവാനായി മണ്ണു് കുഴച്ചു് അയാളുടെ കണ്ണിൽപുരട്ടി. ജയിറസിന്റെ പുത്രിയെ പുനരുജ്ജീവിപ്പിക്കുവാനായി ക്രിസ്തുനാഥൻ അയാളുടെ വീട്ടിൽചെന്നു കരയുന്നവരെ ആശ്വസിപ്പിച്ചു് അകററി നിറുത്തി, കുട്ടിയുടെ നിർജ്ജീവമായ കരത്തിൽ പിടിക്കുകയുണ്ടായി.



ലാസറസിന്റെ ശവകുടീരത്തുങ്കൽ വന്നു് ദുഃഖാർത്തനായി വിലപിച്ചുകൊണ്ടു്, ശവക്കല്ലറയുടെ മുഖക്കല്ലു് മററുള്ളവരെക്കൊണ്ടു് എടുത്തു കളയിപ്പിച്ചശേഷമാണു് പുറത്തുവരുവാൻ ലാസറിനോടു് ആജ്ഞാപിച്ചതു്. തളർവാതരോഗിയെ വീടിന്റെ മേൽപ്പുരവഴി തന്റെ മുമ്പിൽ കൊണ്ടുവന്നശേഷംമാത്രമേ അവിടുന്നു അയാളെ സുഖപ്പെടുത്തുന്നുള്ളു. സക്കേവൂസിനെ മരത്തിൽനിന്നും വിളിച്ചു് ഇറക്കി അയാളുടെ ഭവനത്തിലേക്കു് അയാളെ അനുഗമിച്ചു് അയാളുടെ ആതിഥ്യം സ്വീകരിച്ചുകൊണ്ടാണു് "ഇന്നു് ഈ ഭവനത്തിനു് രക്ഷ കൈവന്നിരിക്കുന്നു" എന്നു ആശംസിച്ചതു്. ശതാധിപന്റെ പുത്രനെ സുഖപ്പെടുത്തുവാൻ അയാളുടെ ഭവനത്തിലേക്കു് ചെല്ലുവാൻ അവിടുന്നു തയാറാകുന്നതു കണ്ടുകൊണ്ടായിരിക്കയില്ലേ "കർത്താവേ, അങ്ങു് എന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല" എന്നു് ആ സൈനികോദ്യോഗസ്ഥൻ ഏററുപറഞ്ഞതു്? എനിക്കു് ഈ പുരുഷാരത്തിന്റെമേൽ കരുണതോന്നുന്നു എന്നു പറഞ്ഞ ദിവ്യരക്ഷകൻ ഉടനെ അടുത്തു് എന്തുണ്ടു് എന്നന്വേഷിക്കുകയും, ഒരു ബാലന്റെ കൈവശമുണ്ടായിരുന്ന ഭക്ഷണപദാർത്ഥങ്ങളെ സ്വീകരിച്ചു്, അനുഗ്രഹിച്ചു്, വർദ്ധിപ്പിച്ചു് അവർക്കു് കൊടുക്കുകയുമാണു് ചെയ്തതു്.

ഇതിൽനിന്നെല്ലാം ഒരു കാര്യമാണു് ഞാൻ പ്രത്യേകം മനസ്സിലാക്കിയിട്ടുള്ളതു്. വേണമെങ്കിൽ പലസ്തിനായിൽ മാത്രമല്ല ലോകം മുഴുവനിലുമുള്ള പീഡിതരേയും, രോഗികളേയും സ്വസ്ഥരാക്കുവാനുള്ള കഴിവു് ദിവ്യരക്ഷകനുണ്ടായിരുന്നു. ഏതെങ്കിലുംവിധത്തിലുള്ള ബാഹ്യപ്രവർത്തനങ്ങൾ അതിനു് ആവശ്യവുമായിരുന്നില്ല. "സുഖമാകട്ടെ" എന്നു് അവിടുന്നു തിരുമനസ്സായാൽ മാത്രംമതിയായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ ഓരോരുത്തരോടും വ്യക്തിപരമായ വിധത്തിൽ പ്രത്യേകം താല്പര്യത്തോടും സ്നേഹത്തോടുംകൂടി അവരെ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ഒരു മാതൃകയാണു് അവിടുന്നു നമുക്കു കാണിച്ചുതന്നതു്. അവശതയും ദാരിദ്ര്യവും ദുഃഖവും അനുഭവിക്കുന്ന മനുഷ്യവംശം എന്ന വർഗ്ഗത്തെ ശുശ്രൂഷിക്കുവാനല്ല അവിടുന്നു സന്നദ്ധനായതു്, തന്റെ സ്വന്തം ഛായയിൽ നിർമ്മിതവും അമൂല്യവുമായ ഒരു ആത്മാവുള്ള മനുഷ്യവ്യക്തി എന്ന നിലയിൽ ഓരോരുത്തരെ പ്രത്യേകം സ്നേഹിക്കുവാനാണു് താൻ ഒരുമ്പെട്ടതു്. പരസ്നേഹപ്രവർത്തനങ്ങൾക്കു് സന്നദ്ധരാകുന്ന നമുക്കു് ഈ പാഠം പ്രത്യേകം അർത്ഥവത്തും മാർഗ്ഗദർശകവും ആകുന്നു.

വിൻസെൻറു് ഡി പോൾ സംഘാംഗങ്ങൾ സാധുക്കളെശുശ്രൂഷിക്കുവാൻനിയുക്തരാണു്. ഉള്ളവരിൽനിന്നു പണമായും വസ്ത്രമായും സാധനങ്ങളായും സഹായം ശേഖരിച്ചു് ഇല്ലാത്തവരെ അന്വേഷിച്ചു് കണ്ടുപിടിച്ചു് അവർക്കു് അതു നല്കുകയാണു് അവരുടെ പ്രധാനപ്രവർത്തനം. സഹായധനം നല്കുന്നവരും അതു് ഏറെറടുത്തു് വിതരണംചെയ്യുന്നവരും ഒന്നുപോലെ സഹകരിച്ചു പ്രവർത്തിച്ചെങ്കിൽമാത്രമേ ഈ സേവനം ഫലപ്രദമാകയുള്ളു. അവനവന്റെ ധാരാളതയിൽനിന്നും സമൃദ്ധിയിൽനിന്നും എന്തെങ്കിലും ദാനംചെയ്തു തൃപ്തിപ്പെടുന്നവർ നമ്മുടെ ദിവ്യരക്ഷകന്റെ മാതൃകയുടെ അർത്ഥം ഗ്രഹിച്ചിട്ടുണ്ടോ എന്നു് സംശയമാണു്. രോഗികളേയും ആവശ്യത്തിലിരിക്കുന്നവരേയും അന്വേഷിച്ചു കണ്ടുപിടിച്ചു് അവരെ ശുശ്രൂഷിക്കാൻ കഴിവില്ലാത്തവർ സഹായം നല്കുക മാത്രം ചെയ്താലും അതു സമ്മാനാർഹവും ഉചിതവും ആയിരിക്കാം. എന്നാൽ കഴിവുള്ളവരെല്ലാം സ്വന്തനിലയിൽ ആ സഹായം അർഹിക്കുന്നവർക്കു് എത്തിച്ചുകൊടുക്കുവാൻകൂടി പരിശ്രമിക്കണം. എങ്കിൽമാത്രമേ ജീവകാരുണ്യപരമായ നമ്മുടെ ചുമതല നാം നിർവ്വഹിക്കുകയുള്ളു. സംഘടിതമായ ഒരു പ്രവർത്തനപദ്ധതിക്കു സാധാരണ സംഭവിക്കാവുന്ന ഒരു പരാജയം അതിലുണ്ടാകാവുന്ന ഹൃദയശൂന്യതയാണു്. ഒരു വിൻസൻറു് ഡി പോൾ സംഘത്തിലെ സജീവപ്രവർത്തകാംഗങ്ങൾ ശരിയായ ഒരു ആത്മശോധന നടത്തുന്നപക്ഷം, ആ സംഘത്തിൽനിന്നും സ്ഥിരമായി സഹായം ലഭിക്കുന്നവരെ അവർ ഒരുതരം ആശ്രിതരായി കരുതുന്നതായി ബോദ്ധ്യപ്പെടുകയില്ലേ? നമ്മുടെ മഹാമനസ്കതയിലും ഔദാര്യബുദ്ധിയിലും നിന്നും സംരക്ഷിക്കപ്പെടുന്ന ഒരുകൂട്ടം അഗതികൾ! നിശ്ചയമായും അവർ അങ്ങനെ ആയിരുന്നുകൂടാ. ഈശോ ലാസറസിനേയും സഹോദരിമാരേയും സ്നേഹിച്ചു. അവരുടെ ദുഃഖത്തിനു ശമനംവരുത്തുവാൻ അവിടുന്നുതന്നെ അവരുടെ ഭവനത്തിൽ ആഗതനായി. അതുപോലെ നമ്മുടെ "പാവങ്ങളെ" നാമും നമ്മുടെ സഹോദരങ്ങളെപ്പോലെ സ്നേഹിക്കണം. അവരുടെ കഷ്ടപ്പാടുകളെ അടുത്തറിഞ്ഞു്, കഴിയുന്നവിധത്തിലെല്ലാം പങ്കിട്ടെടുത്തു് അവരെ ആശ്വസിപ്പിക്കണം. ഒരു സാധുകുടുംബത്തിലേക്കു് രണ്ടു സഹോദരന്മാരുടെ ശുപാർശയനുസരിച്ചു് ഒരാഴ്ചത്തെ "റേഷൻ" കൊടുത്തുകഴിഞ്ഞാൽ ആ ആഴ്ചത്തേക്കു നമ്മുടെ ചുമതല അവസാനിച്ചു എന്ന മട്ടിലാണു് പല സംഘങ്ങളും പ്രവർത്തിക്കുന്നതു്.

യശശ്ശരീരനായ ഫ്രഡറിക്കു് ഓസാനാം സാധുക്കൾക്കുവേണ്ടി ഈ സംഘടന സ്ഥാപിച്ചതു്, യഥാർത്ഥമായ പരസ്നേഹപ്രകടനത്തിനു് യുവാക്കന്മാർക്കു് പ്രായോഗികപരിശീലനം നല്കുന്നതിനുള്ള ഉത്തമമാർഗ്ഗമായിട്ടാണു്. ഇന്നും ഫ്രാൻസിലും ഇംഗ്ലണ്ടിലും ഉള്ള സംഘടനകൾ കുറേക്കൂടി വ്യക്തിപരമായ പരിഗണന സാധുക്കൾക്കു് നല്കുന്നവിധം പ്രവർത്തിച്ചുപോരുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. ഒരു സജീവപ്രവർത്തകാംഗമെന്ന നിലയിൽ ഇംഗ്ലണ്ടിലെ പല സാധുഭവനങ്ങളും ഞാൻ സന്ദർശിച്ചിട്ടുണ്ടു്. മിക്കപ്പോഴും ഓരോ വീട്ടിലും സന്ദർശകസഹോദരന്മാരായ ഞങ്ങൾ ഒരു മണിക്കൂറു വീതമെങ്കിലും ചെലവുചെയ്യാറുണ്ടായിരുന്നു. സാധുകുടുംബങ്ങളുടെ ഓരോ വിധത്തിലുള്ള പ്രയാസങ്ങളും, അവയിൽനിന്നുള്ള മോചനമാർഗ്ഗങ്ങളും അപ്പോൾ ഞങ്ങൾ സംസാരവിഷയമാക്കും. ആ സന്ദർശനത്തെപ്പററി വിശദമായ ഒരു റിപ്പോർട്ടു് എഴുതി അടുത്ത സംഘത്തിൽ ഹാജരാക്കി, അടുത്ത നടപടികളെപ്പററി ആലോചിക്കുകയും ചെയ്യും. ഇങ്ങനെ സംഘത്തിൽനിന്നും സഹായംലഭിക്കുന്ന ഓരോ കുടുംബത്തിന്റേയും സ്ഥിതിഗതികളെപ്പററി സമഗ്രമായ ഒരു വിവരണം ഓരോ സംഘത്തിലും ഉണ്ടായിരിക്കും. നിശ്ചിതകാലഘട്ടത്തിനുള്ളിൽ സഹോദരന്മാർ വാർഡുകൾ മാറിമാറി, മിക്കവാറും എല്ലാ സഹായാർത്ഥികളേയും എല്ലാ സഹോദരന്മാരും കാണുന്നതിനും പരിചയപ്പെടുന്നതിനും താല്പര്യപ്പെടുന്നു.

ഇംഗ്ലീഷുകാരുടെ സാധാരണ ജീവിതരീതിയുമായി വലിയ പരിചയം ഇല്ലാതിരുന്ന എനിക്കു പലപ്പോഴും അവരുടെ പ്രയാസങ്ങളെ വെറും നിസ്സഹായാവസ്ഥയിൽ നോക്കിക്കാണുന്നതിനല്ലാതെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഓരോ സാധുഭവനങ്ങളിലും ഞാൻ കഴിച്ചുകൂട്ടിയിട്ടുള്ള സന്ദർഭങ്ങൾ അധികവും, അവിടെയുള്ള കൊച്ചുകുട്ടികളെ അരികത്തു വിളിച്ചു അവരോടു് ഇൻഡ്യയെപ്പററിയും മററും സംസാരിക്കുന്നതിനാണു് ഞാൻ പ്രയോജനപ്പെടുത്തിയിട്ടുള്ളതു്. പണംകൊണ്ടും മററു് ഉപകാരപ്രദമായ വസ്തുക്കളുടെ ദാനംകൊണ്ടും മാത്രമല്ല മനുഷ്യനു് മനുഷ്യനെ സഹായിക്കാവുന്നതും സന്തോഷിപ്പിക്കാവുന്നതും എന്നു് ഞാൻ അനുഭവിച്ചറിഞ്ഞ സന്ദർഭങ്ങളായിരുന്നു അവ. പതിവുപോലെ ആഴ്ചതോറുമുള്ള ഞങ്ങളുടെ സന്ദർശനങ്ങൾ അത്യന്തം കൗതുകത്തോടുകൂടിയാണു് ആ കുട്ടികൾ കാത്തിരുന്നതു്. അന്നത്തെ ആ അനുഭവത്തിന്റെ പ്രത്യാഘാതങ്ങൾ എന്നവണ്ണം ഞാൻ ഇപ്പോൾ പല പ്രസംഗപീഠങ്ങളിൽനിന്നും പല ലേഖനങ്ങൾ വഴിയായും പൊതുജനങ്ങളോടു് ചോദിക്കാറുണ്ടു്: "ഈ നാട്ടിൽ സാമാന്യം സുഖമായി കഴിഞ്ഞുപോരുന്ന നാമോരോരുത്തരുടേയും സ്നേഹവും സാന്നിദ്ധ്യവും സന്മനസ്സും പ്രതീക്ഷിക്കുന്നവരായി അനാഥശാലകൾ നിറയെ ശിശുക്കളും, ആശുപത്രി നിറയെ രോഗികളും ഇല്ലേ? അവരെ ഒന്നു സന്ദർശിക്കുവാൻ, അവരോടു് ഒരു കഥ പറയുവാൻ, അവരെ ഒരു പത്രം വായിച്ചു കേൾപ്പിക്കുവാൻ, അവരെ ഒരു പാട്ടു പാടി കേൾപ്പിക്കുവാൻ, അവരെ ജീവിതത്തിലെ അനുവദനീയമായ ചില സന്തോഷങ്ങളെങ്കിലും അനുഭവിപ്പിക്കുവാൻ നിങ്ങൾക്കു കഴിവില്ലേ, നിങ്ങൾക്കു മനസ്സില്ലേ?" എന്നെല്ലാം. ഫ്രഡറിക് ഓസാനാം വിഭാവനം ചെയ്തതും, വി. വിൻസെൻറു ഡി പോൾ തന്റെ ജീവിതധർമ്മമായി കരുതിയിരുന്നതും ഇതാണു്.

"സ്നേഹംനിറഞ്ഞ കൊച്ചുവാക്കുകൾ' സ്നേഹംനിറഞ്ഞ മുഖഭാവങ്ങൾ, സ്നേഹംനിറഞ്ഞ ചില്ലറ സേവനങ്ങൾ ഇവയൊക്കെയാണു് അന്യഥാ ദുഃഖഭൂയിഷ്ഠമായ ഈ ലോകത്തെ ഒരു പറുദീസായാക്കിത്തീർക്കുന്നതു്" എന്നു് അവർ വിശ്വസിച്ചിരുന്നു. ആ ബോദ്ധ്യം നമുക്കും ഉണ്ടാകുമ്പോൾ മാത്രമേ, ഭൗതികമായ ചെറിയ ദാനങ്ങൾ നാം അഗതികൾക്കു് നൽകുന്നതു് യഥാർത്ഥത്തിൽ ഫലപ്രദമാകയുള്ളു. അതാണു് ദിവ്യരക്ഷകൻ നമുക്കു് മാതൃകയായി കാണിച്ചുതന്നിട്ടുള്ളതു്. വാർദ്ധക്യത്തിന്റെ ആധിക്യത്താൽ ദുർബലമായ ഒരു അസ്ഥികൂടവും വലിച്ചുകൊണ്ടു് പാതിരാക്കാലത്തു് പാരീസിലെ തെരുവീഥികളിൽക്കൂടി പരിത്യക്തരായ ശിശുക്കളെ തേടി ഓടിനടക്കുവാൻ ഒരു വി. വിൻസെൻറു് ഡി പോളിനെ പ്രേരിപ്പിച്ചതു് ഈ മാതൃകയല്ലേ? ഒരു മുഴുഭ്രാന്തൻ എന്നു പരിഹസിക്കപ്പെടത്തക്കവിധം തെരുവുതോറും അലഞ്ഞുനടന്നു് "തെണ്ടിപ്പിള്ളേരെ" തേടിപ്പിടിച്ചു് കൂട്ടുകൂടുവാൻ ഒരു വി. ഡോൺബോസ്കോയെ പ്രേരിപ്പിച്ചതു് ഈ മാതൃകയല്ലേ?

സമുദായം എന്നേക്കുമായി വെറുത്തുപേക്ഷിക്കയും ആട്ടിപ്പായിക്കുകയും ചെയ്ത കുഷ്ഠരോഗികളുടെപിന്നാലെ എത്തി അവരൊടുകൂടി ജീവിച്ചു്, അവരെ ശുശ്രൂഷിച്ചു്, തന്നത്താൻ ഒരു കുഷ്ഠരോഗിയായിത്തീർന്നു് മരിക്കുവാൻ ഒരു ഫാദർ ഡാമിയനെ ധൈര്യപ്പെടുത്തിയതു് ഈ മാതൃകയല്ലേ?

തനിക്കും തന്റെ ദരിദ്രസഹോദരന്മാർക്കുംവേണ്ടി ഭിക്ഷയാചിച്ചു് തേടിവച്ചിരുന്ന വക മോഷ്ടിക്കുവാൻ വന്ന കള്ളന്മാരെ അന്വേഷിച്ചു് അവരുടെ ഗുഹയിലെത്തി അവർക്കു് ആ ഭിക്ഷയുടെ ഓഹരി കൊടുക്കുവാൻ ഒരു വി. ഫ്രാൻസിസിനു് പ്രചോദനം നൽകിയതു് ആ മാതൃകയല്ലേ?

ഇവയെല്ലാമാണു് ദീനജനസേവനത്തിനു് സന്നദ്ധരായി ഇറങ്ങുന്ന നാം പ്രത്യേകം പരിഗണിക്കേണ്ടതു്. നമ്മുടെ സംഘം ഈ വർഷം നാലായിരം രൂപാ പിരിച്ചെടുത്തു് വിതരണം ചെയ്തോ, എന്നല്ല നാം കണക്കു കൂട്ടേണ്ടതും പ്രസിദ്ധപ്പെടുത്തേണ്ടതും. നാലായിരം ഹൃദയങ്ങളെ ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും പകർന്നുകൊടുത്തു് നാം ആനന്ദഭരിതമാക്കിയോ എന്നാണു് രഹസ്യമായി നാം പരിശോധിക്കേണ്ടതും കൃതാർത്ഥരാകേണ്ടതും. ബാഹ്യവും ഭൗതികവുമായവയുടെ പരിമാണവും ശോഭയും കൊണ്ടല്ല ദൈവം നമ്മുടെ പരസ്നേഹപ്രവർത്തനങ്ങളെ അളക്കുന്നതു് എന്ന വാസ്തവം നാം മറക്കരുതു്.

വിൻസെൻറു് ഡി പോൾ സംഘത്തിന്റെ പ്രവർത്തനചൈതന്യം വിവരിക്കുന്നവരെല്ലാം "സന്ദർശന"ത്തിന്റെ പ്രാമാണ്യം പ്രത്യേകം എടുത്തുകാണിക്കുന്നു. അതിന്റെ പശ്ചാത്തലം ഇതുമാത്രമാകുന്നു. എത്ര പാവപ്പെട്ടവനും, നൽകാവുന്ന സേവനമാണു് ഇതു്. നമ്മുടെ ആതുരാലയങ്ങളും അനാഥശാലകളും വൃദ്ധമന്ദിരങ്ങളും സന്ദർശിക്കുവാനും അവിടെ ഈശോയുടെ സ്നേഹം നിറയ്ക്കുവാനും യുവാക്കന്മാർ മുമ്പോട്ടുവരട്ടെ. അതിനു് ആഹ്വാനംചെയ്യുന്ന വിൻസെൻറു് ഡി പോൾ സംഘങ്ങളെ ദൈവം സമൃദ്ധമായി ആശീർവദിക്കും. തന്റെ നാമത്തിൽ ഒരു പാത്രം വെള്ളം ഈ പാവപ്പെട്ടവർക്കു് കൊടുക്കുന്നതിനുപോലും സമ്മാനം പറഞ്ഞൊത്തിരിക്കുന്ന ദിവ്യനാഥൻ, ഓരോരുത്തനും തന്നത്താനെ പാവപ്പെട്ടവർക്കായി സമർപ്പിക്കുന്നതിനെ എത്രമാത്രം അധികമായി ആശീർവദിക്കുന്നതാണു്!

——

* തൃശ്ശൂർ ലൂർദ്ദു്പള്ളിയിൽ ഈയിടെ നടത്തിയ വിൻസൻറു് ഡി പോൾ വാർഷികയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്നു്.)

ധർമ്മോദയം കമ്പനി, തൃശ്ശൂർ
ESTD: 1919 A. D.

## പുതിയ കുറികൾ

(As per Govt. sanction D. Dis. 6020/51, R. D. dated 30-6-'51)

1. മാസക്കുറി: നറുക്കു് 1-ക്കു് 100ക. 111 നറുക്കു് 11,100ക. സല, കുറഞ്ഞതു് 3ക. 2 ണയുടെ വീതംവരെ ചേരാം.
ഒന്നാംതവണ 1951 സെപ്തംബർ 22-ാംനു- / 1127 കന്നിമാസം 6-ാംനു-

2. കൊല്ലക്കുറി: നറുക്കു് 1-ക്കു് 500 ക. 4 നമ്പ്ര്. 16തവണ. 1 നറുക്കു് എടുപ്പും 3 നറുക്കു് ലേലവും. ആകെ സല 32,000ക. കുറഞ്ഞതു് 62ക. 8ണയുടെ വീതംവരെ ചേരാവുന്നതാണു്.
ഒന്നാംതവണ 1951 സെപ്തംബർ 29-ാംനു- / 1127 കന്നിമാസം 13-ാംനു-

കൂടുതൽ വിവരങ്ങൾക്കു കമ്പനിയിലേക്കു് എഴുതുക:-

തൃശ്ശിവപേരൂർ, 6—7—'51 } ചാലിശ്ശേരി അന്തോണി പൈലോതു്, ചെയർമാൻ ഓഫ് ദി ബോർഡ്.

# "ദുർഭഗരാ"യ മൂന്നു സോദരികൾ

(മററത്തിൽ കുര്യൻ കത്തനാർ)

ലിയോ പതിമൂന്നാമൻ തീപ്പെട്ട 1903-ൽ. ഒരു സഹൃദയൻ വെനീസിലെ വൈദികസൗധത്തിന്റെ പടികടന്നു; വാതുക്കൽ മുട്ടി. രണ്ടാമത്തെ മുട്ടിനു്, കർദ്ദിനാൾ പാത്രിയർക്കീസ്‌തന്നെ കതകുതുറന്നു.

ഒരു ലേഖകൻകൂടിയായ ആഗതൻ പറഞ്ഞു:-

"തിരുമേനി! ആരായിരിക്കാം ഇനിയത്തെ പാപ്പാ?"

"ഒരു സംഗതിയെനിക്കറിയാം. പാപ്പാ ആരായിരുന്നാലും തിരഞ്ഞെടുപ്പു ദീർഘിക്കുകയില്ല."



"അതെനിക്കു ബോധ്യമാവുന്നില്ല. ഇത്തവണ കുറെ നീളാനാണെളുപ്പം."

"ആര് ആരായിരുന്നാലും അദ്ദേഹത്തിന്റെ കുരിശു് ലഘുവായിരിക്കട്ടെയെന്നു് നമുക്കു പ്രാർത്ഥിക്കാം."

വെനീസിലെ കർദ്ദിനാളും റോമായ്ക്കു പോകുന്നുണ്ടു് ഉടനെതന്നെ. മടക്കയാത്രയ്ക്കുള്ള "ടിക്കററു്"നേരത്തെ എടുത്തുകഴിഞ്ഞു. തെരഞ്ഞെടുപ്പുകഴിഞ്ഞു്, വാഴ്വു്, അതുകൂടിയങ്ങു കഴിഞ്ഞാൽ സ്വൈരമായി. പിന്നെ വെനീസിലേക്കു തന്നെ.

* * *

"ആങ്ങള ഉടനെ മടങ്ങുമല്ലോ; പിന്നെന്തിനാണു് ഇത്രയധികം ഉടുപ്പുകൾ!" റോസ മറിയയോടു പറഞ്ഞു.

"ഏട്ടത്തിക്കെന്തറിയാം? മാർപ്പാപ്പായെ തെരഞ്ഞെടുക്കാനല്ലെ ബെപ്പോ പോകുന്നതു്."

"അതെന്താ പിള്ളകളിയോ? നല്ലനല്ല പട്ടുടുപ്പുകളൊക്കെ വേണ്ടതല്ലേ?" മറിയ മറുപടി പറഞ്ഞു:

"കാര്യമൊക്കെ ശരിയാണു്. പക്ഷെ, എനിക്കൊരു തോന്നൽ. അതൊരു വെറും തോന്നലായിരിക്കാം."

റോസ: "എന്തായാലും നിനക്കതങ്ങു പറയരുതോ?"

അന്ന: "ബെപ്പോയുടെ ഈ പോക്കു് അത്ര നല്ലതിനല്ല. എന്റെ വയററിലൊരേതാണ്ടു്!"

മറിയ: "എനിക്കും ഏതാണ്ടൊരു ഭീതിയുടെ നിഴലുണ്ടു്."

റോസ: "അതൊക്കെ വെറുതെ! ബെപ്പോ ഇങ്ങുവന്നു് "റോസേ!"എന്നു വിളിക്കും—പടിക്കൽവന്നു രണ്ടുദിവസത്തിനകം. നോക്കിക്കോ, ഞാനാ പറഞ്ഞതു്."

ദിവസങ്ങൾ രണ്ടുനാലു കഴിഞ്ഞു. ഒരു വിവരവുമില്ല. സോദരികൾ മൂന്നുപേരും മൂക്കിന്മേൽ കൈവച്ചു. അവർ വിഷമിച്ചിരിക്കുകയാണു്. പെട്ടെന്നു് ടെലഫോൺ മണിയടി കേട്ടു. റോസ യന്ത്രം കൈയിലെടുത്തുപിടിച്ചു:-

"ഹല്ലോ! ഹല്ലോ!!"

"ശരി! എവിടുന്നാ?"

വത്തിക്കാനിൽനിന്നു്. നിങ്ങളുടെ സോദരൻ തിരഞ്ഞെടുക്കപ്പെട്ടു."

"നിങ്ങൾക്കു് അബദ്ധംപററി. വെനീസിലെ പാത്രിയർക്കീസിന്റെ സോദരി റോസയാണു് ഞാൻ. സാർത്തോയെ അറിയുകയില്ലായിരിക്കാം— സാർത്തോ. ഞാൻ സിഞ്ഞോരിനാ സാർത്തോയാണു്."

"ഹയ്യ്! ഇതെന്തൊരു നേരമ്പോക്കു്! സിഞ്ഞോറിനാ, ഇവിടെ അതൊക്കെ അറിയാം. ഒരു മണിക്കൂർ കഴിഞ്ഞിരിക്കുന്നു നിങ്ങളുടെ സഹോദരൻ, സാർത്തോ കർദ്ദിനാൾ പാപ്പാ ആയിട്ടു്."

റോസയുടെ കൈയിൽനിന്നു് ടെലഫോൺയന്ത്രം താനെ താഴെവീണു. അവൾ ഒരു കസേരയിൽ മറിഞ്ഞു. "എന്താ സംഗതി ഏട്ടത്തി"യെന്നു അനുജത്തിമാർ രണ്ടുപേരും ഒരേശ്വാസത്തിൽ ചോദിച്ചു.

"നമ്മുടെ ബെപ്പോ ഇനി മടങ്ങിവരുകയില്ലിങ്ങോട്ടു്?"

"എന്തുപററി? എന്തുപററി? ഞാൻ പറഞ്ഞില്ലേ എന്തോ തകരാറുണ്ടെന്നു്."

ആ മൂന്നു സോദരികളും ഏങ്ങലടിച്ചു കരയുകയാണു ഓരോന്നു പറഞ്ഞു്.

അന്ന ചോദിച്ചു: "എന്താ സംഗതി? അതു പറഞ്ഞില്ലല്ലോ!"

റോസ: "ബെപ്പോയെ അവർ മാർപ്പാപ്പയാക്കി. ഇനി നാമെന്താ ചെയ്ക?"

ഈ സോദരികൾ മൂവരും അവിവാഹിതകളാണു്. മററു മൂന്നുപേർ കുടുംബജീവിതം നയിക്കയാണു്.

റോസ തുടർന്നുപറയുകയാണു്: "എത്ര നല്ലനല്ല കർദ്ദിനാളന്മാരുണ്ടായിരുന്നു റോമയിൽ, മാർപ്പാപ്പയാകാൻ. നാമാരും വിചാരിച്ചിരുന്നില്ല ബെപ്പോ മാർപ്പാപ്പയാകുമെന്നു്. ഒരു സ്വപ്നക്കരിശ്രും മാചയും പോലുമില്ല നമ്മുടെ സഹോദരനു്. ഉള്ളതു പുച്ഛമാണു്."

* * *

വെനീസുകാരനായ ഒരു പരിചിതൻ പുതിയ മാർപ്പാപ്പയുടെ മുമ്പിൽ ആഗതനായി പറഞ്ഞു:—

"തിരുമേനി! അവിടുത്തെ വത്സല സോദരികൾക്കു് അവിടുത്തെ തെരഞ്ഞെടുപ്പുകാര്യം എത്ര സന്തോഷകരമായിരിക്കും!"

"അതെയതെ! അവരെല്ലാവരും ഇപ്പോൾ വാവിട്ടു കരയുകയാണെന്നു് എനിക്കറിയാം. ഞാനും കരയുകയാണെന്നു് അവർക്കുമറിയാം."

മററുള്ളവരെല്ലാം ഒന്നടങ്കം സന്തോഷിക്കുകയാണു സാർത്തോയുടെ തെരഞ്ഞെടുപ്പിൽ! ആ സഹോദരസഹോദരികൾ മാത്രം ദുഃഖിക്കുന്നു!

* * *

"ഇരിക്കട്ടെ! പത്താം പീയൂസ് പാപ്പായെപ്പററി വായിച്ചിട്ടുണ്ടോ?"

ദലഗാദ് ഹ്യൂമ്സോണി ബിയോണ്ടി (ഇന്നു് കർദ്ദിനാൾ) എന്നോടു ചോദിക്കുകയാണു് ഒരിക്കൽ. അതെന്നാണെന്നോ?

മാന്നാനം ഹൈസ്കൂളിൽ പഠിപ്പിക്കുന്ന കാലം. മുപ്പത്തിനാലു വർഷങ്ങൾക്കുമുമ്പാണു്. ഒരു ദിവസം ഉച്ചകഴിഞ്ഞു് മോൺസിഞ്ഞോർ ബിയോണ്ടി എന്നെ വിളിപ്പിച്ചു. ഞാൻചെന്നു കതകിൽ മുട്ടി.

"അകത്തുവരാം. ഫാദർ മററമല്ലേ? ഇരിക്കാമല്ലോ!"

ആ അത്യുന്നതന്റെ പാർശ്വത്തിൽ പ്രശ്രയപൂർവ്വം ഞാനങ്ങിരുന്നു.

"പത്താംപീയൂസ് പാപ്പാ തീപ്പെട്ടിട്ടു മൂന്നുകൊല്ലമല്ലേ ആയുള്ളു! കാണ്ടിസെമിനാരിയിൽവച്ചു് അദ്ദേഹത്തിന്റെ ജീവചരിത്രവും മററും ഞാൻ വായിച്ചിട്ടുണ്ടു്."

"കൊള്ളാം. പത്താംപീയൂസ് ഒരു പുണ്യവാനാണു്. പേരുവിളിക്കാൻ വലിയ കാലതാമസമുണ്ടാകയില്ല. കൊച്ചച്ചനു ഞാനൊരു സമ്മാനംതരാം. ദാ! ഒരു വെള്ളിമെഡൽ. ഇതു് അദ്ദേഹം വെഞ്ചരിച്ചു എനിക്കു തന്നതാണു്. കാണ്ടിസെമിനാരിയിൽവച്ചു് അച്ചനെപ്പററി ഞാൻ കേട്ടു. ഇവിടെ മുൻഷിയാണല്ലേ?"

"അതെ!"

"ഹിന്ദുപുരാണങ്ങളുംമററും പഠിപ്പിക്കുണ്ടേ?"

"ഉവ്വ്."

"സൂക്ഷിച്ചുവേണം കേട്ടോ?"

"പാഠ്യപുസ്തകങ്ങളാണു്."

"അതെനിക്കറിയാം."

(ഞാനത്ഭുതപ്പെട്ടുപോയി അദ്ദേഹത്തിന്റെ അന്വേഷണബുദ്ധികണ്ടു്.)

"ദൈവം അനുഗ്രഹിക്കട്ടെ"എന്നു എന്നെ ആശീർവ്വദിച്ചതും അഞ്ജലിമുകുളിതനായി ഞാൻ മുട്ടുകുത്തിയതും ഒരുമിച്ചായിരുന്നു. ദലഗാദ് തിരുമനസ്സിലെ കരുണാമസൃണമായ വചോമാധുരി എന്നെ പുളകിതനാക്കി. കൃതജ്ഞതാപയോധിയിൽ ഞാൻ മുങ്ങിക്കുളിച്ചു. അമൂല്യമായ ദാനാമൃതം എന്നെ ധന്യധന്യനാക്കി. ആ മോൺസിഞ്ഞോരാണു് ഇന്നത്തെ കർദ്ദിനാൾ ഹ്യൂമ്സോണി ബിയോണ്ടി—പ്രൊപ്പഗാൻഡായുടെ പ്രിഫെക്ട്—ആയുഷ്മാൻ!

അന്നുകിട്ടിയ മെഡൽ എന്റെ രക്ഷാകവചമാണു്. രണ്ടുപ്രാവശ്യം ആ മെഡൽ പത്താംപീയൂസ് പാപ്പായുടെ പ്രേതകുടീരത്തിൽ ഞാൻ തൊട്ടുവിച്ചിട്ടുണ്ടു്—പലതവണ ആ പൂജ്യകുടീരത്തിൽ മുട്ടുകുത്തി ഞാൻ പ്രാർത്ഥിച്ചിട്ടുണ്ടു്—അന്നൊന്നും തിരുമേനിക്കു് "അനുഗ്രഹീത"സ്ഥാനം ലഭിച്ചിരുന്നില്ല—പക്ഷേ ലഭിക്കുമെന്നു് അന്നത്തെ ദലഗാദപ്പസ്തോലിക പറഞ്ഞതും മെഡൽ തന്നതും എല്ലാം ഇന്നത്തെപ്പോലെ ഞാനോർക്കുന്നു. അന്നു് ദുർഭഗരായിരുന്ന ആ സോദരികൾ ഇന്നു് സുഭഗരാണു്. അവരുടെ ബെപ്പോ ഇന്നു് എല്ലാവരുടേയും നാവിൽ! പത്താംപീയൂസ് പാപ്പായേ! ഞങ്ങളെ അനുഗ്രഹിക്കുക!

# സ്വതന്ത്രഭാരതറിപ്പബ്ലിക്ക്

(വെരി റവ. ഡോക്ടർ എൽ. ജെ. ചിററൂർ പിഎച്ച്. ഡി., ഡി. ഡി.)

ആഗസ്റ്റു് 15. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ. അതെ, പാപമാലിന്യം സ്പർശിക്കാത്ത ദൈവമാതൃശരീരം ആത്മാവോടുയോജിച്ചു് സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടതിന്റെ സ്മാരകദിനം. മാനവകുലം പാപഫലത്തിൽനിന്നു വിമുക്തമായതിന്റെ ഫലമാണു് സ്വർഗ്ഗാരോപണം. അന്നുതന്നെയാണു് ഭാരതം സ്വതന്ത്രമായ സുദിനവും. അതേ, ലോകത്തിൽ ഒരു വലിയ ജനവിഭാഗം ഏററവും ശക്തമായ ഒരു സാമ്രാജ്യാധിപത്യത്തിൽനിന്നു് ധാർമ്മികശക്തിയാൽ സ്വതന്ത്രമായ മഹാദിനം. കത്തോലിക്കാഭാരതം സ്വാതന്ത്ര്യസംരക്ഷണത്തിനു് ദൈവമാതാവിന്റെ സഹായം തേടുന്നു.



ഇന്നു് സ്വതന്ത്രഭാരതം ഒരു റിപ്പബ്ലിക്കാണു്. ഭരണഘടന നിർമ്മിക്കുവാൻ തെരഞ്ഞെടുത്ത ജനപ്രതിനിധികളാണു് ഇന്നു ഭരണകൂടത്തിനു് ഉപദേശം നല്കിക്കൊണ്ടിരിക്കുന്ന നിയമസഭയുടെ അംഗങ്ങൾ. ഏതാനും മാസങ്ങൾക്കകം ലോകം ദർശിച്ചിട്ടുള്ളതിൽ ഏററവും വലിയ ജനാധിപത്യതെരഞ്ഞെടുപ്പുകൾ നടക്കും. അടുത്ത ഏതാനും കൊല്ലക്കാലത്തേക്കു് ഭാരതത്തിന്റെ 'ഭാഗധേയം' തെരഞ്ഞെടുക്കപ്പെടുന്നവരുടെ കരങ്ങളിൽ അർപ്പിക്കപ്പെടും.

ജനാധിപത്യത്തിന്റെ മെച്ചമേറിയ ഭരണരൂപമാണു് റിപ്പബ്ലിക്കു്. ഒരു ജനാധിപത്യത്തിൽ ജനങ്ങൾ നേരിട്ടു ഭരണഭാരം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യാം. ഒരു റിപ്പബ്ലിക്കിലാകട്ടെ പ്രതിനിധികൾവഴിയാണു് ഭരണം നടക്കുന്നതു്. ഇന്നത്തെ പല ജനാധി-

---

വി. കൊച്ചുത്രേസ്യാ, വി. റീത്ത, ബ. അൽഫോൻസാ ഇവരുടെ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

സി. പി. ജോസഫ്

ചേരാനല്ലൂർ,

---

പത്യങ്ങളും "ഡെമോക്രസി" എന്നു പറയുകയും "മോബോക്രസി" ആയിത്തീരുകയും ചെയ്യുന്നുണ്ടു്. നല്ല വാചാലതയുള്ള പ്രസംഗകന്മാർ ജനങ്ങളെ പറഞ്ഞിളക്കുന്നു. ജനങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി എന്തും ചെയ്യുവാൻ ഭരണഭാരം ഏററിരിക്കുന്നവർ നിർബന്ധിക്കപ്പെടുന്നു. തിരു-കൊച്ചിയിൽ നടക്കുന്ന വടംവലികൾ ഈ വിധത്തിലുള്ളതാണു്. ഹിന്ദുമണ്ഡലത്തിന്റെ രൂപവൽക്കരണം, ശബരിമലപ്രക്ഷോഭണം, വിദ്യാഭ്യാസപ്രക്ഷോഭണം ഇവയെല്ലാം ജനങ്ങൾ നേരിട്ടു് ഭരണനയങ്ങളിലിടപെടുന്നതാണു്. പരമാധികാരം ജനങ്ങളിലാണെന്ന ബോദ്ധ്യവും അവരെ തൃപ്തിപ്പെടുത്തുന്നവർക്കാണു് ഭരണാധികാരമെന്ന ബോദ്ധ്യവുമാണു് ഇതിനടിസ്ഥാനം. പക്ഷേ, പൊതുജനങ്ങളുടെ ഈമാതിരി ഇടപെടൽ എപ്പോഴും നല്ലതാണെന്നു വരികയില്ല.

പരമാധികാരം ജനങ്ങളിലാണെന്നു പറഞ്ഞാൽ ഭൂരിപക്ഷത്തിലാണെന്നു ചിലർ തെററിദ്ധരിക്കാറുണ്ടു്. പ്രചരണമാർഗ്ഗേണ ഭൂരിപക്ഷം സമ്പാദിക്കുന്നതെല്ലാം ശരിയായിരിക്കണമെന്നില്ല. വികാരഭരിതരായ സാധാരണജനങ്ങൾ വിവേകം വെടിഞ്ഞും സത്യത്തെ അവഗണിച്ചും തീർച്ചചെയ്യാനൊരുമ്പെടുന്ന അവസരങ്ങളുണ്ടാവാം. ആ മാതിരി അബദ്ധങ്ങളെ അകററുന്നതിനാണു് പാകതയും പരിജ്ഞാനവും സമ്പാദിച്ച പ്രതിനിധികൾവഴി നിയമനിർമ്മാണവും നിയന്ത്രണവും നടത്തുന്നതു്. ജനങ്ങളെ നേർവഴി കാണിക്കുവാനുള്ള ചുമതലയും അവരുടേതാണു്.

ന്യൂനപക്ഷത്തിന്റെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള ഭൂരിപക്ഷത്തിന്റെ ഭരണമാണു് യഥാർത്ഥത്തിൽ ജനാധിപത്യമെന്നു് ഇന്നു രാഷ്ട്രമീമാംസകരെല്ലാം സമ്മതിച്ചിട്ടുണ്ടു്. ഭാരതപിതാവായ മഹാത്മാഗാന്ധിയും അതുല്യനേതാവായ ജവഹർലാൽ നെഹ്റുവും ഹിന്ദുമഹാസഭയുടെ വിരോധം സമ്പാദിച്ചുകൊണ്ടു പോലും ന്യൂനപക്ഷസംരക്ഷണത്തിനിറങ്ങിയതു് ഈ ധാർമ്മികബോധത്താൽ പ്രേരിതരായിട്ടാണു്. ജാതിമതാദികളെ അടിസ്ഥാനമാക്കിയുള്ള അവശതകൾ നീക്കുന്നതിനും അവസരസമത്വം നൽകുന്നതിനും യഥാർത്ഥജനാധിപത്യവാദികൾ തയാറാകേണ്ടതാണു്. അതിനുപകരം നമ്മുടെ നാട്ടിൽ "ഡെമോക്രാററിക് പാർട്ടി" എന്ന പേരിൽ ഒരു പാർട്ടിതന്നെ ന്യൂനപക്ഷമായ ക്രൈസ്തവരെ സ്തംഭിപ്പിക്കുവാൻ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്നതു കാണുമ്പോൾ നമ്മുടെ നാടിന്റെ ഭാവിയെപ്പററി യഥാർത്ഥദേശഭക്തർ പരിതപിക്കയേയുള്ളു. "കേന്ദ്രഗവർമ്മെണ്ടു്" ഇടപെടേണ്ടിവന്നു, ഇപ്രകാരത്തെ ഭരണഘടനാവിരുദ്ധമായ പദ്ധതികൾ മാറുന്നതിനു്

---

## Thanksgiving




## For favours received

T. Varkey, Manjapra

---

എന്നതു ഭൂരിപക്ഷത്തിനു് ഭൂഷണമല്ല. ഭാരതറിപ്പബ്ലിക്കിൽ ന്യൂനപക്ഷങ്ങൾക്കുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനു് കേന്ദ്രഗവർമ്മെന്റിന്റെ സമുചിതമായ നിർദ്ദേശം സഹായിച്ചിട്ടുണ്ടു്. അവശസമുദായങ്ങളുടെ മതംമാററംകൊണ്ടു് ഗവർമ്മെണ്ടു നൽകുന്ന സൗജന്യങ്ങൾക്കു വ്യത്യാസം വരുത്തരുതെന്നു് കേന്ദ്രത്തിൽനിന്നു നിഷ്കർഷിച്ചിട്ടുണ്ടു്. എങ്കിലും തിരു-കൊച്ചിയിൽ ഹിന്ദുക്കൾക്കും ക്രൈസ്തവർക്കും നിയമങ്ങൾ വേറെയാണു്. ഫീസ്സൗജന്യത്തിനു് ഹിന്ദുവാണെങ്കിൽ, അവശസമുദായത്തിൽ ഉൾപ്പെടുന്നുവെന്ന സർട്ടിഫിക്കററു മതി. ക്രൈസ്തവനായിപ്പോയാൽ നിർദ്ധനത്വം സ്ഥാപിക്കുവാൻ രേഖകൾ തേടി പുറപ്പെടണം. സൗജന്യങ്ങൾ നൽകുവാനുള്ള അധികാരികൾ സാധുക്കളെ എത്രമാത്രം കഷ്ടപ്പെടുത്തുന്നെന്നു് ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ ഗ്രഹിക്കയുമില്ല. ഈ തരഭേദവും ഉദ്യോഗസ്ഥന്മാരുടെ അലസതയും അഴിമതിയും മാറിയെങ്കിൽമാത്രമേ സ്വാതന്ത്ര്യത്തിന്റെ മേന്മ സമുദായത്തിന്റെ താഴത്തെ പടികളിൽ വസിക്കുന്നവർക്കു് ഗ്രഹിക്കുവാൻ സാധിക്കയുള്ളു. സ്വാതന്ത്ര്യദിനം യഥാർത്ഥസ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കും ലഭിക്കുന്നതിനു് പരിതസ്ഥിതികൾ സജ്ജമാക്കട്ടെ.

സ്വർഗ്ഗാരോപിതയായ നമ്മുടെ അമ്മ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കട്ടെ.




# ചിത്രവും കീർത്തനവും

(എൻ. എക്സ്. കുര്യൻ, ബി. എ ബി. എൽ.)

കുടുംബപീഠത്തിൽ സ്ഥാപിച്ചിരുന്ന ലോകോത്തരമായ മാതാവിന്റെയും പൈതലിന്റെയും ആ ചിത്രത്തെ റോസപ്പുഷ്പങ്ങൾതന്നെ കോർത്തുകെട്ടിയ ഒരു മാലകൊണ്ട് കനകമംഗലത്തെ ആ കുമാരി അലങ്കരിച്ചു. അങ്ങനെ അവൾ അലങ്കരിച്ചില്ലായിരുന്നെങ്കിൽത്തന്നെയും ആ ചിത്രം എത്ര മനോഹരമായിരുന്നു എന്നു വർണ്ണിക്കുക സാദ്ധ്യമല്ല. ദൈവമാതാവ് ജഗദീശനായ ആ അരുമക്കുമാരനെ കൈകളിൽ എടുത്തുകൊണ്ടിരിക്കുന്നതായിരുന്നു ആ ചിത്രം. നിതാന്തനിർമ്മലവും നീലനീലവുമായ അംബരവീഥിയിൽ വിളങ്ങുന്ന അമ്പിളിബിംബത്തിൽനിന്നും അടർന്നുവീണ പൂന്തിങ്കൾപ്പൊളിപോലെയും പാവനശോഭനമായ പനിനീർകുസുമത്തിൽ ആവിർഭവിച്ച സുരഭിലസുന്ദരമായ മലർക്കലികപോലെയും ചാരിത്രത്തിന്റെ പവിത്രമൂർത്തിയായ മാതാവിന്റെ സൽകർമ്മസമ്പത്തും, ഉൽകൃഷ്ടമായ ആരാമണ്ഡലത്തിലെ അമൂല്യമായ ആദർശസമ്പത്തും, ഉടലെടുത്ത് ഉന്മീലിതമായ മനോജ്ഞമായ പൂവൽച്ചിത്രംപോലെയും സൽസന്താനലാഭത്തെ സംബന്ധിച്ചു ലോകോത്തമപവിത്രയായ കന്യാമാതാവിൽ ഉണ്ടാകാവുന്ന നിഷ്പങ്കമായ സങ്കല്പസൗധത്തിന്റെ തങ്കനിർമ്മിതമായ താഴികക്കുടംപോലെയും ഉള്ള ആ തങ്കക്കിടാവിനെ, ആ തിങ്കൾക്കാടിയെ, ആ തങ്കക്കതിർക്കതിരവനെ, തന്റെ പുത്രനും സാക്ഷാൽ ഈശ്വരനുമായ ഉണ്ണിമിശിഹായെ കൈകളിൽ എടുത്തുകൊണ്ട് നിർഭരഭക്തിപരവശയായി സ്വർഗ്ഗീയസൗന്ദര്യപൂർണ്ണനിദർശനമായി അർദ്ധോന്മീലിതനേത്രമാത്രയായി സ്ഥിതിചെയ്തിരുന്ന കന്യകാമറിയത്തിന്റെ ചിത്രമായിരുന്നു അതു്. ആ ചിത്രം നിദർശിച്ച ജഗദീശകുമാരന്റെ — സൗന്ദര്യമൂർത്തിയുടെ — ആകാരപൗരുഷമാധുര്യം അല്പമായിട്ടെങ്കിലും ഒന്നു ഗ്രഹിക്കാനോ പകർത്താനോ ആർക്കു സാധിക്കും? ഇനിയും അമ്മയുടെ സൗന്ദര്യം നോക്കാം. ലോകത്തിലും നാകത്തിലുമുള്ള പവിത്രങ്ങളായ സൗന്ദര്യസൽഗുണസഞ്ചയം സ്ത്രീരൂപമായി അവതരിച്ച സൗകുമാര്യധുര്യമാണല്ലോ, ശ്രീമേരി. ലോകത്തിലുള്ള സുന്ദരവസ്തുക്കളുടെ സമുച്ചയമായി സുന്ദരീമണികളുടെ താരുണ്യലാവണ്യത്തെ മഹാകവികൾ വിഭാവനംചെയ്യുന്നു:

എന്നാൽ, ലോകത്തിൽ കാണാകും
സാഹിത്യസഞ്ചയം
ആകവെ ചേർന്നു ശ്രവിച്ചെന്നാലും
മന്നവർമന്നന്റെ മാതാവിൻ
സൗന്ദര്യം
വർണ്ണിപ്പാൻ വൈഭവം കൈവരുമോ,
(മാതാവും പൈതലും)

ആ മാതാവിന്റെ അദ്ധ്യാത്മസൗന്ദര്യം സ്വപുത്രന്റെ പ്രിയശിഷ്യനായ യോഹന്നാൻ ആദ്ധ്യാത്മികനയനംകൊണ്ട് ദർശിക്കയും പവിത്രാത്മാവിനാൽ പ്രചോദിതനായി ചിത്രീകരിക്കയും ചെയ്തിട്ടുണ്ട്. നിർമ്മലമായ അംബരവീഥിയിൽ നില്ക്കുന്ന ആ സ്ത്രീരൂപം ആദിത്യനെ അംബരമാക്കിയും ചന്ദ്രനെ പാദപാദുകമാക്കിയും നക്ഷത്രമാല മകുടമാക്കിയുംകൊണ്ടാണ് ഈ ശിഷ്യൻ ദർശനീയമായതു്.

ക്രിസ്തുവിന്റെ മറ്റൊരുശിഷ്യനും അലോകകലാകാരന്മായ ലൂക്കാ, കന്യകാമാതാവിന്റെ ശാരീരികസൗകുമാര്യത്തിന്റെ ഒരു ഛായയെ എങ്കിലും ലോകോപകാരാർത്ഥം ചിത്രീകരിച്ചിട്ടുള്ളതായി ഐതിഹ്യമുണ്ട്.

* പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത "കാഞ്ചനശൃംഖല" എന്ന ജപമാലാപരമായ ആഖ്യായികയിൽനിന്നെടുത്തതു്.

ഈ കന്യകാമാതാവു് ആരാണെന്നു നമുക്കു നോക്കാം.

പാവനൻ ഇബ്ഭുവനജനകൻ
നിന്റെ താതൻ
ദേവദേവസുതൻ നിന്റെ
ഓമനക്കുമാരൻ
പാവകരസനരൂപൻ
താവകമണാളൻ
ദൈവമല്ലാതാരുനിന്റെ സൗന്ദര്യം
ദർശിച്ചോൻ?

ഇങ്ങനെ രാജാധിരാജൻ ദർശിച്ചതുകൊണ്ടല്ലേ ക്രിസ്തുവിന്റെ അദ്ധ്യാത്മശരീരമായ വിശുദ്ധസഭ ഈ മാതാവിന്റെ അപദാനങ്ങളെ അനുസ്മരിച്ച് അർപ്പിക്കുന്ന പരിശുദ്ധ കുർബാനകളിൽ പവിത്രാത്മാവുതന്നെ പഠിപ്പിച്ച ഈ ഗാനം പാടുന്നതു്. ഇതാ ജപമാലയെ അനുസ്മരിച്ചുള്ള വിശുദ്ധ ബലിയിലെ ഒരു ഭാഗം.

"കണ്ടാലും കുമാരി, നിന്റെ കണ്ണുകളെ ശ്രദ്ധയോടെ തിരിക്കുക. മന്നവൻ ഇതാ നിന്റെ സൗന്ദര്യത്തെ ആകാംക്ഷയോടെ വീക്ഷിക്കുന്നു."

പവിത്രാത്മാവായ ദൈവം തന്റെ പ്രിയതമയുടെ സൗകുമാര്യം ദർശിച്ചുകൊണ്ട് ഗീതകങ്ങളുടെ ഗീതത്തിൽ ഇങ്ങനെ പാടുന്നു:

മുന്തിരിവല്ലരിയിൽ പൂക്കുന്ന
പുഷ്പത്തിന്റെ
സാന്ദ്രമാം സൗരഭ്യം ഞാനെങ്ങും
പരത്തുന്നു.

ഇങ്ങനെ ബൈബിൾ പഴയനിയമത്തിലെ സുഭാഷിതങ്ങളിൽ പലതിലും, സഭയുടെ ഔദ്യോഗികപ്രാർത്ഥനകളിലും ഈ മാതാവിന്റെ സൗന്ദര്യത്തെ പ്രകീർത്തിച്ചിരിക്കുന്നതു് കാണാം. ആഭ്യന്തരസൗന്ദര്യം ശരീരത്തിലും പ്രതിബിംബിച്ചിരുന്നു.

വി. ലൂക്കാ ചിത്രീകരിച്ചിട്ടുള്ളതായി മുകളിൽ ഉദ്ധരിച്ച മാതാവിന്റെയും പൈതലിന്റെയും ചിത്രത്തിന്റെ പ്രതികൾ പലയിടത്തും, അക്കൂട്ടത്തിൽ ഈ ഭാരതഭൂമിയിലും പ്രചരിച്ചിട്ടുണ്ട്. കനകമംഗലത്തെ സന്താനവല്ലരിയായ യുവതി ഇന്നു ഭവനപീഠത്തിൽ വച്ചു അലങ്കരിച്ചതായി കണ്ട ചിത്രവും ഇതിന്റെ ഒരു പകർപ്പുതന്നെ ആകുന്നു.

പ്രതാപവാനായ പ്രപിതാമഹൻ കോശിത്തരകൻ ഇതു് ഗോവയിൽനിന്നാണ് കിട്ടിയതെന്നത്രെ ഐതിഹ്യം.

ഈ ചിത്രത്തെ പുഷ്പമാല്യംകൊണ്ട് അലങ്കരിച്ചശേഷം ആ യുവതി, നിലവറയിൽനിന്നു് പതിനാറുതിരിയിലുള്ള ഒരു നിലവിളക്കെടുത്തു കൊണ്ടുവന്നു. കനകമംഗലത്തെ കലവറയിലേയും അറയിലേയും, നിലവറയിലേയും പണ്ടങ്ങൾ പലതും, പണ്ടേതന്നെ അന്യാധീനങ്ങളായി ഭവിച്ചിരുന്നെങ്കിലും, വണക്കമാസം മുതലായ പ്രധാന പ്രാർത്ഥനാവസരങ്ങളിൽമാത്രം പ്രകാശംലഭിച്ചിരുന്ന ഈ വിളക്കിൽ അന്യന്മാരാരും കൈവച്ചിട്ടില്ല. അച്ചാമ്മയും, പിന്നീടു തങ്കമ്മയും അല്ലാതാരും ഇതു വെളിക്കെടുക്കുകയില്ല പിന്നെ വല്യമ്മയുടെ കരകൗശലം ആ വെങ്കലവിളക്കിനു അന്നു തങ്കപ്രഭ ഉളവാക്കുകയുംചെയ്തു. ആ വിളക്കിൽ വെള്ളവെളിച്ചെണ്ണ ഒഴിച്ച് ശുഭ്രവസ്ത്രം കീറി തെറുത്തു് പതിനാറു തിരികളുമിട്ടു കത്തിച്ച ആ ചിത്രപീഠത്തിന്റെ മുൻപിൽവച്ചു പതിവുള്ള സന്ധ്യാനമസ്കാരം വല്യമ്മയും മകളുംകൂടി സമാരംഭിക്കയുംചെയ്തു. അവുസേപ്പച്ചൻ കാര്യവശാൽ പുറത്തെവിടെയോ പോയിട്ടു മടങ്ങിവന്നിട്ടില്ലായിരുന്നു. അതുകൊണ്ടു് എലിക്കുട്ടത്തിയും പതിവുവിട്ടു പ്രാർത്ഥനാമുറിയിൽ പ്രവേശിച്ചു മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുകയായിരുന്നു. ഒരു മണിക്കൂർ നീണ്ടുനിന്ന ഭക്തിനിർഭരമായ ആ നമസ്കാരം പതിവുപോലെ കഴിഞ്ഞു. പതിവുവിട്ടു പതിനാറു തിരിവിളക്കും മറ്റും സജ്ജീകരിച്ചതു് ആ യുവതിക്കു് അന്നു ഒരു പ്രത്യേകപ്രാർത്ഥന നിർവഹിക്കുന്നതിനു കൂടിയായിരുന്നു. എലിച്ചേട്ടത്തിക്കു മനസ്സുകൊണ്ടു വേണമെങ്കിൽ സഹകരിക്കാം എന്നല്ലാതെ മറ്റു മാർഗ്ഗമില്ലാതിരുന്ന ആ പ്രാർത്ഥനാഗാനം തങ്കമ്മതന്നെ നിർവഹിച്ചു. ദൈവമാതാവിന്റെ സപ്തസന്താപങ്ങളെ പരാമർശിച്ചു വിരചിതമായ ഗാഥാരീതിയിലുള്ള ഒരു ഗാനമായിരുന്നു ആ പ്രാർത്ഥന. ആ യുവതി നിർഭംഗം പ്രാർത്ഥിക്കട്ടെ. അതിനിടയിൽ നമുക്കു ആ ചിത്രത്തെയും കീർത്തനകാരിയേയും ഒന്നു നിരീക്ഷിക്കാം.

എത്ര മനോഹരമായ ചിത്രം! നാരിയുടെ സൗന്ദര്യത്തിനു നിദാനം ചാരിത്രമാണല്ലോ. ചാരിത്രത്തിന്റെ ചാരുമൂർത്തിയായ മേരിയുടെ ആഭ്യന്തരസൗകുമാര്യത്തിന്റെ പ്രതിബിംബനം ശരീരത്തിലും വ്യാപിച്ചിരുന്നു എന്നുള്ളതു നിശ്ചയംതന്നെ. പോരെങ്കിൽ ഈ ചിത്രം അതിനു സാക്ഷ്യംവഹിക്കുന്നു. എന്നുമാത്രമോ, ഈ കന്യാമാതാവിന്റെ കരത്തിലിരിക്കുന്നതു ആരാണ്? സൗന്ദര്യമൂർത്തിയായ ദൈവകുമാരൻ. സൗന്ദര്യത്തെ ആസ്വദിച്ചുകൊണ്ടുതന്നെ മനുഷ്യമനസ്സിനെ സദാചാരത്തിലേക്കും സ്വർഗ്ഗത്തിലേക്കും നയിച്ചു് ഉദ്ധരിപ്പിക്കുന്ന ചിത്രം. ഇങ്ങനെയുള്ള ചിത്രങ്ങളല്ലേ കുടുംബങ്ങളുടെ പവിത്രഭിത്തികളെ അലങ്കരിക്കേണ്ടതു്. ഏതാദൃശചിത്രങ്ങൾ പ്രചോദിപ്പിക്കുന്ന സൗന്ദര്യബോധവും സദാചാരചിന്തയും അല്ലേ സദാചാരസമ്പന്നരായ സൗകുമാര്യനിധികളായ സന്താനരത്നങ്ങളെ സംജാതരാക്കാൻ കുടുംബത്തിലെ നായികാനായകന്മാർക്കു് ആദർശം നല്കേണ്ടതു്. സൗന്ദര്യമൂർത്തികൂടെയായ സനാതനപിതാവിന്റെ ഛായയിലാണല്ലോ മനുഷ്യൻ നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ആകയാൽ സൗന്ദര്യം ആസ്വദിക്കണമെന്നുള്ള ആകാംക്ഷ മാനവനു ജന്മസിദ്ധമാണ്. അതില്ലാതാക്കാൻ സാദ്ധ്യമല്ല. നല്ലമാർഗ്ഗങ്ങളിൽക്കൂടി അതിനെ തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ ദുർമ്മാർഗ്ഗങ്ങളിൽ മനസ്സു വ്യാപരിച്ചു അപഥങ്ങളിൽ ചെന്നുചാടും. കാണാൻ പാടില്ലേ പല ഭവനങ്ങളുടേയും ഭിത്തികളെ അലങ്കരിക്കുന്ന, അല്ല—അലങ്കോലപ്പെടുത്തുന്ന ആഭാസചിത്രങ്ങൾ! ഭവനഭിത്തികളിലെ ചിത്രങ്ങളിൽനിന്നും ആ കുടുംബത്തിലെ സദാചാരബോധത്തിന്റെ മാറ്റു നിർണ്ണയിക്കാവുന്നതാണ്. (തുടരും)

## വിനോദവീഥി



"എന്നാണോ സ്ത്രീകളുടെ തലയിലും കഷണ്ടിവരികയും അപ്പോഴും അവർ സൗന്ദര്യവതികളാണെന്നു് അഭിമാനിക്കയും ചെയ്യുന്നതു്—അന്നുമാത്രമേ സ്ത്രീ പുരുഷനു് തുല്യയായി എന്നു പറയാവൂ."

* * *

ഗ്രാമീണവൃദ്ധൻ: "എനിക്കിപ്പോൾ 80 വയസ്സായി. ഈ പ്രായത്തിനിടക്കു് ഒരിക്കലെങ്കിലും നുണപറഞ്ഞിട്ടുള്ളതായി ഞാനോർക്കുന്നില്ല."

യുവാവ്: "ഈ വയസ്സുകാലത്തു് അതൊക്കെ ഓർക്കാൻ പ്രയാസമാണപ്പാപ്പാ."

* * *

ജോണി: "അമ്മ പറഞ്ഞയച്ചു കഴിഞ്ഞതവണ തന്നതരം രണ്ടു റൊട്ടി തന്നയക്കാൻ."

ബേക്കർ അഭിമാനപൂർവ്വം മററുള്ളവരെ നോക്കിയിട്ടു്: "കേട്ടോ? ഇവിടത്തെ റൊട്ടിയുടെ ഗുണം ജോണിയുടെ അമ്മയ്ക്കറിയാം. ആകട്ടെ നീ അവിടെ നില്ക്കു്, ഞാനിപ്പോൾ കൊണ്ടുവരാം."

കച്ചവടക്കാരൻ അകത്തേക്കു പോയപ്പോൾ ജോണി വിളിച്ചുപറഞ്ഞു: "കഴിഞ്ഞതവണ തന്നതരംതന്നെ വേണമെന്നു അമ്മ പ്രത്യേകം പറഞ്ഞയച്ചു വീട്ടിൽ അമ്മായിയും പിള്ളേരുംവന്നിട്ടുണ്ടു്. ഇനി അടുത്തെങ്ങും അവരാരും വീട്ടിൽ കയറരുതെന്നാണു് അമ്മയുടെ ആഗ്രഹം."

* * *

വളരെ സാവകാശത്തിലാണു് തീവണ്ടി ഓടിയിരുന്നതു്. യാത്രക്കാർ ഇരുന്നു മുഷിഞ്ഞു. അപ്പോഴാണു് ടിക്കററു ചെക്കർവന്നു് പരിശോധന തുടങ്ങിയതു്. ഒരു ബാലന്റെ ടിക്കററ് കണ്ടപ്പോൾ അവന്റെ അമ്മയോടു് പറഞ്ഞു: "ഇത്രയും പൊക്കമുള്ള ഇവനു് അരടിക്കററ് പോരാ."

സ്ത്രീ: "വണ്ടിയിൽ കയറിയപ്പോൾ അതിനുള്ള പൊക്കമേ ഉണ്ടായിരുന്നുള്ളു. വണ്ടിയിൽ ഇരുന്നു പൊക്കംവച്ചതിനു് നിങ്ങളാണുത്തരവാദികൾ?"

## മാർപ്പാപ്പായെ മുഖംകാണിച്ചു

മണലൂർ സ്വദേശിയായ ചിറമ്മൽ ശ്രീ പാവു ജേക്കബ്ബ് അവർകൾ ജൂലൈ 14-ാംനു മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ചതായി അറിയുന്നു. അന്നത്തെ സന്ദർശകരുടെ ലിസ്റ്റ് ജൂലൈ 17-ാംനുയിലെ "ഒസ്സർവത്തോരെ റൊമാനോ"യിൽ പ്രസിദ്ധംചെയ്തിട്ടുള്ളതിൽ ശ്രീ പാവു ജേക്കബ്ബും ഉൾപ്പെട്ടിട്ടുണ്ട്.



ചങ്ങനാശേരി രൂപതയുടെ മെത്രാൻ നി. വ. ദി. ശ്രീ മൊററ് റവ. ഡോക്ടർ മാത്യൂ കാവുകാട്ട് തിരുമനസ്സുകൊണ്ട് ഈയിടെ തമ്പലക്കാട്ടുപള്ളിയിൽ നടത്തിയ വിസിത്താവസരത്തിൽ എടുത്ത ഫോട്ടോ. വന്ദ്യ തിരുമേനിയുടെ വലത്തുവശത്തായി വികാരി ഫാദർ ജെ. വട്ടയ്ക്കാട്ടിനേയും, ഇടതുവശത്തായി ചാൻസലർ ഫാദർ ഗ്രിഗരി കരിക്കമ്പള്ളിയേയും, പുറകിലായി നവീനമായി സ്ഥാ[illegible]മായിട്ടുള്ള തിരുഹൃദയമഠത്തിലെ അംഗങ്ങളേയും കാണാം.

[illegible]ന്യാസസഭയിൽ പ്രവേശിച്ച് പ്രൈമറിസ്കൂളിൽ പഠിപ്പിക്കുന്നതിനു വേണ്ട സന്മനസ്സും യോഗ്യതയുമുള്ള ഒന്നുരണ്ടുപേരെ പത്രമേനിക്കൂടാതെ ഈ മഠത്തിൽ സ്വീകരിക്കുന്നതാണ്. ഉടനെ അപേക്ഷിക്കുക.
റവ. മദർ സുപ്പീരിയർ. തിരുഹൃദയമഠം, തമ്പലക്കാട്ട്, കാഞ്ഞിരപ്പള്ളി. P. O.




(ശിവറാം)

കിലുകിലുങ്ങിയ ട്രയിൻ ബോൾ അവൻ കട്ടിലിൽ കിടന്നു ചിരിക്കും. ആ യുവദമ്പതികൾക്ക് അവരുടെ ഓമനമകൻ ബേബി പ്രാണനാണ്; ജീവന്റെ ജീവനാണ്. ബേബി ചിരിക്കുമ്പോൾ പൂർണ്ണചന്ദ്രനെപ്പോലെ ഡോളിയുടെ മുഖം വികസിക്കും. അതു കാണുമ്പോൾ കുഞ്ഞപ്പന്റെ ആനന്ദം ഒട്ടും കുറയില്ല.

അതെ, അതിലാശ്ചര്യമില്ല. മിക്ക വീടുകളിലും കുഞ്ഞുങ്ങളുണ്ട്. മാതാപിതാക്കൾക്ക് അവരുടെ കുഞ്ഞ് ആനന്ദ കാരണമാണ്. ഓരോ കുഞ്ഞിനുംവേണ്ടി



എത്ര പണം വേണമെങ്കിലും ചെലവാക്കുന്നതിനോ, എന്തു ക്ലേശം സഹിക്കുന്നതിനോ ഒരു മാതാപിതാക്കളും ഒരുക്കമാണ്. കുഞ്ഞിന് കളിപ്പാട്ടങ്ങൾ വാങ്ങുക, ... വസ്ത്രങ്ങൾ വാങ്ങുക, നല്ല സിൽക്കുടുപ്പുകൾ അവനായി തയ്പിക്കുക, അവനു കേറിയിരുന്നാടുന്നതിനു മരക്കുതിരയെ വാങ്ങുക, സവാരി ചെയ്യുവാൻ മുച്ചക്രവണ്ടി വാങ്ങുക, ഇതിനൊന്നും വാത്സല്യനിധികളായ മാതാപിതാക്കൾക്ക് യാതൊരു മടിയുമില്ല.

രണ്ടുവയസ്സു പ്രായമായ അരുമയായ ബേബിക്ക് ഒരു കുഞ്ഞിനുവേണ്ട എല്ലാ സുഖസാധനങ്ങളും, നിറയെ കുസൃതിയുമുണ്ട്. മാളികയുടെ മുകളിൽ ബേബി കളിച്ചുകൊണ്ടിരിക്കും. അവൻ, ഒരുദിവസം ഇന്നലിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്നു, അമ്മയെ ഉണ്ണിയുടെനോക്കി. പതുക്കെ കോണിത്തട്ടിലേക്കിറങ്ങി, കൈയിൽ ഇരുന്ന ഒരു പന്തുമായി അവൻ പിച്ചവച്ചു നടന്നു് കോവണിയുടെ മുകളിലത്തെ പടിയിൽ നില്ക്കുയാണ്. അവന്റെ കൈയിൽനിന്നു് പന്തു വഴുതി താഴെ ചാടി. അവൻ പൊട്ടിച്ചിരിച്ചു.

കോവണിപ്പടികളിൽ ഒരു തേങ്ങാ ഉരുണ്ടുവീഴുന്നതുപോലൊരു ശബ്ദം കേൾക്കുന്നതായി ഡോളിക്കുതോന്നി. അവൾ അങ്ങോട്ടു തലതിരിച്ചു. ഉച്ചത്തിലുള്ള ഒരു നിലവിളിയുടെ ശബ്ദം!! "ഓ! ബേബി! എന്റെ പൊന്നുമോനെ ഡേ!" ഡോളി അലച്ചു് കോവണിവാതിലിൽ ഓടിയെത്തി.

പന്ത്രണ്ടു കണ്ണോമറിഞ്ഞു് തലയും മുഖവും പൊട്ടി ചോരയൊലിപ്പിച്ചു് ഇനി നാവുമായോടെ ബേബി മരണക്കോവണി ച്ചുവട്ടിൽ കിടക്കുന്നു. ഡോളിയും പൊട്ടിക്കരഞ്ഞുപോയി കുഞ്ഞിനെ അവളെടുത്തു അയൽക്കാർ ഓടിയെത്തി ബേബിയുടെ ആ കിടപ്പ് വായനക്കാർ സങ്കല്പിക്കയാണുത്തമം അവനുവേണ്ട വൈദ്യശുശ്രൂഷകളെല്ലാം സമയത്തിനു ലഭിച്ചു ആശുപത്രിയിലെ ഒരു വലിയ വെള്ളവിരിച്ച കട്ടിലിൽ തലയും മുഖത്തും വച്ചുകെട്ടോടെ ബേബി ഇപ്പോൾ കിടക്കയാണ് അവന്റെ അമ്മ ഡോളിയും, അപ്പൻ കുഞ്ഞപ്പനും മാറാതെ അവനെ ശുശ്രൂഷിക്കുന്നുണ്ട് പാവം! ബേബി കുഞ്ഞിനു നേരിട്ട അത്യാഹിതം എത്ര പെട്ടെന്നു് ആ മാതാപിതാക്കളെ സന്താപത്തിൽ ആഴ്ത്തി!

ഇതുകൊണ്ടാണ്, വളരെ നാളുകളായി ഒരാപത്തും സംഭവിക്കാത്ത ഒരു വീട്ടിൽ ഏതു സമയത്തും ഒരത്യാഹിതമുണ്ടാകാം എന്നു പറയുന്നതു്. നിങ്ങൾ നിങ്ങളോടുതന്നെ ഒന്നു ചോദിക്കുക: നിങ്ങളുടെ വീട്ടിലുള്ള ഓമനക്കുഞ്ഞുങ്ങളുടെ സുരക്ഷിതമായ വളർച്ചയ്ക്കുവേണ്ട രക്ഷാനടപടികൾ നിങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ?

കുഞ്ഞുങ്ങൾ വീഴാതെ കോവണിവാതിലിൽ പടി ഇട്ടിട്ടുണ്ടോ? അവർക്കു കൈയെത്താവുന്നിടങ്ങളിൽനിന്നും വിള


## ശ്രദ്ധിക്കുക:—

ഫേവർലൂബാ,
മെരിഡിയൻ,
ആംഗ്ലോസ്വിസ്സ്,
ലൺഡ് & ബ്ളാക്ക്‌ലി,
സാക്സോണിയാ
റോളക്സ്, മുതലായ
വാച്ചുകളും, ക്ലോക്കുകളും
ഫിലിപ്സ്- (കാർ &
ഡ്യൂക്രെ ബ്രാറ്റി സെറ്റ്)
റേഡിയോകളും
മിതമായ വിലയ്ക്ക്
ഉത്തരവാദിത്വത്തോടുകൂടി ഞങ്ങൾ
സപ്ലൈ ചെയ്യുന്നു

ദി ഓറിയന്റൽ ഏജൻസീസ
കാഞ്ഞിരപ്പള്ളി


ക്കു്, മഷിക്കുപ്പി, മരുന്നുകൾ, കണ്ണാടി, മൂർച്ചയുള്ള ആയുധങ്ങൾ ഇവ മാറ്റിയാണോ വച്ചിരിക്കുന്നതു്? കുട്ടികൾക്കു് മുറിവുപറ്റാവുന്ന കളിപ്പാട്ടങ്ങളാണോ കളിക്കാൻ കൊടുത്തിരിക്കുന്നതു്? പുരയിടത്തിന്റെ പിൻപേ ക്രൂസൽകൂടാതെ ഓടുന്ന കുഞ്ഞുങ്ങളുടെ രക്ഷയ്ക്കു് കിണറുകൾ കെട്ടിച്ചിട്ടുണ്ടോ? അഥവാ അതിനുചുറ്റും വേലി കെട്ടിച്ചിട്ടുണ്ടോ? പാമ്പെങ്ങും കുതിച്ചുചാടിനടക്കുന്ന കുട്ടികളുടെ കാലിൽ തറച്ചുകയറാതെ കുപ്പിക്കഷണങ്ങളും വളഞ്ഞ ആണികളും പാട്ടക്കഷണങ്ങളും സുരക്ഷിതമായി എവിടെയെങ്കിലും കുഴിച്ചുമൂടിയിട്ടുണ്ടോ?

കാണുന്ന ദ്വാരങ്ങളിലൊക്കെ കൈയും കമ്പും ഇട്ടുനോക്കുന്ന സ്വഭാവമുള്ളവരാണു് കുഞ്ഞുങ്ങൾ. ക്ഷുദ്രജന്തുക്കളോ മറ്റോ കുടികൊണ്ടേക്കാവുന്ന വീടിനടുത്തുള്ള ദ്വാരങ്ങൾ നിങ്ങൾ അടച്ചുകഴിഞ്ഞിട്ടുണ്ടോ? വിദ്യുച്ഛക്തിയുള്ളിടങ്ങളിൽ കുട്ടികളുടെ കൈ എത്താത്ത സ്ഥലങ്ങളിൽതന്നെയാണോ, പ്ലഗ് പോയിന്റുകൾ വച്ചിരിക്കുന്നതു്?

ഇങ്ങനെ ഒട്ടനവധി നിസ്സാരകാര്യങ്ങൾ നാം നമ്മുടെ കുഞ്ഞുങ്ങളുടെ സുരക്ഷിതമായ വളർച്ചയ്ക്കുവേണ്ടി ചെയ്യേണ്ടിയിരിക്കുന്നു. പ്രായോഗികങ്ങളും നിസ്സാരങ്ങളുമായ അപകടനിവാരണമാർഗ്ഗങ്ങൾ വീടുകളിൽ ഏർപ്പെടുത്തുന്നില്ലാത്തവർ ഒടുവിൽ കഠിനമായ അപകടം വന്നുചേരുമ്പോഴാണു് പശ്ചാത്തപിക്കുന്നതു്. (തുടരും)




ആശുപത്രിയിലെ ഒരു വലിയ വെള്ളവിരിച്ച കട്ടിലിൽ തലയും മുഖത്തും വെച്ചുകെട്ടോടെ ബേബി ഇപ്പോൾ കിടക്കയാണു്.

## പ. പിതാവിന്റെ സംഭാവന

മദ്രാസ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ക്ഷാമപീഡിതരായിരിക്കുന്നവരുടെ സഹായാർത്ഥം വിനിയോഗിക്കുവാൻ പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് 5000 ഡോളർവീതം മദ്രാസ് ആർച്ചുബിഷപ്പിനും റാഞ്ചി ബിഷപ്പിനും ഇന്റർനൺഷ്യോവഴി നല്കുകയുണ്ടായി. അതിനുപുറമെ തിരുമനസ്സുകൊണ്ടു് ഇപ്പോൾ 10000 ഡോളർ ഇന്ത്യയിലെ ദരിദ്രർക്കുവേണ്ടി ചെലവാക്കുവാൻ പാറ്റ്നാ ബിഷപ്പിനെ ഏല്പിച്ചിരിക്കുന്നു.




സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ ശുപാർശയനുസരിച്ചു് ചങ്ങനാശേരി അസംപ്ഷൻ (വനിതാ) കോളേജിനു് ഗവർമ്മെന്റ് അനുമതി നൽകിയിരിക്കുന്നു.

—തിരുവിതാംകൂർ സർവ്വകലാശാലാ ബി. ടി. ഡിഗ്രി മദ്രാസ് സർവ്വകലാശാലാ ഡിഗ്രിക്കു തുല്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

—തിരു-കൊച്ചി സംസ്ഥാനത്തെ ഇപ്പോഴത്തെ രാഷ്ട്രീയസ്ഥിതിഗതികളെപ്പറ്റിയുള്ള യഥാർത്ഥവിവരങ്ങൾ 24 മണിക്കൂറിനകം കേന്ദ്രഗവർമ്മെന്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ആഗസ്റ്റ് 11-ാംനു ഒടടിയന്തിര കമ്പി സന്ദേശം തിരു-കൊച്ചി ഗവർമ്മെന്റിനു് ലഭിച്ചതായും നിർദ്ദേശാനുസരണം മറുപടി അയച്ചതായുമറിയുന്നു.

—മിസ്സിസ് ഫ്രാൻസിസിന്റെ നിര്യാണംമൂലം ഒഴിവുവന്നിരിക്കുന്ന എറണാകുളം വനിതാമണ്ഡലത്തിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ആഗസ്റ്റ് 30-ാംനു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—തിരു-കൊച്ചിയിൽ അരിവില ഇടങ്ങഴിക്കു് ഒരണയിൽ താഴെ വർദ്ധിപ്പിക്കുവാൻ കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നതായറിയുന്നു.

—വണ്ടൻമേട്ടപകുതിയിൽ 35000 ഏക്കർ സ്ഥലം സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്കു വിതിച്ചുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.




ആഗസ്റ്റ് 27-ാംനു നടത്തുവാനുദ്ദേശിച്ചിരുന്ന റെയിൽവെ സ്ട്രൈക്കു് രണ്ടു മാസത്തേക്കു നീട്ടിവയ്ക്കുവാൻ ആഗസ്റ്റ് 10 ാംനു ബോംബെയിൽവച്ചുകൂടിയ അഖിലേന്ത്യാ റെയിൽവെ ഫെഡറേഷൻ തീരുമാനിച്ചിരിക്കുന്നു.

—പൊതുതിരഞ്ഞെടുപ്പു സംബന്ധിച്ച വോട്ടെടുപ്പ് അടുത്ത റിപ്പബ്ലിക്ക ദിനമായ 1952 ജനുവരി 26-ാംനുക്കുമുമ്പ് പൂർത്തിയാക്കിക്കൊള്ളണമെന്നു ചീഫ് ഇലക്ഷൻ കമ്മീഷണർ എല്ലാ സംസ്ഥാനീക ഗവർമ്മെന്റുകൾക്കും നിർദ്ദേശം നല്കിയിരിക്കുന്നു ഫെബ്രുവരി 15നകം എല്ലാസംസ്ഥാനങ്ങളിലേയും തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കപ്പെടുന്നതാണത്രെ.

—ഒറീസയിലെ ആക്റ്റിംഗ് ഗവർണ്ണരായിരുന്ന ശ്രീ വി. പി. മേനോൻ മലബാറിലെ ഒരു നിയോജകമണ്ഡലത്തിൽ പാർലമെന്റു സ്ഥാനാർത്ഥിയായി നിന്നു മത്സരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

## പ. കുർബാനയുടെ

### ആരാധനയും പ്രദക്ഷിണവും

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്തീനോസ്തിരുമേനി പൗരോഹിത്യപട്ടം സ്വീകരിച്ചിട്ട്, ഈ വരുന്ന ഡിസംബർ 21-ാംനു 50 വർഷം തികയുന്നതാണു്. ഏതത്സംബന്ധമായി 1951 ജൂലൈ 31-ാംനു തിരുമനസ്സുകൊണ്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരിടയലേഖനത്തിൽ, തന്നോടൊന്നിച്ചു ദൈവത്തിനു നന്ദി പറയുവാൻ തിരുമേനി സ്വാജഗണങ്ങളെ ആഹ്വാനംചെയ്തിരിക്കുന്നു. അതിനുള്ള ആദ്ധ്യാത്മികപരിപാടികൾ തിരുമനസ്സുകൊണ്ടുതന്നെ നിർദ്ദേശിച്ചിട്ടുണ്ടു്. ഇടവകകൾതോറും യഥാസൗകര്യം നാല്പതുമണിയാരാധന, അഥവാ പന്ത്രണ്ടുമണിയാരാധന നടത്തുക, സന്യാസാശ്രമങ്ങളിൽ രാത്ര്യാരാധന കഴിക്കുക, ആരാധനയ്ക്കു് ഒരുക്കമായി ഇടവകകളിൽ പൊതുധ്യാനം നടത്തുക, തദവസരത്തിൽ സൊഡാലിറ്റി, കുരിശുയോദ്ധാക്കളുടെ സംഘം, വിൻസെന്റ് ഡി പോൾ സംഘം മുതലായ ഭക്തസംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക, ദരിദ്രർക്കു ധർമ്മംകൊടുക്കുക ആദിയായവയാണു മേൽപ്പറഞ്ഞ പരിപാടികളിൽ പ്രധാനപ്പെട്ടവ. ഇവയുടെയെല്ലാം ഉപസംഹാരമായി തിരുമനസ്സിലെ ആസ്ഥാനമായ എറണാകുളത്തു ഡിസംബർ അവസാനത്തോടുകൂടി ഒരു ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുവാനും ഉദ്ദേശമുണ്ടു്. അതിനെ പരാമർശിച്ചു് തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചിരിക്കുന്നതു് ഇങ്ങനെയാണു്: "പ്രതിദിനം നമ്മുടെ അയോഗ്യകരങ്ങളിലേക്കു് എഴുന്നള്ളിവരുവാൻ തിരുമനസ്സായ ദിവ്യനാഥനോടുള്ള കൃതജ്ഞതയുടെ ഒരു ബാഹ്യപ്രകടനമായും നമ്മുടെ പലവിധ കുറ്റങ്ങൾക്കും കുറവുകൾക്കും പരിഹാരമായും ആ പ്രദക്ഷിണവും നാം നിയോഗിക്കുന്നു."



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. എഫ്. മത്തായി, തിടക്കായി.

## നിര്യാതനായി

പശ്ചിമേന്ത്യയിലെ സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ സെൻട്രൽ കൗൺസിൽ ജനറൽസെക്രട്ടറി ശ്രീ എൽ. എം. വെല്ലാദരസ് ജൂലൈ 22-ാംനു ബോംബെയിൽവച്ചു് നിര്യാതനായിരിക്കുന്നു. R. I. P.

## ചരമം

കുറപ്പന്തറ: വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രസിഡണ്ടു് ബ്രദർ മാത്യു പോൾ തെങ്ങുമ്പള്ളിയുടെ പിതാവു ശ്രീ ഔപ്പ മത്തായി ആഗസ്റ്റ് 1-ാംനു നിര്യാതനായിരിക്കുന്നു.

—പാവരട്ടി: ശ്രീ ചെക്കങ്ങിൽ ലോനപ്പൻ ജോസഫ് ആഗസ്റ്റ് 7-ാംനു നിര്യാതനായി. ശവസംസ്കാരകർമ്മം പിറ്റേദിവസം സെന്റ് റോക്കാസ് പള്ളിയിൽവച്ചു നടത്തപ്പെട്ടു.

—കോടിക്കുളം: പിണക്കാട്ടു കുടുംബാംഗമായ കുമാരി പി. എം. മറിയം ആഗസ്റ്റ് 4-ാംനു 32-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—മുട്ടം: ഉപാദ്ധ്യാപകനായിരുന്ന ശ്രീ വർക്കി ജെ. കോട്ടൂപ്പള്ളി ജൂലൈ 29-ാം തിയതി ചരമം പ്രാപിച്ചിരിക്കുന്നു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 5 | E[illegible]AKULAM, AUGUST 15, 1951 | No 1


# തിരുനാൾമംഗളം



കോട്ടാർരൂപതയെ പ്രശസ്തമായി ഭരിച്ചുവരുന്ന റൈററ് റവ. ഡോക്ടർ റോച്ച് അഗ്നിസ്വാമി എസ്. ജെ. തിരുമേനിയുടെ നാമകാരണനായ വി. ദോമിനിക്കിന്റെ തിരുനാൾ ആഘോഷിക്കപ്പെടുന്നതു നാളെയാണല്ലോ. ഈ സുദിനത്തിൽ തിരുമനസ്സിലെ അജഗണങ്ങളോടു ചേർന്നുകൊണ്ടു സത്യദീപവു പുത്രനിർവ്വിശേഷമായ ഭക്ത്യാദരങ്ങളോടെ തിരുമനസ്സിലേക്കു സകലവിധ മംഗളങ്ങളുമാശംസിക്കയും തിരുമനസ്സിലെ ഭരണം വിജയശ്രീലാളിതമായി ഉത്തരോത്തരം പുരോഗമിക്കുന്നതിനുവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# കൃതജ്ഞത

സത്യദീപം ഇന്നു 25-ാം വയസ്സിലേക്കു പ്രവേശിക്കുകയാണ്. ഈ വാല്യത്തിന്റെ അവസാനത്തിൽ പത്രത്തിന്റെ രജതജൂബിലി അനുസ്മരിച്ചുകൊണ്ടുള്ള ഒരു വിശേഷാൽപ്രതി പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. തല്ക്കാലം, സത്യദീപത്തിന്റെ വിജയകരമായ നടത്തിപ്പിനു യഥാശക്തി സഹായം നല്കിക്കൊണ്ടിരിക്കുന്ന എല്ലാവരുടെയും നേർക്കുള്ള ഞങ്ങളുടെ അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ. വിശിഷ്യ, ഈ പത്രശിശുവിന്റെ സംരക്ഷകരായ വന്ദ്യപിതാക്കന്മാരോടു, പ്രത്യേകിച്ചു, ഈയവസരത്തിൽ ഓരോ മധുരസന്ദേശമയച്ചു ഞങ്ങളെ അനുഗ്രഹിച്ച അഭിവന്ദ്യതിരുമേനിമാരോട്, ഞങ്ങൾ അതീവകൃതാർത്ഥരായിരിക്കുന്നു. പത്രപ്രചാരണത്തിനായി അക്ഷീണം യത്നിച്ചുവരുന്ന ബ. വൈദികരോടും സന്യാസിനീസന്യാസികളോടും ഏജന്റന്മാരോടും ഭക്തസംഘടനകളോടും ഞങ്ങൾക്കുള്ള കടപ്പാടും നിസ്സീമമാണ്. ലേഖനസഹായംചെയ്തുകൊണ്ടിരിക്കുന്ന പത്രബന്ധുക്കളോടും, സൗജന്യവിതരണഫണ്ടിലേക്കു ധനസഹായം ചെയ്തുകൊണ്ടിരിക്കുന്ന ഉദാരമതികളോടും ഞങ്ങൾക്കുള്ള നന്ദിയും പ്രകാശിപ്പിച്ചുകൊള്ളുന്നു. പത്രാവരത്തിൽ വായിക്കുന്ന മാന്യമഹാജനങ്ങൾക്കു ഞങ്ങളുടെ കൂപ്പുകൈ. സാഗ്ഗുരാജ്ഞിയായി മുടിചൂടിയിരിക്കുന്ന കന്യകാമാതാവ് ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ.

# ഐക്യമുന്നണിപ്രസ്ഥാനം കമ്മ്യൂണിസ്റ്റ് അടവുകളിലൊന്ന്

ഇൻഡ്യയിൽ അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനംകിട്ടുവാനും കൂടുതലായി വിജയംവരിക്കുവാനും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും നേതാക്കന്മാർ, കമ്മ്യൂണിസ്റ്റ് പാർട്ടി പാശ്ചാത്യരാജ്യങ്ങളിൽ സമർത്ഥമായും ഫലപ്രദമായും പ്രയോഗിച്ചു പരിചയിച്ചിട്ടുള്ള ഒരു അടവ് പ്രയോഗിക്കുവാൻ തീർച്ചയാക്കിയിരിക്കുകയാണ്. ചില ലക്ഷ്യങ്ങളിലും പരിപാടികളിലെങ്കിലും തങ്ങളോടു യോജിക്കുവാൻ തയാറുള്ള ഇതരരാഷ്ട്രീയ പാർട്ടികളോടും, യാതൊരു പാർട്ടിയിലും ചേർന്നിട്ടില്ലാത്ത കൂട്ടരോടും കൂടി യോജിച്ചു ഒരു ഐക്യമുന്നണി സ്ഥാപിക്കുകയെന്നതാണ് ഈ അടവ്.

### കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ ഐക്യമുന്നണി പ്രഖ്യാപനം

കഴിഞ്ഞ ജൂലൈ മാസത്തിൽ ഒരാഴ്ചക്കാലത്തേക്കു ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രതിരഞ്ഞെടുപ്പു ബോർഡ് കൂടുകയുണ്ടായി അവർ തീരുമാനിച്ച ഒരു സംഗതി 'മററു പാർട്ടികളെ സമീപിച്ചു തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ ഒരു ഐക്യമുന്നണി ഉണ്ടാക്കുക' എന്നതാണ്. പ്രസ്തുത യോഗത്തിൽ സംബന്ധിച്ച സഖാവു എ. കെ. ഗോപാലൻ ബോർഡിന്റെ തീരുമാനത്തെ ഇപ്രകാരം വിശദീകരിച്ചു: 'ഞങ്ങളുടെ പരിപാടികളോടു മുഴുവൻ യോജിക്കാത്തവരുണ്ടാകാം. അത്തരത്തിലുള്ള കക്ഷികളുമായി ഞങ്ങൾ ഏററവും കുറഞ്ഞ ചില പരിപാടികളിന്മേൽ, അതായതു പരിപൂർണ്ണ സിവിൽ സ്വാതന്ത്ര്യ, അനീതിയായ ഭൂമിപരിഷ്കരണം, കൈക്കൂലിക്കും കള്ളമാർക്കററിനും എതിരായ സമരം, തൊഴിലാളികൾക്കു ജീവിക്കാനുള്ള കൂലി, ഐക്യകേരളം മുതലായ പരിപാടികളിന്മേൽ ഒരു തിരഞ്ഞെടുപ്പു യോജിപ്പിനു തയാറാണ്. പക്ഷെ ആ പാർട്ടികളുടെ സ്ഥാനാർത്ഥികൾ ജനവിരോധികളല്ല ജനസമ്മതന്മാരാണ് എന്ന വ്യവസ്ഥകൂടി യോജിപ്പിനുള്ള അടിസ്ഥാനത്തിൽ ഒന്നാണ്." കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രകമ്മിറ്റി ഇലക്ഷൻ ബോർഡു സിക്രട്ടറി ശ്രീ ജ്യോതിബാസു ജൂലൈ അവസാനം ഒരു പത്രസമ്മേളനത്തിൽ ചെയ്ത പ്രസ്താവനയിലും "പുരോഗമനവാദികളായ എല്ലാം ജനായത്തവാദികളുടെയും ശക്തിയായ മുന്നണിയുണ്ടാക്കുവാൻ ഞങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുകയാണ്" എന്നു പറഞ്ഞിരുന്നു. കമ്മ്യൂണിസ്റ്റ് നേതാവായ മിസ്റ്റർ മീറാജ്ഖർ ജൂലൈ 27-ാം നു മദ്രാസിൽവെച്ചു "എല്ലാ പുരോഗമനപാർട്ടികളെയും ചേർത്തുകൊണ്ടു ഒരു ഐക്യമുന്നണി രൂപീകരിക്കപ്പെടുന്നതാണ്" എന്നു പ്രസ്താവിച്ചു. സഖാവു ടി. വി. തോമസ് ജൂലൈ 6-ാം നു തിരുവനന്തപുരത്തുവെച്ചു പ്രസ്താവിച്ചതു ഇതുതന്നെയാണ്:- "വിപുലമായ തോതിലുള്ള ഒരു ജനാധിപത്യ ഐക്യമുന്നണിയാണ് ഞങ്ങളുടെ പ്രവർത്തനലക്ഷ്യം." കേന്ദ്രസംഘടനയിലെയും പ്രാദേശികസംഘടനയിലെയും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ നാഷണൽ കോൺഗ്രസിൽനിന്നു പിരിഞ്ഞുപോയവരും അതിനെതിരായി നില്ക്കുന്നവരുമായ വിവിധപാർട്ടികളുമായി ഈ ഐക്യമുന്നണി രൂപീകരണത്തിനു വേണ്ടി ആലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷപാർട്ടികൾ പലതും ഈ ഐക്യമുന്നണിയുടെ ഘടകങ്ങളായി ചേർന്നുവെന്നുവരാം.

### കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ട്രോജൻ കുതിരനയം

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരമലക്ഷ്യം കമ്മ്യൂണിസ്റ്റ് അല്ലാത്ത ലോകത്തിലെ സകല ഭരണകൂടങ്ങളേയും അട്ടിമറിച്ചു തൽസ്ഥാനങ്ങളിൽ കമ്മ്യൂണിസ്റ്റ് ഭരണം ഏർപ്പെടുത്തുകയെന്നതാണെന്നു പ്രസിദ്ധമാണല്ലോ. ഈ സാർവ്വലൗകികവിപ്ലവം സംഘടിപ്പിക്കുന്നതിനുവേണ്ടി ലെനിൻ 1919-ൽ "മൂന്നാം ഇന്റർനാഷണൽ" (കൊമിന്റേൺ) സ്ഥാപിച്ചു. ആ സാർവ്വരാജ്യകമ്മ്യൂണിസ്റ്റ് സംഘടനയുടെ വിപ്ലവപ്രസ്ഥാനങ്ങൾ ആശിച്ചവിധം വിജയം വരിക്കുന്നില്ലെന്നു കണ്ടപ്പോൾ തങ്ങളുടെ വിപ്ലവതന്ത്രങ്ങൾ ഭേദപ്പെടുത്തേണ്ടതാണെന്നു അവർ നിശ്ചയിച്ചു. 1935-ൽ, കൊമിന്റേണിന്റെ 7-ാമത്തെ കോൺഗ്രസ്സിൽ, അതിന്റെ സിക്രട്ടറി ജനറലായിരുന്ന ഡിമിട്രോവ് ഒരു പുതിയ തന്ത്രം ഉപദേശിച്ചുകൊടുത്തു. അതാണ് "ട്രോജൻ കുതിര"തന്ത്രം. നിരുപദ്രവകരങ്ങളും ജനകീയങ്ങളുമായ സംഘടനകളിൽ ഐക്യത്തിന്റെ പേരുംപറഞ്ഞു കടന്നുകൂടി. അകമേ തുരങ്കംവെച്ചു, കമ്മ്യൂണിസ്റ്റുകാരല്ലാത്തവരുടെ നേതൃത്വം അവയിൽനിന്നു ബഹിഷ്കരിച്ചു, അവസാനത്തിൽ അവയെ മുഴുവനും കമ്മ്യൂണിസ്റ്റാധിപത്യത്തിൽ വരുത്തുന്ന തന്ത്രമാണിതു. പണ്ടു ഗ്രീക്ക് സൈന്യങ്ങൾ ട്രോയി എന്നപട്ടണം ആക്രമിക്കുവാൻ പുറപ്പെട്ടു. പ്രതിരോധനം അജയ്യമാണെന്നു കണ്ടപ്പോൾ ഗ്രീക്ക് പട്ടാളക്കാർ മരംകൊണ്ടു പ്രകാണ്ഡമായ ഒരു കുതിരയെ നിർമ്മിച്ചു അതിന്റെ ഉള്ളിൽ ഗ്രീക്ക പട്ടാളക്കാർ കയറി ഒളിച്ചിരുന്നു. ഈ കുതിര പ്രദർശിപ്പിക്കപ്പെട്ടപ്പോൾ ട്രോയി പട്ടണവാസികൾക്കു വളരെ കൗതുകം തോന്നി. കുതിരയെ പട്ടണത്തിനുള്ളിൽ പ്രവേശിപ്പിക്കുവാൻ അവർ സസന്തോഷം സമ്മതിച്ചു. അനന്തരഫലം പറയേണ്ടതില്ലല്ലോ. കുതിരയുടെ ഉള്ളിലിരുന്ന ഗ്രീക്ക് പട്ടാളക്കാർ വെളിയിൽ ഇറങ്ങുകയും അവരുടെ സഹായത്തോടുകൂടി പട്ടണത്തെ ഗ്രീക്ക്സൈന്യം പിടിച്ചടക്കുകയുംചെയ്തു. 1935 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ റഷ്യയിലെ ഹെഡ്ക്വാർട്ടേഴ്സ് "ജനകീയനിര", "ഐക്യമുന്നണി" എന്നീ സുന്ദരങ്ങളായ ലേബലുകൾ പതിച്ചുകൊണ്ടാണ് തങ്ങളുടെ സാർവ്വലൗകിക വിപ്ലവപ്രസ്ഥാനം സാമർത്ഥ്യേന മുന്നോട്ടു കൊണ്ടുപോയിരുന്നതു്.

### മുൻകമ്മ്യൂണിസ്റ്റുകാരന്റെ സ്വന്തം അനുഭവം

അടുത്തകാലംവരെ കമ്മ്യൂണിസ്റ്റുകാരനായിരുന്ന ഡഗ്ലസ് ഹൈഡ് എന്ന ദേഹം ഇംഗ്ലണ്ടിലെ "ഡെയിലി വർക്കർ" എന്ന കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ അധിപന്മാരിൽ ഒരാളായിരുന്നു. അദ്ദേഹം രചിച്ച ഒരു ഗ്രന്ഥത്തിൽ ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസ്തുതതന്ത്രം വിജയകരമായി പ്രയോഗിച്ചതിനെപ്പററി ഇപ്രകാരം പ്രസ്താവിക്കുന്നു:-

"ഈ തന്ത്രം പ്രയോഗിക്കുവാൻ ഞാൻ ഒരവസരത്തിൽ നിയുക്തനായി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവൃത്തിമുഖമായ യാതൊരു ശാഖയും ഇല്ലാതിരുന്ന ഒരു പട്ടണത്തിൽ അങ്ങനെയൊന്നു സ്ഥാപിക്കുവാൻ ഞാൻ പ്രവർത്തനം തുടങ്ങി. സ്ഥലത്തെ ലേബർ പാർട്ടിയിൽ ഞാനംഗമായിച്ചേർന്നു എന്നെ എല്ലാവരും കാണുകയും കേൾക്കുകയും ചെയ്യത്തക്കവണ്ണം ഞാൻ അതിന്റെ പ്രവർത്തനങ്ങളിൽ പ്രകടമായി പങ്കെടുത്തു. അധികം താമസിയാതെ ലേബർപാർട്ടിയുടെ ആ ശാഖയിലെ പ്രവർത്തകസമിതിയിലേക്കും, അനന്തരം ഡിവിഷണൽ കമ്മിററിയിലേക്കും ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. അപ്പോഴെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗത്വം ഞാൻ രഹസ്യമായി പാലിക്കുകയും ചെയ്തിരുന്നു. 12 മാസങ്ങൾക്കുള്ളിൽ പ്രസ്തുത രണ്ടു കമ്മിററികളിലെയും അംഗങ്ങളിൽ ഭൂരിപക്ഷത്തെയും ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കു വശീകരിച്ചെടുത്തു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അംഗത്വം രഹസ്യമായി വെച്ചുകൊണ്ടു ലേബർ പാർട്ടിക്കുള്ളിൽ നിന്നു പ്രവർത്തിച്ചുകൊള്ളുവാൻ ഞാൻ അവരെ ഉപദേശിച്ചു. അധികനാൾ കഴിയുംമുൻപു് ആ ലേബർപാർട്ടിമണ്ഡലം അകമേ പ്രവൃത്തിമുഖമായ കമ്മ്യൂണിസ്റ്റ് മണ്ഡലമായി രൂപാന്തരപ്പെട്ടു. ആ മണ്ഡലക്കാർ പാസാക്കിയ പ്രമേയങ്ങൾ അംഗീകരണത്തോടുകൂടി ഡെയിലിവർക്കർപത്രം ഉദ്ധരിച്ചിരുന്നു. ആ സ്ഥലത്തെ ലേബർപാർട്ടിനേതാക്കന്മാരെ, അവരറിയാതെതന്നെ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകന്മാരും പ്രചാരകന്മാരുമായി പരിവർത്തനംചെയ്യിക്കുവാൻ സാധിച്ചതിൽ ഞാനഭിമാനംകൊണ്ടു. ലേബർ പാർട്ടിക്ക് ഏററവും വലിയ ഉപദ്രവംവരുത്തുവാനുള്ള സന്ദർഭം സമാഗതമായെന്നു കമ്മ്യൂണിസ്റ്റ് നേതൃസംഘം തീരുമാനിച്ചപ്പോൾ ആ ലേബർ പാർട്ടിശാഖയിലെ സകല നേതാക്കന്മാരും അതിൽനിന്നു രാജിവെച്ചു ലേബർപാർട്ടിയുടെ നിലവിലിരിക്കുന്ന നയം വ്യാമോഹപരങ്ങളാണെന്നു പ്രഖ്യാപിച്ചുകൊണ്ടു തങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരാൻപോവുകയാണെന്നും ആ പാർട്ടിമാത്രമാണ് സോഷ്യലിസത്തിനും തൊഴിലാളിവർഗ്ഗത്തിനുംവേണ്ടി വാദിക്കുന്നതെന്നും അവർ പ്രഖ്യാപിച്ചു. അങ്ങനെ ആ ലേബർ പാർട്ടിശാഖയുമായുള്ള എന്റെ മറയുടെയും യോജിപ്പിൻ്റെയും ഫലമായി ആ പാർട്ടിയുടെ ചങ്ക് പറിച്ചുമാററുകയും, അതൊരു ചെറുമായ പുതിയ കമ്മ്യൂണിസ്റ്റ് ശാഖയായി പരിണമിക്കുകയും ചെയ്തു. എന്റെ സമർത്ഥമായ ഈ "നുഴഞ്ഞുകയറൽ"ജോലിക്കു മേലധികാരികൾ എന്നെ അഭിനന്ദിക്കുകയും അതുപോലെ വേറെ സ്ഥലങ്ങളിൽ തുടരുവാൻ എന്നെ പ്രോത്സാഹിപ്പിക്കുകയുമുണ്ടായി.

### ഐക്യമുന്നണിയാൽ ചെക്കോസ്ലോവാക്കിയ കമ്മ്യൂണിസ്റ്റ് രാജ്യമായി

ഐക്യമുന്നണിയുടേയും ജനകീയനിരയുടേയും അടവുകളുപയോഗിച്ചു റഷ്യൻ കമ്മ്യൂണിസ്റ്റ് മേധാവികൾ യൂറോപ്പിൽ പിടിച്ചടക്കിയ രാജ്യങ്ങൾക്കു ഒന്നാന്തരം ഉദാഹരണം ചെക്കോസ്ലോവാക്കിയ ആണ്. 1945 ൽ ഹിററ്ലറുടെ പിടിയിൽനിന്നു ചെക്കോസ്ലോവാക്കിയ ചെമ്പടയാൽ വിമോചിക്കപ്പെട്ട ഉടനെ അവിടെ ഒരു പുതിയ ഗവർമ്മെൻറ് സ്ഥാപിച്ചു. നാഷണൽ ഫ്രണ്ട് (ജനകീയ നിര) എന്ന നാമം സ്വീകരിച്ച ഈ ഗവർമ്മെൻറിൽ സകല രാഷ്ട്രീയപാർട്ടികളുടേയും പ്രാതിനിധ്യമുണ്ടായിരുന്നു. 1946 ലെ തിരഞ്ഞെടുപ്പിൽ 4 പാർട്ടികൾ — കമ്മ്യൂണിസ്റ്റ്, നാഷണൽ സോഷ്യലിസ്റ്റ്, കാത്തലിക് പീപ്പിൾസ്, സോഷ്യൽ ഡെമോക്രാററിക് പാർട്ടികൾ — സഹകരണപരമായി പങ്കെടുത്തു തിരഞ്ഞെടുപ്പിനുശേഷം യുദ്ധത്തിനുമുമ്പ് ആ രാജ്യത്തിലെ നേതാവും അവിടത്തെ പ്രജായത്തഭരണത്തിന്റെ സ്ഥാപകനുമായിരുന്ന ഡോക്ടർ ബിനസ് ഏകാഭിപ്രായത്തോടുകൂടി പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു കമ്മ്യൂണിസ്റ്റ് നേതാവായ ഗോട്ട്‌വാൾഡിനെ പ്രധാനമന്ത്രിയായി നാമനിർദ്ദേശം ചെയ്തു. അദ്ദേഹം 4 പാർട്ടികളിൽനിന്നും മന്ത്രിമാരെ തിരഞ്ഞെടുത്തു. പോലീസ് മുതലായ തദ്ദേശരക്ഷകരും സൈന്യം മുതലായ സംരക്ഷണവകുപ്പും, പ്രസ്സും റേഡിയോയും ഉൾപ്പെട്ട ഇൻഫർമേഷൻ വകുപ്പും കമ്മ്യൂണിസ്റ്റുകാരുടെ കൈയിലായി. പിന്നീടു നീതിന്യായവകുപ്പും അവർക്കു കിട്ടി. 1947 അവസാനത്തോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിടി മുറുകുവാനും ഇതരപാർട്ടികൾ ദുർബലരാകുവാനും തുടങ്ങി. പിന്നത്തെ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വിപുലമായ പ്രചരണംനടത്തി 51ശതമാനം വോട്ടു കമ്മ്യൂണിസ്റ്റ് പാർട്ടിക്കു കിട്ടിയില്ലെങ്കിൽ ഒരു വിപ്ലവംതന്നെ ഉണ്ടാകുമെന്നു പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ആ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വിജയിച്ചു. അനന്തരം അവർ 'പിന്തിരിപ്പന്മാരുടെ' ഒരു ഗൂഢാലോചന കണ്ടുപിടിക്കുകയും അക്കാരണം പറഞ്ഞു ഒററടിക്കു (Coup D'etat) അധികാരം മുഴുവൻ പിടിച്ചെടുക്കുകയും ചെയ്തു. ഇങ്ങനെയാണ് തികച്ചും ജനായത്തരാജ്യമായിരുന്ന ചെക്കോസ്ലോവാക്കിയ സോവ്യററ് റഷ്യയുടെ പിടിയിലമർന്നു കടുത്ത സ്വേച്ഛാധിപത്യരാജ്യമായ

ക്ഷണേന രൂപാന്തരപ്പെട്ടതു്.

## കമ്മ്യൂണിസ്റ്റ പാർട്ടി പാർലമെൻററി തിരഞ്ഞെടുപ്പിൽ വിശ്വസിക്കുന്നവരല്ല.

കമ്മ്യൂണിസ്റ്റു് പാർട്ടി കേന്ദ്ര ഇലക്ഷൻ ബോർഡ് സിക്രട്ടറി ജ്യോതിബസു് പ്രസ്താവിച്ചു. "ഞങ്ങൾ പാർലമെൻററി പ്രവർത്തനങ്ങളിൽ വിശ്വസിക്കുന്നു" എന്നു് മി. ടി. വി. തോമസു് പ്രസ്താവിച്ചു. "ജനാധിപത്യ ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതിലും അതിൻെറ ഭാവിപ്രവർത്തനത്തിലും തികച്ചും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളാണു് ഞങ്ങൾ അവലംബിക്കുവാൻ തീരുമാനിച്ചിരിക്കുന്നതു്" എന്നു് കമ്മ്യൂണിസ്റ്റു പാർട്ടി പാർലമെൻററി പ്രവർത്തനങ്ങളിലും വ്യവസ്ഥാപിതമാർഗ്ഗങ്ങളിലും തത്വത്തിലും പ്രയോഗത്തിലും വിശ്വസിക്കുന്നുവെന്നു പറയുന്നതും പുളിച്ചുപുളി അതിൻെറ പുളി മാറുമെന്നു പറയുന്നതും തമ്മിൽ വ്യത്യാസമൊന്നും ഇല്ല. വിപ്ലവകരമായ ബലപ്രയോഗമാർഗ്ഗം കമ്മ്യൂണിസ്റ്റുപാർട്ടിക്കു തത്വത്തിലും പ്രയോഗത്തിലും അത്രമാത്രം അഭേദ്യമാണു്. മാർക്സിൻേറയും ഏങ്കൽസിൻേറയും 1848-ലെ കമ്മ്യൂണിസ്റ്റു് മാനിഫെസ്റ്റോയിൽ പ്രഖ്യാപിച്ചിട്ടുള്ളതു് "നിലവിലിരിക്കുന്ന സകല സാമൂഹ്യവ്യവസ്ഥിതികളേയും ബലപ്രയോഗത്താൽ അട്ടിമറിച്ചെങ്കിൽ മാത്രമേ കമ്മ്യൂണിസ്റ്റു് ലക്ഷ്യങ്ങൾ പ്രാപിക്കുവാൻ കഴിയുകയുള്ളു" എന്നാണു്. സ്റ്റാലിൻ ഇപ്രകാരം എഴുതുകയുണ്ടായി:- "ന്യായാനുസൃതമായ പ്രവർത്തനങ്ങളെ ന്യായവിരുദ്ധമായ പ്രവർത്തനങ്ങളോടു യോജിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമായി ഉപയോഗിക്കുവാൻവേണ്ടിയാണു്, ബഹുജനങ്ങളെ വിപ്ലവത്തിനായി ഒരുക്കുവാനുള്ള ന്യായവാദങ്ങളായ തൻെറ പ്രവർത്തനങ്ങളുടെ ഉഗ്രതയെ മനുഷ്യദൃഷ്ടികളിൽ നിന്നും മറയ്ക്കുന്ന ഒരു സ്ക്രീനായി ഉപയോഗിക്കുവാൻവേണ്ടിയാണു്, വിപ്ലവകാരി വ്യവസ്ഥാപിതമായ പരിഷ്കാരത്തെ സ്വീകരിക്കുന്നതു്." പാർലമെൻററി പ്രവർത്തനങ്ങളിൽ വിശ്വസിക്കുന്നവരെ "നിയമമൗഢ്യത്താൽ ആവേശിക്കപ്പെട്ട വിഡ്ഢികൾ" (Canonical Pedants) എന്നു വിളിച്ചുകൊണ്ടു് സ്റ്റാലിൻ തുടരുന്നു: "ബൂർഷ്വാപാർലിമെൻറിസത്തിൻെറ പരിധിക്കുള്ളിലുള്ള വോട്ടിംഗ് സമ്പ്രദായം ബൂർഷ്വാരാഷ്ട്രസംവിധാനത്തിൻെറ ഒരംശമാകുന്നു, തൊഴിലാളി സ്വേച്ഛാധിപത്യം സംസ്ഥാപിക്കുവാൻവേണ്ടി ബൂർഷ്വാരാഷ്ട്രസംവിധാനത്തെ അടിമുതൽ മുടിവരെ തല്ലിത്തകർത്തു തരിപ്പണമാക്കേണ്ടതാണെന്നും മനസ്സിലാക്കുവാൻ ഇക്കൂട്ടർക്കു കഴിഞ്ഞിട്ടില്ല. ...ചരിത്രത്തിൻെറ ഗതിയിൽ തൊഴിലാളി സ്വേച്ഛാധിപത്യത്തെ അനുദിന പരിപാടിയാക്കേണ്ടതായ വരുമ്പോൾ ഗൗരവതരങ്ങളായ സകല രാഷ്ട്രീയപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കേണ്ടതു സാമാന്യമായിപ്പറഞ്ഞാൽ വോട്ടിംഗ് സമ്പ്രദായത്താലല്ല പ്രത്യുത ആഭ്യന്തരയുദ്ധത്താലാണു് എന്നു ഗ്രഹിക്കുവാനും അവർക്കു കഴിയുന്നില്ല." "ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ" (Foundations of Leninism) എന്ന ഗ്രന്ഥത്തിൽ സ്റ്റാലിൻ എഴുതിയിരിക്കുന്ന ഈ വാക്കുകളുടെ അർത്ഥം വ്യക്തമാണല്ലോ. നിയമാനുസൃതമായ, വ്യവസ്ഥാപിതമായ, തിരഞ്ഞെടുപ്പു സമ്പ്രദായത്തെ ലെനിനും അദ്ദേഹത്തിൻെറ അനുഗാമിയായ താനും യഥാർത്ഥത്തിൽ വിശ്വസിക്കുന്നില്ലെന്നും, അഥവാ വല്ല സന്ദർഭങ്ങളിലും ആ സമ്പ്രദായം സ്വീകരിക്കേണ്ടിവരുന്നതു് നിയമവിരുദ്ധവും അവ്യവസ്ഥാപിതവുമായ സമരസമ്പ്രദായങ്ങൾക്കുള്ള ഒരു മറയായി മാത്രമാണെന്നും, നിയമവിരുദ്ധവും അവ്യവസ്ഥിതവുമായ സമ്പ്രദായങ്ങളാണു് രാഷ്ട്രീയാധികാരം പിടിച്ചെടുക്കുവാനുള്ള മാർഗ്ഗമായി കമ്മ്യൂണിസ്റ്റുകാർ സ്വീകരിക്കേണ്ടതെന്നുമാണല്ലോ അവയുടെ അർത്ഥം. സ്റ്റാലിൻെറ ഈ വ്യാഖ്യാനം ശരിയാണെന്നു ലെനിൻതന്നെ സമ്മതിച്ചിട്ടുമുണ്ടു്. 1919-ൽ ഇംഗ്ലണ്ടിലെ തൊഴിലാളിനേതാവായിരുന്ന റാംസെ മക്ഡൊണാൾഡിനെ അപഹസിച്ചുകൊണ്ടു ലെനിൻ എഴുതിയതിങ്ങനെയാണു: "നിയമവിരുദ്ധമായ പ്രവർത്തനങ്ങളോടു നിയമപരമായ പ്രവർത്തനങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുപോകണം. ഇതാണു് ബോൾഷെവിക്കുകൾ എല്ലാഴും പാലിച്ചിട്ടുള്ളതു്. ....ബൂർഷ്വാസികളുടെ നിയമങ്ങളേയും ബൂർഷ്വാപാർലമെൻറുകളുടെ സമ്പ്രദായങ്ങളേയും അവഗണിച്ചുകൊണ്ടു് ക്രമീകൃതമായും സവ്യവസ്ഥമായും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കാത്ത പാർട്ടി രാജ്യദ്രോഹികളുടേയും പടുകള്ളന്മാരുടേയും പാർട്ടിയാകുന്നു." ആകയാൽ ലെനിൻേറയും സ്റ്റാലിൻേറയും ആരാധകന്മാരും അനുഗാമികളുമായ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിക്കു് പാർലമെൻററി പ്രവർത്തനങ്ങളിലും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലും വിശ്വാസമുണ്ടെന്നുള്ള ആ പാർട്ടിയിലെ നേതാക്കന്മാരുടെ പ്രഖ്യാപനങ്ങളെ അവയുടെ മുഖവിലയ്ക്കു സ്വീകരിക്കേണ്ടതില്ലെന്നു സ്പഷ്ടമാണു്.

## ക: പാ: പാലമെൻററി തിരഞ്ഞെടുപ്പിൽ വിശ്വസിക്കുന്നില്ലെന്നു "ഹിന്ദു" പത്രം

ഈ പ്രകൃതത്തിൽ ആഗസ്റ്റു 3-ലെ "ഹിന്ദു" പത്രത്തിൻെറ മുഖപ്രസംഗത്തിലെ ഒരു ഭാഗം ശ്രദ്ധേയമാണു്. റഷ്യയിൽ സംസാരസ്വാതന്ത്ര്യവും മററും ഇല്ലെന്നുള്ള ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായ മിസ്റ്റർ മൊറിസൻെറ ലേഖനം അതിൻെറ പംക്തികളിൽ പ്രസിദ്ധംചെയ്യുകയും അതോടൊപ്പംതന്നെ അതിനു മറുപടി പറയുകയും ചെയ്ത "പ്രവദ" എന്ന റഷ്യൻ കമ്മ്യൂണിസ്റ്റു് പത്രത്തിൻെറ പ്രസ്താവങ്ങളെ വിമർശിച്ചുകൊണ്ടു് മുഖപ്രസംഗം ഇങ്ങനെ പറയുന്നു: റഷ്യയിൽ "ജനങ്ങളുടെ ശത്രുക്കൾക്കാണു സ്വാതന്ത്ര്യമില്ലാത്തതെന്നും, അത്തരം സ്വാതന്ത്ര്യം കൊടുത്താൽ മുതലാളിത്തത്തിൻെറ ഏജൻറന്മാർ ആ തൊഴിലാളി രാഷ്ട്രത്തെ നശിപ്പിക്കുവാൻ ശ്രമിക്കുമെന്നുമുള്ള പ്രസ്തുതപത്രത്തിൻെറ പ്രസ്താവം അതിൻെറ സ്വഭാവത്തിനു ചേർന്നതാണു്. കമ്മ്യൂണിസ്റ്റു പാർട്ടി (റഷ്യയിലെ) ജനസംഖ്യയിൽ ഒരു ന്യൂനപക്ഷമാണെങ്കിലും അവർ സകല ജനങ്ങൾക്കുംവേണ്ടി നിലകൊള്ളുകയാണെന്നു് അവകാശപ്പെടുകയാണു്. അവിടെ മറെറാരു പാർട്ടിക്കും പ്രവർത്തനം നടത്തിക്കൂടാ; ജനകീയരെന്നമെന്നു പറഞ്ഞാൽ അധികാരത്തിലിരിക്കുന്നവർ അംഗീകരിച്ചു പ്രസിദ്ധംചെയ്യുന്ന ലിസ്റ്റിലുള്ള സ്ഥാനാർത്ഥികളിൽ ആർക്കെങ്കിലും വോട്ടുചെയ്യാൻ അവകാശമുണ്ടെന്നാണു്. ഈ നിലപാടു് ബ്രിട്ടനിലേതിനു നേരെ വിപരീതമാകുന്നു. അവിടെ ജനങ്ങൾ തൊഴിലാളിഗവൺമെൻറിനെ സ്വതന്ത്രമായിട്ടാണു് തിരഞ്ഞെടുത്തതു്. റഷ്യയിലെ ജനങ്ങൾ സകല ബൂർഷ്വാപാർട്ടികളേയും തുരത്തിയോടിച്ചു കമ്മ്യൂണിസ്റ്റു പാർട്ടിയെ തിരഞ്ഞെടുത്തുവെന്നുള്ള പ്രവദായുടെ വാദത്തിനു ചരിത്രപരമായി സാധുതയൊന്നുമില്ല. വാസ്തവത്തിൽ കമ്മ്യൂണിസ്റ്റുകാർ അവിടത്തെ കൺസ്റ്റിററുവെൻറു് അസംബ്ലിയെ നിർത്തിക്കളയുകയും, അധികാരം ബലപ്രയോഗത്താൽ പിടിച്ചെടുക്കുകയും, എതിരാളികളെ നാടുകടത്തുകയും, ഇതരപാർട്ടികളിലെ നേതാക്കന്മാരെ നാമാവശേഷമാക്കുകയും ചെയ്യുകയാണുണ്ടായതു്. 1917 മാർച്ചിൽ റഷ്യയിലുണ്ടായ വിപ്ലവം ജനകീയമായിരുന്നു. അതിനുശേഷം അധികാരത്തിൽ വന്ന കെറൻസ്കിയുടെ പാർട്ടി ജനായത്ത പാർട്ടിയായിരുന്നു. ജനായത്ത സമ്പ്രദായമനുസരിച്ചു ഭരണഘടന തയാറാക്കുവാനും മററും അവർ ഒരു കൺസ്റ്റിററുവെൻറു് അസംബ്ലിയെ സ്ഥാപിക്കുകയും അതു പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ആ ഘട്ടത്തിലാണു് ലെനിൻെറ നേതൃത്വത്തിൽ ബോൾഷെവിക്കു പാർട്ടി ഒക്ടോബർ മാസത്തിൽ ഭീകരമായ ബലപ്രയോഗത്താൽ അധികാരം പിടിച്ചെടുത്തതു്. ആ വസ്തുതകളെ അനുസ്മരിപ്പിക്കുന്നവയാണു് ഹിന്ദുവിൻെറ പ്രസ്തുതവാക്യങ്ങൾ.

## ക: പാ: ഭരിച്ചാൽ നാട്ടിലെ ദാരിദ്ര്യം വർദ്ധിക്കും

കമ്മ്യൂണിസ്റ്റു പാർട്ടി അടുത്ത തിരഞ്ഞെടുപ്പിൽ ഐക്യമുന്നണിയുടെ സഹായത്താൽ വിജയംവരിച്ചു അധികാരത്തിൽവന്നാൽ ഈ രാജ്യത്തു ഏർപ്പെടുത്താൻ പോകുന്ന പരിഷ്കരണങ്ങളെപ്പററി പാർട്ടിയുടെ കേന്ദ്ര ഇലക്ഷൻ ബോർഡു് സിക്രട്ടറി ജ്യോതിബസു് പ്രസ്താവിച്ചതിങ്ങനെയാണു: "ജന്മിത്വം പ്രതിഫലം കൂടാതെ അവസാനിപ്പിച്ചു ഭൂമി കൃഷിക്കാർക്കു സൗജന്യമായി നൽകുക; നാട്ടുവാഴികളുടെ സ്വത്തുക്കൾ പിടിച്ചെടുക്കുക; ബ്രിട്ടീഷ് മുതലാളിമാരുടേയും ഇന്ത്യൻ വഞ്ചകരുടേയും സ്വത്തു രാഷ്ട്രസാൽക്കരിക്കുക മുതലായവയാണു് ഞങ്ങളുടെ ലക്ഷ്യങ്ങളിൽ ചിലവ." ലെനിൻേറയും സ്റ്റാലിൻേറയും കീഴിൽ റഷ്യയിലെ കമ്മ്യൂണിസ്റ്റു് പാർട്ടി ആ രാജ്യത്തു വരുത്തിയ പരിഷ്കാരങ്ങളും ഏതാണ്ടു് ഈ വിധത്തിലുള്ളതായിരുന്നുവെന്നു പ്രസിദ്ധമാണല്ലോ. ആ പരിഷ്കരണനയമനുസരിച്ചു റഷ്യയിൽ പല പഞ്ചവത്സരപദ്ധതികളും ഗവൺമെൻറിൻെറ സകല ശക്തികളുമുപയോഗിച്ചു നടത്തുകയുണ്ടായി. 30-ൽ അധികം വർഷങ്ങളായി, കോടിക്കോടി മനുഷ്യരെക്കൊണ്ടു മൃഗങ്ങളെപ്പോലെ നിർബന്ധിച്ചു വേലചെയ്യിച്ചു ഇപ്പണിയെല്ലാം കമ്മ്യൂണിസ്റ്റു പാർട്ടി ആ രാജ്യത്തിൽ ചെയ്തിട്ടു്, അവിടത്തെ ആകെയുള്ള വരുമാനത്തിൻേറയും അതിൽ ആളോഹരി പൗരന്മാർക്കു ലഭിക്കുന്ന വീതത്തിൻേറയും സ്ഥിതിയെന്താണു്? ലോകത്തിലെ വിവിധരാജ്യങ്ങളുടെ ആകെയുള്ള വരുമാനത്തിൻേറയും മററും ഒരു സ്ഥിതിവിവരണക്കണക്കു് ഐക്യരാഷ്ട്രസംഘടന പരസ്യംചെയ്തിരുന്നതു ന്യൂഡൽഹിയിലെ യു. എൻ. ഇൻഫർമേഷൻ സെൻററിൽനിന്നു് ഈയിടെ പുറത്തുവിട്ടു. അതിലെ വിവരങ്ങൾ ഇങ്ങനെയാണു്: "ലോകത്തിൽ ആകെയുള്ള ജനസംഖ്യയിൽ പകുതിയിലധികംവരുന്ന ഏഷ്യയിലെ രാജ്യങ്ങളിൽ ആകെയുള്ള വരുമാനം, ലോകത്തിലെ സകലരാജ്യങ്ങളുടേയും ആകെയുള്ള വരുമാനത്തിൻെറ പത്തിലൊന്നുമാത്രമാണു്. എന്നാൽ ലോകത്തിലെ ആകെ ജനസംഖ്യയിൽ 10-ൽ ഒന്നിൽ കുറവായിരിക്കുന്ന വടക്കെ അമേരിക്കായുടെ മൊത്തംവരവു്, ലോകത്തിൽ ആകെയുള്ള ദേശീയവരുമാനത്തിൻെറ 45 ശതമാനത്തോളമാകുന്നു. അതായതു് വടക്കെ അമേരിക്കായിലെ ഒരു പൗരൻെറ ശരാശരിവരുമാനം ഏഷ്യൻരാജ്യങ്ങളിലെ പൗരൻെറ ശരാശരിവരുമാനത്തിൻെറ 20 ഇരട്ടിയാണു്. ഭൂവിഭാഗമനുസരിച്ചു വിവിധരാജ്യങ്ങളിലെ ഓരോ പൗരൻേറയും ഏകദേശമായവരുമാനം റിപ്പോർട്ടിൽ കൊടുത്തിരിക്കുന്നതിങ്ങനെയാണു്: വടക്കെ അമേരിക്കായിൽ 1000 ഡോളർ; ഓഷ്യാനായിൽ 560 ഡോളർ; യൂറോപ്പിൽ 380 ഡോളർ; സോവ്യററു യൂണിയനിൽ 310 ഡോളർ; തെക്കെ അമേരിക്കായിൽ 170 ഡോളർ; ആഫ്രിക്കായിൽ 75 ഡോളർ; ഏഷ്യായിൽ 50 ഡോളർ." വടക്കെ അമേരിക്കായിലേയും സോവ്യററു യൂണിയനിലേയും ഓരോ പൗരൻെറ വരുമാനം താരതമ്യംചെയ്താൽ സോവ്യററു യൂണിയനിലേതിനെക്കാൾ മൂന്നിരട്ടിയിലധികമാണു് വടക്കെ അമേരിക്കായിലേതു്. ഈ കണക്കിൽനിന്നു് അവശ്യം അനുമിക്കേണ്ടതെന്താണു്? കൃഷിയും വ്യവസായവും മററും രാഷ്ട്രം പിടിച്ചെടുക്കുകയും, രാഷ്ട്രം നടത്തുകയും, പൗരന്മാരെ രാഷ്ട്രമാകുന്ന മഹാമുതലാളിയുടെ ആജ്ഞാനുസരണം പ്രയത്നിക്കുന്ന തൊഴിലാളികളാക്കുകയും ചെയ്യുന്ന രാജ്യമാണല്ലോ സോവ്യററു് യൂണിയൻ. നേരെമറിച്ചു് കൃഷിയും വ്യവസായവും രാഷ്ട്രത്തിൻെറ ന്യായമായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി, പൗരന്മാർക്കു വ്യക്തികളായോ ഗണങ്ങളായോ സ്വതന്ത്രമായി നടത്തുവാൻ ഭരണഘടന അനുവദിച്ചിട്ടുള്ള രാജ്യങ്ങളാണു് വടക്കെ അമേരിക്കായിലേതു്. ആദ്യത്തേതിലെ ആകെയുള്ള വരുമാനത്തേയും അതിൽ ഓരോപൗരനുമുള്ള വീതത്തേയുംകാൾ എത്രയോ അധികമാണു് രണ്ടാമത്തേതിലെ ആകെവരുമാനവും വീതവരുമാനവും! ഇന്ത്യൻനാഷണൽ കോൺഗ്രസ്സു് സ്വീകരിച്ചിരിക്കുന്ന ഭരണഘടനയൽ വടക്കെ അമേരിക്കായിലെ ഭരണഘടനകളിലെപ്പോലെ കൃഷിവ്യവസായങ്ങൾ സ്വതന്ത്രമായി നടത്തുവാൻ പൗരന്മാർക്കുള്ള മൗലികാവകാശം അനുവദിച്ചുകൊടുത്തിരിക്കുന്നു. അതിനെതിരായി സോവ്യററു് യൂണിയനിലെപ്പോലെ കൃഷിവ്യവസായങ്ങളെല്ലാം രാഷ്ട്രം പിടിച്ചെടുക്കുകയും നേരിട്ടുനടത്തുകയുംചെയ്യുന്ന സമൂലമായ രാഷ്ട്രസാൽക്കരണപദ്ധതി ഇന്ത്യയിൽ നടപ്പാക്കണമെന്നാണു് ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ലക്ഷ്യം. ഐക്യമുന്നണിയുടെ സഹായത്താൽ കോൺഗ്രസിനെ അടിപ്പെടുത്തി ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടി അധികാരത്തിൽവന്നാൽ ഈ രാജ്യത്തിലെ ആകെ വരുമാനവും അതിൽ ഓരോ പൗരനുമുള്ള വീതവും കുറയുകയേ ഉള്ളുവെന്നു്, രാജ്യത്തിൽ പാവങ്ങളുടെ ദാരിദ്ര്യം വർദ്ധിക്കുകയേ ഉള്ളുവെന്നു്, ആർക്കാണു് കാണാൻകഴിയാത്തതു്? ആകയാൽ ഈ രാജ്യത്തു ഇന്നനുഭവപ്പെടുന്ന ഭക്ഷണത്തിൻേറയും വസ്ത്രത്തിൻേറയും പാർപ്പിടത്തിൻേറയും മററും ദൗർലഭ്യമെല്ലാം പമ്പകടത്തി രാജ്യത്തെയും രാജ്യവാസികളേയും സമൃദ്ധിയിൽ ആറാടിക്കുമെന്നുള്ള കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മിഥ്യാവാഗ്ദാനങ്ങളിൽ മയങ്ങി അവരുടെ പിന്നാലെ പോകാതിരിക്കുവാൻ ഇതരപാർട്ടികളും സാമാന്യജനങ്ങളും ശ്രദ്ധിക്കേണ്ടതാണെന്നു സവിനയം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

ആഗസ്റ്റു്

19 ഞാ: പന്ത. 14-ാം ഞായർ
20 തി: ബർണാർദോസ്
21 ചൊ: ഫ്രാൻസിസ്ക്കാ ശന്താൾ
22 ബു: മറിയത്തിൻെറ വിമലഹൃദയം
23 വ്യാ: ബർത്തലൂമ്മ തലേനാൾ
24 വെ: ബർത്തലൂമ്മിശ്ലീഹാ
25 ശ: ലൂദെവീക്കോസ്.

## നല്ല പുസ്തകങ്ങൾ

| | |
|---|---|
| വി. ജോൺ ബ്രീട്ടോ | 0-12-0 |
| പുതിയ രക്തസാക്ഷി (തെയോഫിൻ വെർനാർഡ്) | 0-9-0 |
| വിപ്ലവത്തിൻെറ ചെന്നിക്കൊടി | 1-6-0 |
| വി. ജമ്മാ | 1-8-0 |

മൂക്കന്നൂർ ഡിപ്പോ, എറണാകുളം

---

## കൊച്ചുത്രേസ്യായുടെ "കൊച്ചമ്മ" നിര്യാതയായി

കൊച്ചുത്രേസ്യാപുണ്യവതിയുടെ മൂത്ത സഹോദരി മദർ ആഗ്നസ് 90 ാമത്തെ വയസ്സിൽ ലിസ്യൂവിലെ കർമ്മലീത്താശ്രമത്തിൽവച്ചു നിര്യാതയായിരിക്കുന്നു. പൗളിൻ എന്നായിരുന്നു അവരുടെ ആദ്യത്തെ പേർ. കൊച്ചുത്രേസ്യാക്കു നാലു വയസ്സായപ്പോൾ അവരുടെ മാതാവു് നിര്യാതയായി. ആ നാൾമുതൽ അവളെ സംരക്ഷിച്ചതു് പൗളീനാണു്. കുറെ നാൾ കഴിഞ്ഞപ്പോൾ പൗളീൻ കർമ്മലസഭയിൽ പ്രവേശിച്ചു. ഈ വേർപാടു കൊച്ചുത്രേസ്യാക്കു ദുസ്സഹമായിരുന്നു. പൗളീൻ ആഗ്നസ് എന്ന നാമം സ്വീകരിച്ചു വ്രതവാഗ്ദാനംചെയ്തദിവസംതന്നെ കൊച്ചുത്രേസ്യ അവളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണവും നടത്തി. കൊച്ചുത്രേസ്യ കർമ്മലസഭയിൽ പ്രവേശിച്ചു് 5 കൊല്ലം കഴിഞ്ഞപ്പോൾ സിസ്റ്റർ ആഗ്നസ് ആശ്രമശ്രേഷ്ഠയായി ഭവിച്ചു. നാലുകൊല്ലത്തിനുശേഷം പുണ്യവതി നിര്യാതയായി. മദർ ആഗ്നസിൻെറ ആജ്ഞപ്രകാരമാണു് പുണ്യവതി തൻെറ "സ്വയംകൃതചരിതം" രചിച്ചതു്. അതിൽ ഈ ജ്യേഷ്ഠസഹോദരിയെ ഗ്രന്ഥകർത്രി "കൊച്ചമ്മ" എന്നത്രെ സംബോധന ചെയ്തിരിക്കുന്നതു്. മദർ ആഗ്നസ് ലിസ്യൂവിലെ ആശ്രമത്തിൽ 58 കൊല്ലക്കാലം ശ്രേഷ്ഠത്തി ആയിരുന്നിട്ടുണ്ടു്. കൊച്ചുത്രേസ്യായുടെ സഹോദരിമാരിൽ ഇനി ജീവിച്ചിരിക്കുന്നതു് സിസ്റ്റർ ജനെവീവു് (സെലിൻ) മാത്രമാണു്. അവരും ലിസ്യൂകർമ്മലാശ്രമത്തിലെ അംഗമാണു്.

## പേപ്പൽപ്രതിനിധി

ജൂബിലിവർഷം സംബന്ധിച്ച ഉപസംഹാരച്ചടങ്ങുകൾ ഒക്ടോബർമാസത്തിൽ ഫാത്തിമായിൽവച്ചു നടത്താനാണല്ലോ തീരുമാനിച്ചിരിക്കുന്നതു് അതിലേക്കു മാർപ്പാപ്പായുടെ പ്രതിനിധിയായി നിയമിതനായിരിക്കുന്നതു് കർദ്ദിനാൾ തെദെഷിനിയാണു്.

# സ്വർഗ്ഗരാജ്ഞി വിജയിപ്പൂതാക!

(ഫാദർ ജോസഫ് പി. വിതയത്തിൽ)

1950 നവമ്പർ 1-ാം തീയതി പരിശുദ്ധ പിതാവു 12-ാം പിയൂസ് പാപ്പാ തിരുമനസ്സുകൊണ്ടു കത്തോലിക്കാ ലോകത്തിന്റെ അത്യാനന്ദത്തിനു നിദാനമായ "പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവിശ്വാസസത്യ പ്രഖ്യാപനം" നിർവ്വഹിച്ചതിനുശേഷം ഇദംപ്രഥമമായി സമാഗതമാകുന്ന ഇക്കൊല്ലത്തെ സ്വർഗ്ഗാരോപണത്തിരുനാൾ മരിയഭക്തരുടെ ഹൃദയം കുളിർപ്പിക്കുന്ന അനിതരസാധാരണമായ ഒരു മഹദ്ദിനമാണെന്നുള്ള വസ്തുത അവിതർക്കിതമാണല്ലോ.



ഒരേ ഒരു [illegible]ർവ്വൃതമായ മറിയത്തിന്റെ നിര്യാണം, നിർമ്മലമനോജ്ഞമായ ആ ശരീരത്തിന്റെ സ്വഭാവാതീതമായ അപദാനങ്ങളോടുകൂടിയുള്ള ഉത്സവപൂർണ്ണമായ അവിടത്തെ സ്വർഗ്ഗപ്രവേശം, അനുപമവിജയശ്രീലാളിതമായ അവിടത്തെ കിരീടധാരണം എന്നിങ്ങനെ മഹത്തായ പല സംഭവങ്ങളാണ് ഈ സുദിനത്തിൽ നാം അനുസ്മരിക്കുന്നതു്. പ്രതീക്ഷിതമായ മനുഷ്യരാശിയുടെ—നീതിമാന്മാരുടെ—നിത്യമഹത്വീകരണത്തിന്റെ ശോഭന സൂചനയും ഇതിൽ സാമോദം നാം ദർശിക്കുന്നു. തീർച്ചയായും ഇതൊരു സന്തോഷസുദിനം തന്നെ!

മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെ ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചുകൊണ്ടു പരിശുദ്ധപിതാവു നിർവ്വഹിച്ച മഹാകാര്യത്തെ സംബന്ധിച്ചു കത്തോലിക്കാലോകവും വിജ്ഞന്മാരായ അകത്തോലിക്കാപണ്ഡിതന്മാരും തിരുമേനിയെ മുക്തകണ്ഠം പ്രശംസിച്ചുകഴിഞ്ഞിട്ടുണ്ട്. എങ്കിലും ഈ നടപടിയിൽ സ്വീകരിച്ചിട്ടുള്ള അധികാരവിനിമയത്തെയും ഔചിത്യദീക്ഷയെയും അപലപിക്കുന്നതിനും അതിൽ അമർഷംകൊള്ളുന്നതിനും ചിലർ ധാർഷ്ട്യപ്പെടാതിരുന്നിട്ടില്ല. മാർപ്പാപ്പായുടെ പരമാധിപത്യത്തെ ചോദ്യംചെയ്യുന്നതാണ് ഈ ആരോപണം. വിശ്വാസസത്യത്തെയും സദാചാരത്തെയും സംബന്ധിക്കുന്ന കാര്യങ്ങളിൽ അപ്രമാദമായി ലോകത്തെ പഠിപ്പിക്കുന്നതിനു ക്രിസ്തു സത്യസഭയിൽ സജ്ജമാക്കിയിരിക്കുന്ന വ്യവസ്ഥിതിയെയും നിക്ഷേപിച്ചിരിക്കുന്ന അധികാരത്തെയും വേണ്ടവിധത്തിൽ ഗ്രഹിക്കാത്തതാണ് ഈ ആശയക്കുഴപ്പത്തിനു നിദാനം.

പുതിയ നിയമത്തിലെ സത്യസംഹിതയുടെ ആവിഷ്കാരം ക്രിസ്തുവിന്റെയും അവിടത്തെ ദ്വാദശശിഷ്യന്മാരുടെയും കാലംകൊണ്ടു സമാപിച്ചു. പഴയനിയമത്തിൽനിന്നു സ്വീകരിച്ചതും അഭിനവമായി ആവിഷ്കരിച്ചതുമായ ഈ സത്യസംഹിത പൂർണ്ണമാണ്. അതിനെ അഭംഗം പരിരക്ഷിക്കുകയും കാലാനുസൃതം ലോകത്തെ പ്രബോധിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് സഭയുടെ ദൗത്യം. ഈ ദൗത്യം വിശ്വസ്തതാപൂർവ്വം നിറവേറ്റുകമാത്രമാണ് തിരുസഭ ഇന്നോളവും ചെയ്തിട്ടുള്ളതു്. ലോകാവസാനംവരെയും ഇതുമാത്രമാണ് സഭയുടെ കർത്തവ്യവും. ഈ ദൗത്യനിർവ്വഹണത്തിലെ ഒരു പടിപാടി മാത്രമാണ് വിശ്വാസസത്യപ്രഖ്യാപനം. വസ്തുതകളെ സമചിത്തതയോടുകൂടി പരിശോധിച്ചാൽ ഇതു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. ഇതിനുള്ള ദൃഷ്ടാന്തങ്ങൾ സഭാചരിത്രത്തിൽ അദ്യാപി ഉടനീളം സുലഭമാണുതാനും.

ദിവ്യവെളിപാടുകളിൽ അടങ്ങിയിരിക്കുന്ന ഏതെങ്കിലും സത്യത്തെ സംബന്ധിച്ചു വിവാദങ്ങൾ ഉണ്ടാകുമ്പോൾ അവയെ പരിശോധിച്ചു അധികൃതമായി അവസാനനിർണ്ണയം ചെയ്യുന്നതിനും, അവ്യക്തങ്ങളോ അസ്പഷ്ടങ്ങളോ ആയ സത്യങ്ങളെ ആവശ്യാനുസാരം വിശദീകരിച്ചു ഔദ്യോഗികമായി അദ്ധ്യവസാനംചെയ്തു പ്രഖ്യാപിക്കുന്നതിനും, വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ഭണ്ഡാഗാരമായ വിശുദ്ധഗ്രന്ഥങ്ങളെയും പാരമ്പര്യപാഠങ്ങളെയും സന്നിഷ്കർഷം സംരക്ഷിക്കുന്നതിനും ഉള്ള അവകാശാധികാരങ്ങൾ ക്രിസ്തു സഭയിൽ നിക്ഷേപിച്ചിട്ടില്ലെങ്കിൽ അവിടത്തെ സഭാസ്ഥാപനം ഒരു വെറും സാഹസികപ്രഹസനമായിരിക്കാനേ വഴിയുള്ളു. അതു ഏറ്റവും വലിയ ഒരു പരാജയമായി പണ്ടേപണ്ടേ മൺമറയുകയും ചെയ്യുമായിരുന്നു. എന്നാൽ തിരുസഭാസംഘടന അത്ഭുതാവഹമായ ഓജസ്സോടും തേജസ്സോടും കൂടി ഇരുപതു നൂറ്റാണ്ടുകളെ പിന്നിട്ടു വിജയപൂർവ്വം പുരോഗമിച്ചുകൊണ്ടിരിക്കുന്നതിന്റെ രഹസ്യം ആ സംഘടനയിൽ അതിന്റെ സ്ഥാപകനായ ക്രിസ്തു നിക്ഷേപിച്ചിട്ടുള്ള ദിവ്യമായ ഈ അദ്ധ്യാപനാധികാരമാണ്. ക്രിസ്തുവിന്റെ പ്രതിപുരുഷനും, തിരുസഭയുടെ തലവനും, പത്രോസിന്റെ പിൻഗാമിയുമായ പരിശുദ്ധ മാർപ്പാപ്പാ ഔദ്യോഗികമായി ഈ അദ്ധ്യാപനാധികാരം കൈകാര്യംചെയ്യുമ്പോഴും, ശ്ലീഹന്മാരുടെ അനന്തരഗാമികളായ തിരുസഭയിലെ അദ്ധ്യാപകവിഭാഗം ഒന്നുചേർന്നു അവരുടെ നേതാവും പരമാദ്ധ്യക്ഷനുമായ മാർപ്പാപ്പായുടെ ഐക്യത്തിൽ വിശ്വാസസത്യങ്ങളെപ്പറ്റി കാനോനിക തീരുമാനങ്ങൾ ചെയ്യുമ്പോഴും അപ്രമാദവരമുള്ള ഈ അദ്ധ്യാപനാധികാരത്തെയാണു പ്രയോഗിക്കുന്നതു. ഇതുതന്നെയാണ് കത്തോലിക്കാസഭയുടെ അലംഘനീയമായ സുരക്ഷിതത്വവും.

തിരുസഭാചരിത്രം നാം പരിശോധിച്ചാൽ ഇന്നുവരെയുള്ള ഇരുപതു നൂറ്റാണ്ടു കാലത്തിനിടയിൽ സന്ദർഭോചിതമായും ആവശ്യാനുസാരവും ഈ അധികാരത്തെ തുടർച്ചയായി പ്രയോഗിച്ചിട്ടുള്ളതിനു ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. വിപുലമായ 21 പൊതുസൂനഹദോസുകൾ ഈ കർത്തവ്യമാണ് പ്രശസ്തമായി നിർവ്വഹിച്ചിട്ടുള്ളതു്. അദ്ധ്യവസാനംചെയ്തു പ്രഖ്യാപിക്കപ്പെട്ട നിരവധി വേദസത്യങ്ങൾ ഇതിനുദാഹരണങ്ങളാണ്. ആക്കൂട്ടത്തിൽ ഒന്നുമാത്രമാണ് അഭിനവപ്രഖ്യാപനം.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു പുതിയ സിദ്ധാന്തമല്ല. ആദിമകാലംമുതൽ തിരുസഭയിൽ പൊതുവെ അംഗീകരിക്കപ്പെട്ടിരുന്ന ഒരു വിശ്വാസമാണതു. അനിതരസാധാരണമായ ദൈവാനുഗ്രഹംമൂലം ജന്മപാപത്തിന്റെ മാലിന്യംപോലും ഏശാത്ത അമലമനോഹരിയും ദൈവത്തിന്റെ മാതാവുമായ പരിശുദ്ധ കന്യകാമറിയം മരിച്ചു ഉടനെ മഹത്വം പ്രാപിച്ചു ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കപ്പെട്ടു എന്നുള്ള വസ്തുത സഭയിൽ എന്നെന്നും എല്ലാസ്ഥലങ്ങളിലും അവിതർക്കിതമായി അംഗീകരിക്കപ്പെട്ടുപോന്നിട്ടുണ്ട്. ഈ സംഭവത്തിൽ അസംഭവ്യതയുടെയോ അനർഹതയുടെയോ കണികപോലും കാണുന്നതിനു സാദ്ധ്യമല്ല. നീതിമാന്മാരായ സകല മനുഷ്യരും ലോകത്തിന്റെ അവസാനത്തിൽ പ്രതീക്ഷിക്കുന്ന ഈ വ്യതിയാനം—മഹത്വീകരണം—പരിശുദ്ധ കന്യകാമറിയത്തെ സംബന്ധിച്ചിടത്തോളം മരണത്തോടുകൂടിത്തന്നെ സംഭവിച്ചു എന്നുള്ളതുമാത്രമാണ് ഇവിടെയുള്ള അപവാദം. വിശ്വവ്യാപകവും സ്ഥിരപ്രതിഷ്ഠവുമായ ഈ വിശ്വാസത്തിനു ഒരു ഔദ്യോഗികമുദ്ര ഈ പ്രഖ്യാപനവഴി ലഭ്യമായി എന്നുള്ളതത്രെ ഇപ്പോഴുള്ള പ്രത്യേകത. ... ... ...

---

## പത്താം പിയൂസിന്റെ സഹായത്താൽ

പത്താംപിയൂസുമാർപ്പാപ്പായെ സിദ്ധൻ എന്നു പേർവിളിച്ചതിനുശേഷം മൂന്നത്ഭുതങ്ങൾ നടന്നതായി പറയപ്പെടുന്നു. ഒന്നു മിലാനിലും മറേറതു റോമിലുമാണത്രെ നടന്നതു. ഇവയെപ്പററി ഔദ്യോഗികവിധിപ്രസ്താവം ഉണ്ടായിട്ടില്ല. എന്നുവരികിലും പത്താം പിയൂസിനെ പുണ്യവാൻ എന്നു പേർവിളിക്കുന്നകാര്യം ചർച്ചാവിഷയമായിക്കഴിഞ്ഞിട്ടുണ്ടു്. സിദ്ധൻ എന്നു പേർവിളിക്കപ്പെട്ടശേഷം രണ്ടത്ഭുതങ്ങൾ കൂടി തെളിയിക്കപ്പെട്ടെങ്കിലേ വിശുദ്ധൻ എന്നു പ്രഖ്യാപിക്കപ്പെടുകയുള്ളു.

സംഭവകഥ

## ആ ഗ്രാമീണൻ

(കുര്യാക്കോസ് പുത്തൻപുരയ്ക്കൽ)

ഡീജോൺ എന്ന സ്ഥലത്തുനിന്നു പാരീസുനഗരത്തെ ലാക്കാക്കി ഒരു ട്രെയിൻ ഓടിത്തുടങ്ങി. പരിഷ്കാരിയായ ഒരു കോളേജുവിദ്യാർത്ഥി, താനിരുന്ന മുറിയിൽ ആരെല്ലാമുണ്ടെന്നു ആകപ്പാടെ ഒന്നു കണ്ണോടിച്ചുനോക്കി. ഒരു ഫ്രഞ്ചുഗ്രാമീണന്റെ രീതിയിൽ വസ്ത്രം ധരിച്ചിരുന്ന ഒരു വൃദ്ധൻ മാത്രം ഒരു മൂലയിലിരിപ്പുണ്ടു്. അഭ്യസ്തവിദ്യനും സംസ്കൃതചിത്തനും എന്നു സ്വയം അഭിമാനിച്ചിരുന്ന ആ യുവാവിനു സമനിലയിലുള്ള ഒരാളെ കൂട്ടിനു കിട്ടിയില്ലല്ലോ എന്നു തോന്നിയിരിക്കണം. വൃദ്ധന്റെ വസ്ത്രം മുഷിഞ്ഞതും വേഷം അനാഡംബരവുമായിരുന്നു. അദ്ദേഹത്തിന്റെ മിനുക്കാത്ത ചെരിപ്പുകൾ കോടി വളഞ്ഞു വികൃതരൂപം പൂണ്ടിരുന്നു. പാറെ വെട്ടിയിരുന്ന അദ്ദേഹത്തിന്റെ തലമുടിയിൽ ആധുനികപരിഷ്കാരത്തിന്റെ കൈപ്പാടുകൾ കാണാനില്ല. സൂര്യാതപവും ചൂടുകാറ്റുമേറ്റു ശോഭയറ്റതും അനാകർഷകവുമായി പരിണമിച്ചിരുന്നു അദ്ദേഹത്തിന്റെ മുഖം. തന്റെ ഹീനാവസ്ഥ മനസ്സിലാക്കിയിട്ടായിരിക്കും ആ സദ്യപരിഷ്കാരത്തിന്റെ നിറകുടമായിരുന്ന ആ യുവകോമളനിൽനിന്നു ഇത്ര അകലെ മാറി മൗനമവലംബിച്ചിരുന്നുകളഞ്ഞതു്. തഴമ്പിച്ച പരുപരുത്ത അദ്ദേഹത്തിന്റെ കൈകളിൽ ഒരു ജപമാല കാണുന്നുണ്ടു്. വിദൂരത്തിലേക്കയച്ചിരുന്ന ആ നയനങ്ങളിൽ ഭക്തിനിർഭരമായ ഏകാഗ്രത പ്രകടമായിരുന്നു.

ആ വൃദ്ധനിൽ നമ്മുടെ യുവാവിനു കൗതുകം തോന്നിയോ എന്തോ? ഏതായാലും ഒരു നേരിയ ഹാസ്യഭാവം ധ്വനിപ്പിക്കുന്ന സ്വരത്തിലാണ് അയാൾ സംഭാഷണം ആരംഭിച്ചതു് "അപ്പാപ്പനിപ്പോഴും മദ്ധ്യശതകങ്ങളിലെ ആ പഴയ പിത്തലാട്ടങ്ങളിൽ വിശ്വസിക്കുന്നുവെന്നു തോന്നുന്നല്ലോ. ജപമാല ചൊല്ലുകയാണല്ലോ. അപ്പോൾ കന്യകാമാതാവിലും, അപ്രകാരംതന്നെ, ഈ പുരോഹിതന്മാർ പറഞ്ഞുകൂട്ടുന്ന മതാത്മകമായ സകല മുത്തശ്ശിക്കഥകളിലും അപ്പാപ്പൻ വിശ്വസിക്കുന്നുവെന്നല്ലേ ധരിക്കേണ്ടതു്?"

ആ വൃദ്ധഗ്രാമീണൻ തന്റെ കുഴിഞ്ഞ കണ്ണുകളെ ആ യുവാവിന്റെനേരെ സാവധാനം തിരിച്ചു. സങ്കടം തിങ്ങിനിന്ന ആ കണ്ണുകളിൽ "അതേ, എന്റെ കുഞ്ഞേ ഞാൻ വിശ്വസിക്കുന്നുണ്ടു. കുഞ്ഞു വിശ്വസിക്കുന്നില്ലയോ?" ആ യുവാവിന്റെ ഹാസ്യരസം നിറഞ്ഞ ചിരി ആ മുറിയിലെങ്ങും പ്രതിധ്വനിച്ചു. "ഞാനോ? ഹാ! ഹാ!" നിരസദ്യോതകമായ മുഖഭാവത്തോടെ അയാൾ പ്രതിവചിച്ചു: "പ്രാർത്ഥനയിലും, ഇതുപോലുള്ള മിഥ്യകളിലും ഞാൻ വിശ്വസിക്കയോ? ഇല്ല എന്നുതന്നെ ഞാൻ ഉറപ്പിച്ചുപറയും. ഞാൻ കോളേജിൽവച്ചു യാഥാർത്ഥ്യം ഗ്രഹിച്ചു.... നിങ്ങൾ യഥാർത്ഥ ജ്ഞാനിയായി തീരാനാഗ്രഹിക്കുന്നെങ്കിൽ ആ ജപമാല ജനാലയിൽക്കൂടി പുറത്തേക്കു വലിച്ചെറിയുക. അതിനുശേഷം നവീനശാസ്ത്രത്തെപ്പറ്റി വല്ലതും അല്പം പഠിക്കാൻ ശ്രമിക്കുക."

"നവീനശാസ്ത്രമോ?" ആ വൃദ്ധൻ ആവർത്തിച്ചു: "എനിക്കു മനസ്സിലാകുന്നില്ലെന്നാണെന്റെ ശങ്ക. ഒരുപക്ഷേ കുഞ്ഞിനു് എന്നെ അല്പം സഹായിക്കാൻ സാധിച്ചേക്കും." അദ്ദേഹത്തിന്റെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായിത്തീർന്നതു ഉദ്ധതനായ യുവാവു കണ്ടിരിക്കാനിടയില്ല. എങ്കിലും അജ്ഞനായ ആ വൃദ്ധന്റെനേരെ അല്പം കൂടി അനുഭാവവും അനുകമ്പയും പ്രദർശിപ്പിക്കുവാൻ തുടങ്ങി നമ്മുടെ യുവാവു. ഒരുപക്ഷേ തന്റെ വാക്കുകൾ അല്പം പരുഷമായിപ്പോയെന്നു അയാൾക്കു തോന്നിയിരിക്കണം.

"കൊള്ളാം." ശാന്തനായി അയാൾ പറഞ്ഞു, "നിങ്ങൾക്കു വായിക്കാനറിയാമെങ്കിൽ വല്ലതും കുറെ പുസ്തകങ്ങൾ അയച്ചുതരുവാൻ എനിക്കു സന്തോഷമാണ്... ... എന്താ വായിക്കാനറിയാമോ?"

"അറിയാം; ഒരുതരത്തിൽ."

"ശരി, എന്നാൽ എങ്ങോട്ടാണ് പുസ്തകങ്ങൾ അയച്ചുതരേണ്ടതു്?" യുവാവു് താല്പര്യത്തോടെ ചോദിച്ചു.

വൃദ്ധൻ തന്റെ കോട്ടിന്റെ പോക്കററിൽ തപ്പി ഒരു കടലാസുതുണ്ടെടുത്തു ആ കോളേജുവിദ്യാർത്ഥിയുടെ കൈയിൽ കൊടുത്തു. ആശ്ചര്യവും ലജ്ജയും ഒരേസമയം ആ യുവാവിന്റെ മുഖത്തു നിഴലിച്ചു. പിന്നീടൊരു വാക്കുച്ചരിക്കുവാനോ ആ വയോവൃദ്ധന്റെ മുഖത്തു നോക്കുവാൻപോലുമോ അയാൾക്കു ധൈര്യമുണ്ടായില്ല. ആ കടലാസിൽ ആരുടെ പേരായിരുന്നുവെന്നോ? ലൂയിസ് പാസ്റ്റർ. പാരീസ് ഇൻസ്റ്റിററ്യൂട്ട് ഫോർ സൈന്റിഫിക് റിസർച്ച്.

## അവരുടെ ചോദ്യങ്ങൾ

കറാച്ചിയിൽ അമേരിക്കരായ "മെഡിക്കൽ മിഷൻ" കന്യാസ്ത്രീകളാൽ നടത്തപ്പെടുന്ന ഒരാസ്പത്രിയുണ്ടു. ഏതാണ്ടൊരു "ഐക്യരാഷ്ട്രസമിതി"പോലെയാണത്രെ ആ സ്ഥാപനം. കറാച്ചി ഒരു തുറമുഖപട്ടണമാകയാൽ പാശ്ചാത്യരും പൗരസ്ത്യരുമായ നിരവധി ജനങ്ങൾ ചികിത്സാർത്ഥം അവിടെ തിങ്ങിക്കൂടാറുണ്ടു്. അവിടത്തെ അഡ്മിഷൻ രജിസ്റ്റർ പരിശോധിക്കുകയാണെങ്കിൽ, സിലോൺ, ചൈന, നോർവേ, ഫ്രാൻസ്, ഇംഗ്ലണ്ട്, ഹോളണ്ട്, ഐർലണ്ട്, യു. എസ്. എ, ന്യൂസിലണ്ട്, ഗ്രീസ്, പോളണ്ട്, ഇറ്റലി, ഇറാൻ, ഇറാക്, തെക്കെ അമേരിക്ക, കനഡ, ജപ്പാൻ, ടിബററ്, ബർമ്മ, അഫ്ഗാനിസ്ഥാൻ തുടങ്ങി സൂര്യനു കീഴുള്ള മിക്ക രാജ്യങ്ങളിൽനിന്നും അംഗങ്ങളായവരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നതായിക്കാണാം. ബഹുഭാഷാവിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടിയാണ് ഡോക്ടർമാർ രോഗികളുമായി സംഭാഷണം നടത്തുന്നതു. അവിടത്തെ നാട്ടുകാർ മരുന്നുവാങ്ങാൻ വരുമ്പോൾ കന്യാസ്ത്രീകളോടു ചോദിക്കുന്ന ചോദ്യങ്ങളാണ് രസാവഹമായിരിക്കുന്നതു്. അത്തരമൊരു സംഭാഷണമാണ് താഴെ ചേർക്കുന്നതു്:

"ബീബീ, ഈ മരുന്നു ഭക്ഷണത്തിനു മുമ്പു ഒരു ചായക്കരണ്ടി (ടീസ്പൂൺ) വീതം അല്പം വെള്ളത്തിൽ ചേർത്തു കഴിക്കണം."

"അച്ഛാ (ശരി), സിസ്റ്റർജി വലിയ കരണ്ടിയോ? ചെറിയ കരണ്ടിയോ?"

"ചെറിയ കരണ്ടി."

"പച്ചവെള്ളത്തിലോ ചൂടുവെള്ളത്തിലോ?"

"പച്ചവെള്ളത്തിൽ."

"പക്ഷേ ഞാൻ പച്ചവെള്ളം കുടിക്കാറില്ലല്ലോ. പച്ചവെള്ളം കുടിച്ചാൽ എനിക്കു ചുമവരും."

"എന്നാൽ ബീബി ചൂടുവെള്ളം ഉപയോഗിച്ചുകൊള്ളുക."

"പക്ഷേ പച്ചവെള്ളമെന്നാണല്ലോ സിസ്റ്റർജി ആദ്യം പറഞ്ഞതു. ചൂടുവെള്ളം ഉപയോഗിച്ചാൽ വല്ല ഉപദ്രവവും വരുമോ?"

"ഇല്ല."

"അച്ഛാ (ശരി)! സിസ്റ്റർജി. ഞാനെന്തോരം വെള്ളം എടുക്കണം?"

"ഏകദേശം രണ്ടൗൺസ്—ഇതുപോലുള്ള ഒരു ഗ്ലാസു നിറയെ."

"ഗ്ലാസിൽത്തന്നെ വെള്ളം എടുക്കണമെന്നുണ്ടോ സിസ്റ്റർജീ? വേറെ വല്ല പാത്രത്തിലുമെടുത്താൽ പോരെ?"

"മതി."

"ദിവസത്തിൽ മൂന്നുപ്രാവശ്യമെന്നാണോ സിസ്റ്റർജി പറഞ്ഞതു്?"

"അതെ."

"ഭക്ഷണത്തിനു മുമ്പ്. അല്ലേ സിസ്റ്റർജീ?"

"അതേ, ബീബീ."

"അതെങ്ങനെയാണ്? ഞാൻ ദിവസത്തിൽ രണ്ടുപ്രാവശ്യമേ ഭക്ഷണം കഴിക്കാറുള്ളല്ലോ."

അപ്പോഴേക്കും സിസ്റ്റർ-ഡോക്ടർ വരുന്നു.

"എന്താണ് ബീബിയുടെ സംശയം? മരുന്നു കുടിക്കേണ്ട വിധമെല്ലാം ഞാൻ നേരത്തെ പറഞ്ഞതല്ലേ? അപ്രകാരം ചുരുങ്ങിയതു 20 പ്രാവശ്യമെങ്കിലും മരുന്നു സേവിച്ചശേഷം മടങ്ങിവരണമെന്നല്ലേ ഞാൻ പറഞ്ഞതു്?"

"20 പ്രാവശ്യമെന്നാണോ ഡോക്ടർജി പറഞ്ഞതു്? മൂന്നുപ്രാവശ്യമെന്നാണു ഞാൻ കേട്ടതെന്നു തോന്നുന്നല്ലോ..."

(Mission Digest)

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

. മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നൽകുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാട്ടുള്ള സഹായം ചെയ്യുക.

## യോഹന്നാന്റെ ദൗത്യം

"ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ."

"എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ."

ഇരിക്കുവിൻ!

പ്രിയകുട്ടികളേ,

നിങ്ങൾക്ക് എന്നെ പരിചയമില്ല. കുറച്ചുനാൾ ഇവിടെ കഴിച്ചുകൂട്ടണമെന്നാണു് ദൈവതിരുമനസ്സ്. വല്യച്ചൻ ചില അസൗകര്യങ്ങൾനിമിത്തം അവധിയിൽ പോയിരിക്കയാണു്. വല്യച്ചനെ ഒരിക്കലും മറക്കരുതു്. നല്ലനല്ല പാഠങ്ങൾ ഉരുവിട്ടുതന്ന ആ സ്നേഹംനിറഞ്ഞ പിതാവിനുവേണ്ടി പ്രാർത്ഥിക്കണം.

ബാലനും യുവാവുമായ ഈശോയെക്കുറിച്ചു് പഠിച്ചുകഴിഞ്ഞു. ഇനി നമുക്കു് പഠിക്കാനുള്ളതു് അവിടുത്തെ പരസ്യജീവിതത്തെപ്പററിയത്രെ. ഈശോയുടെ കഥ നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ളതു് അവിടുത്തെ അമ്മയാണു്. നമുക്കു് ആ അമ്മയുടെ സഹായം കൂടിയേകഴിയൂ. ആ അമ്മയുടെ സ്നേഹവും അനുഗ്രഹവും കിട്ടുന്നതിനു്, ഫാത്തിമാബാലസമിതിയംഗങ്ങളായ നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. ഈ ക്ലാസ്സിന്റെ ആരംഭത്തിലും അവസാനത്തിലും ഓരോ "നന്മനിറഞ്ഞമറിയം" ചൊല്ലുന്നതു് വളരെ ഉപകാരപ്രദമായിരിക്കും.

ഈശോ മനുഷ്യനായി അവതരിച്ചതിനു് രണ്ടുദ്ദേശമുണ്ടു്. മനുഷ്യരെ സത്യദൈവത്തെ ആരാധിക്കാനുള്ള നേരായ മാർഗ്ഗം ഉപദേശിക്കുക, ഒന്നു്. അവരുടെ പാപങ്ങൾക്കു് തക്കതായ പരിഹാരം ചെയ്യുക, രണ്ടു്. അവിടുന്നു് 30കൊല്ലം നസ്രസിൽ ജീവിച്ചുവെങ്കിലും, താൻ ആരാണെന്നു് ആരും അറിഞ്ഞില്ല. ആരേയും അറിയിച്ചുമില്ല.

തന്റെ രണ്ടുദ്ദേശങ്ങൾ സാധിക്കുന്നതിനു്, മററുവിധത്തിൽ പറഞ്ഞാൽ ദൈവരാജ്യം സ്ഥാപിച്ചുപരത്തുന്നതിനുള്ള നല്ല അവസരം വന്നുചേർന്നു. നിങ്ങൾ ഓർക്കുന്നില്ലേ, രാജാക്കന്മാർ എഴുന്നള്ളുമ്പോൾ ഉദ്യോഗസ്ഥന്മാർ അകമ്പടി സേവിക്കുന്നതു്. ചിലർ റോഡുകൾ വൃത്തിയാക്കും, ചിലർ വഴികളിൽ തോരണം കെട്ടിത്തൂക്കും, ചിലർ വഴികളിൽ കൂടിവരുന്ന ആളുകളേയും വാഹനങ്ങളേയും മാററിനിർത്തും, ചിലർ മുമ്പേ ഓടിപ്പോയി രാജാവിന്റെ വരവിനെ വിളിച്ചുപറഞ്ഞു് എല്ലാവരേയും അറിയിക്കും.

ഈശോ രാജാക്കന്മാരുടെ രാജാവല്ലേ? അവിടുത്തെ വരവിനെപ്പററി ദീർഘദർശികൾ നമ്മളെ പണ്ടുപണ്ടേ അറിയിച്ചിട്ടുണ്ടായിരുന്നു. ആ വിശുദ്ധാത്മാക്കൾ ലോകത്തെ ഒരുക്കുകയായിരുന്നു ലോകരക്ഷകനെ യഥായോഗ്യം സ്വീകരിക്കുവാൻ. തക്കസമയത്തു ഈശോ ലോകത്തിലേക്കുവന്നു. വി. യോഹന്നാൻമാംദാനയാണു് ഈശോയുടെ എഴുന്നള്ളത്തു് ലോകത്തെ അറിയിക്കുവാൻ മുമ്പേ ഓടിപ്പോയതു്.

ഈശോരാജനെ സ്വീകരിക്കാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യാൻ അദ്ദേഹം ഉപദേശിച്ചു. പ്രധാനമായി രണ്ടു കാര്യങ്ങൾ. പാപങ്ങളെക്കുറിച്ചു് മനസ്തപിച്ചു് പ്രായശ്ചിത്തം ചെയ്യണം. ഓരോരുത്തരും അവനവന്റെ കടമകൾ നിറവേററണം.

ജനങ്ങൾ കൂട്ടംകൂട്ടമായി അദ്ദേഹത്തിന്റെ അടുക്കൽ വന്നുകൊണ്ടിരുന്നു. ഓരോരുത്തർക്കും പററിയ സദുപദേശങ്ങൾ നൽകി. ചുങ്കക്കാർ (റവന്യൂ ഉദ്യോഗസ്ഥന്മാർ) അക്രമമായി ജനങ്ങളിൽനിന്നു പണം പിരിച്ചെടുക്കുന്നതിനെ വിലക്കി. ഭടന്മാരോടു് ശമ്പളംകൊണ്ടു് തൃപ്തിപ്പെട്ടു് അധർമ്മങ്ങൾ പ്രവർത്തിക്കാതെ ജീവിക്കാൻ പ്രസംഗിച്ചു. ചുരുക്കത്തിൽ ഉദ്യോഗസ്ഥന്മാരേയും ഭടന്മാരേയും സമ്പന്നന്മാരേയും ദരിദ്രരേയും സ്വതന്ത്രരേയും അടിമകളേയും യഹൂദന്മാരേയും പുറജാതികളേയും — എല്ലാവരേയും — നീതിയായി പെരുമാറുവാൻ ശക്തിയായി ഉൽബോധിപ്പിച്ചു.

മിക്കവരും പാപങ്ങളെ ഓർത്തു് മനസ്തപിച്ചു കരഞ്ഞു് യോർദ്ദാനാൻ നദിയിൽ വെച്ചു് മാമോദീസാമുങ്ങി. ഒരുകൂട്ടർമാത്രം അതിനു വഴിപ്പെട്ടില്ല, ഫ്രീശന്മാർ. അവർ വലിയ അഹംഭാവികളായിരുന്നു. എല്ലാം തങ്ങൾക്കറിയാമെന്നു് അവർ നടിച്ചു. തങ്ങൾ പരിശുദ്ധന്മാരാണെന്നു് അവർ വെറുതെ വിചാരിച്ചുപോയി. കഷ്ടം! അവർ അദ്ദേഹത്തിന്റെ വാക്കുകളെ വകവെച്ചില്ല. സാധാരണജനങ്ങൾ പാപമാർഗ്ഗങ്ങൾ വെടിഞ്ഞു്, കണ്ണീർകണങ്ങൾ പൊഴിച്ചുകൊണ്ടു് യോഹന്നാന്റെ അടുക്കൽ തടിച്ചുകൂടി. അതു കണ്ടപ്പോൾ അവർക്കു് അസൂയയാണു് ഉണ്ടായതു്. കഷ്ടം, കഷ്ടം! അവർക്കു വരുവാനിരുന്ന ഭയങ്കരനാശത്തെപ്പററി അദ്ദേഹം മുന്നറിയിപ്പു നൽകി. എന്നിട്ടോ?

പിന്നീട്ടു് ഈശോയും അവരെ ശകാരിക്കയുണ്ടായി. എന്നിട്ടും അവർക്കു കുലുക്കമുണ്ടായില്ല. മാത്രമല്ല, അസൂയ മൂത്തുമൂത്തു വിദ്വേഷമായി. യോഹന്നാന്റെയും ഈശോയുടേയും വധത്തിനു് അവരായിരുന്നു മുന്നിട്ടുനിന്നു പ്രവർത്തിച്ചതു്. അങ്ങനെ അവർ നശിച്ചുപോയി.



ക്രിസ്റ്റഫർ പ്രസ്ഥാനത്തിന്റെ പ്രണേതാവായ ഫാദർ ജേംസ് കെല്ലർ എം. എം. (Fr. James Keller M. M.) ഈ വേഷത്തിലാണു് അദ്ദേഹം You Can Change the World ("ലോകത്തെ നന്നാക്കുവാൻ നിങ്ങൾക്കു സാധിക്കും") എന്ന ചലച്ചിത്രത്തിൽ അഭിനയിച്ചതു്.

പ്രിയകുട്ടികളേ, നാം ഫ്രീശന്മാരെപ്പോലെ ആകരുതു്. നമ്മുടെ നിഗളസ്വഭാവത്തെ നാം പാടെ ഉപേക്ഷിക്കണം. എളിമയോടുകൂടെ പാപങ്ങളെ ഓർത്തു നമുക്കു കരയാം. അപ്പോൾ ഈശോയെ സ്വീകരിക്കുന്നതിനു് നമുക്കു സാധിക്കും. "മററുള്ളവർ നമ്മുടെ കുററങ്ങളെ അറിഞ്ഞു് ന[illegible]മ്മ ശാസിക്കുന്നതു് നാം കൂടുതൽ എ[illegible]ളിമയുള്ളവരായിത്തീരുവാൻ പലപ്പോഴും ഉപകരിക്കുന്നു."

(ക്രിസ്ത്വാനുകരണം)

## തിരു-കൊച്ചിയിലെ ക്രിസ്ത്യൻ പിന്തുടർച്ചാവകാശം

(ഇട്ടൂപ്പ് തച്ചിൽ എൽ. എൽ. ബി.)

1951-ലെ 3-ാം ആക്ടു് എന്ന കേന്ദ്രനിയമംവഴി പഴയ ബ്രിട്ടീഷ് ഇന്ത്യായായിരുന്ന പ്രദേശത്തു് നടപ്പിലിരുന്ന ഏതാണ്ടു് 136 നിയമങ്ങളെ ബിവിരാംശസ്റ്റേററുകളിലേക്കു് വ്യാപിപ്പിച്ചതിനെത്തുടർന്നു് തിരു-കൊച്ചിയിലെ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമങ്ങൾക്കു് പ്രാബല്യം ഇല്ലാതായിത്തീർന്നിരിക്കുന്നുവെന്നു് തെററായ ഒരു ധാരണ നിയമജ്ഞന്മാരും അല്ലാത്തവരും ആയ പലർക്കും ഉള്ളതായി അവരുടെ സംസാരങ്ങളിൽനിന്നും ഒരു ലേഖനത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. അതിനാൽ പുതിയ നിയമങ്ങൾ നടപ്പിലാക്കിയ 1951 ഏപ്രിൽ ഒന്നാം തീയതി മുതൽ തിരു-കൊച്ചിയിലെ ക്രിസ്ത്യൻ പിന്തുടർച്ചാവകാശക്രമത്തിനു എന്തെങ്കിലും വ്യതിയാനം സംഭവിച്ചിട്ടുണ്ടോയെന്നു് പരിശോധിക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം.

മേൽ പ്രസ്താവിച്ച 1951-ലെ 3-ാം ആക്ടുമൂലം 1925-ലെ ഇൻഡ്യൻ സക്സഷൻ നിയമം തിരു-കൊച്ചി സംസ്ഥാനത്തേക്കു വ്യാപിപ്പിച്ചതായും ഏപ്രിൽ 1-ാം തീയതി മുതൽ പ്രസ്തുത നിയമം ഇവിടെയും നടപ്പിലാക്കിയിരിക്കുന്നതായും ഗസററുപ്രഖ്യാപനം ഉണ്ടായിട്ടുണ്ടല്ലോ. ഇൻഡ്യൻ സക്സഷൻ നിയമം 3-ാം വകുപ്പു് അനുസരിച്ചു സംസ്ഥാനഗവമ്മെണ്ടിനു നൽകിയിട്ടുള്ള അധികാരം പ്രയോഗിച്ചു ആ നിയമത്തിലെ ചില വകുപ്പുകളുടെ വ്യാപ്തിയിൽനിന്നും ഏതെങ്കിലും വർഗ്ഗക്കാരെ ഒഴിവാക്കിയതായി ഗസററുപ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടുമില്ല. ഇപ്രകാരം പ്രത്യേകമായി ഒഴിവാക്കൽ ഇല്ലെങ്കിൽ തിരു-കൊച്ചിയിൽ നിലവിലിരുന്ന ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമങ്ങൾ അസാധുവായിത്തീരുമെന്നു് പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാമെങ്കിലും ഒട്ടുവളരെ ഒഴിവാക്കലുകളും പ്രത്യേകപരിഗണനകളുംകൊണ്ടു നിറഞ്ഞിരിക്കുന്ന ഇൻഡ്യൻ സക്സഷൻ നിയമം ശരിയായി പരിശോധിച്ചാൽ സംസ്ഥാനഗവമ്മെണ്ടിന്റെ ഒഴിവാക്കൽ പ്രഖ്യാപനം കൂടാതെതന്നെ ഇവിടത്തെ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമങ്ങൾ ഇപ്പോഴും പ്രാബല്യത്തിലിരിക്കത്തക്ക ഒരു ഒഴിവാക്കൽ വകുപ്പു് പുതിയ നിയമത്തിൽ ഉണ്ടെന്നു് കാണാവുന്നതാണു്.

1925-ലെ 39-ാം ആക്ടു് ആയ ഇൻഡ്യൻ സക്സഷൻ നിയമം 5-ാം ഭാഗം ഒന്നും രണ്ടും അദ്ധ്യായങ്ങളിലാണു് മരണപത്രം എഴുതാതെ മരിച്ച ആളുടെ പിന്തുടർച്ചാവകാശികളെയും അവരുടെ മുറകളെയും വിവരിക്കുന്നതു്. ഈ 5-ാം ഭാഗം ഹിന്ദുക്കളെയോ മുസ്ലീമുകളെയോ ബുദ്ധസിക്കുജയിനമതക്കാരെയോ ബാധിക്കുകയില്ലെന്നു് പ്രസ്തുത നിയമം 29-ാം വകുപ്പു് 1-ാം ഉപവകുപ്പിൽ പറയുന്നു. ഈ വകുപ്പു് 2-ാം ഉപവകുപ്പിൽ 5-ാം വിഭാഗം ആരെയെല്ലാമാണു് ബാധിക്കുന്നതെന്നു് പറയുന്നു. അതനുസരിച്ചു മേൽപ്പറഞ്ഞ 1-ാം ഉപവകുപ്പു് പ്രകാരം ഒഴിവാക്കപ്പെട്ടവരും വേറെ നിലവിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം ഒഴിവാക്കപ്പെട്ടവരും ഒഴികെയുള്ളവരെ മാത്രമേ ഈ വിഭാഗം ബാധിക്കുകയുള്ളുവെന്നാണു് പറഞ്ഞിട്ടുള്ളതു്. അതിനാൽ ഇൻഡ്യൻ സക്സഷൻ നിയമം തിരു-കൊച്ചിയിൽ നടപ്പിലാക്കിയതുകൊണ്ടു് ഇവിടെ നിലവിലുണ്ടായിരുന്ന ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമങ്ങൾ അസാധുവാകയോ പിൻതുടർച്ചക്രമത്തിൽ മാററം സംഭവിക്കയോ ചെയ്യുന്നില്ല. 1925-ലെ ഇൻഡ്യൻ സക്സഷൻ നിയമം പഴയ ബ്രിട്ടീഷ് ഇൻഡ്യൻ പ്രദേശങ്ങളിൽ നടപ്പിലാക്കിയപ്പോൾ 1925-ലെ ഇൻഡ്യൻ ക്രിസ്ത്യൻ സക്സഷൻ നിയമമാണു് അവിടത്തെ ഇൻഡ്യൻ ക്രിസ്ത്യാനികൾക്കു് ബാധകമായിരുന്നതു്. ആ നിയമം തിരു-കൊച്ചിയിലേക്കു് വ്യാപിപ്പിക്കയോ 1951-ലെ 3-ാം ആക്ടിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

[1951 ജൂലൈ 25-ാംനു-യിലെ സത്യദീപത്തിൽ ഈ വിഷയം സംബന്ധിച്ചു് പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിലേതിൽനിന്നു വ്യത്യസ്തമായ അഭിപ്രായമാണല്ലോ ഈ ലേഖനത്തിലുള്ളതു്. ഇതു സംബന്ധിച്ചു മററഭിഭാഷകന്മാരുടെ അഭിപ്രായമെന്തെന്നറിയാനാഗ്രഹിക്കുന്നു. പത്രാധിപർ.]

ഗൃഹപാഠം

അടുത്തദിവസം വരുമ്പോൾ ഈ രണ്ടു ചോദ്യങ്ങൾക്കു് ഉത്തരം എഴുതിക്കൊണ്ടു വരണം.

1) യോഹന്നാൻ മാംദാനയെ സ്നാപകയോഹന്നാൻ അഥവാ മാംദാന എന്നു വിളിക്കുന്നതു് എന്തുകൊണ്ടു്?

2) ഫ്രീശന്മാർ ആരായിരുന്നു?

എന്നു് സ്വന്തം കൊച്ചച്ചൻ.



## പുസ്തകാഭിപ്രായം

### വ്യാകുലാംബിക

(ഗ്രന്ഥകർത്താ: കെ. എ. പോൾ, സാഹിത്യനിലയം പ്രസ്സ്, കലൂർ, എറണാകുളം. പേജ് 188. വില 1 ക. 6 ണ.)

കേരളത്തിലെ ക്രിസ്തീയസാഹിത്യത്തിനു പല നല്ല ഗ്രന്ഥങ്ങളും സംഭാവന ചെയ്തിട്ടുള്ള ശ്രീ കെ. എ. പോളിന്റെ വിദഗ്ദ്ധതൂലികയിൽനിന്നു പുറപ്പെട്ടിട്ടുള്ള ഒരു നവീനഗ്രന്ഥമാണു "വ്യാകുലാംബിക". സഭാമല്പാന്മാരുടേയും മററു പുണ്യാത്മാക്കളുടേയും മഹാചിന്തകന്മാരുടേയും ആശയങ്ങളെ അടിസ്ഥാനമാക്കിയും, 'ആധുനികത്വ'ങ്ങൾക്കു നിരക്കുന്നമട്ടിലുള്ള പല പ്രായോഗികപാഠങ്ങൾ ഉടനീളം ഉൾക്കൊള്ളിച്ചുമാണു ഇതു രചിച്ചിട്ടുള്ളതു്. മാതാവിനെ ചൂടിക്കുവാനായി 12 അദ്ധ്യായങ്ങളാകുന്ന നക്ഷത്രങ്ങളെക്കൊണ്ടു നിർമ്മിച്ച ഒരു മനോജ്ഞകിരീടമായി ഇതിനെ പരിഗണിക്കാവുന്നതാണു്. പ്രസ്തുത കിരീടത്തിലെ ഓരോ നക്ഷത്രവും ധ്യാനം, ദൃഷ്ടാന്തം, ജപം എന്നീ ത്രിമുഖങ്ങളാൽ പരിശോഭിതവുമാണു്. സഭ്യേതരമായ "സാഹിത്യ"ഗ്രന്ഥങ്ങൾ ക്രിസ്തീയ കുടുംബങ്ങളിലെ പാവനാന്തരീക്ഷത്തെപ്പോലും മലിനമാക്കാൻ തുടങ്ങിയിരിക്കുന്ന ഇക്കാലത്തു്, ഭക്തിദ്യോതകവും കർമ്മോദ്ദീപകവുമായ ഇതുപോലെയുള്ള മതഗ്രന്ഥങ്ങൾ എത്രമാത്രം സ്വാഗതം അർഹിക്കുന്നവയാണെന്നു പറയേണ്ട ആവശ്യമില്ല. "വ്യാകുലാംബിക" എല്ലാ കുടുംബങ്ങളിലും പ്രവേശിച്ചു് അവയിലെ ആബാലവൃദ്ധം അംഗങ്ങളെ അദ്ധ്യാത്മപ്രബുദ്ധരാക്കട്ടെയെന്നാണു് അസ്മാദൃശന്മാരുടെ അകമഴിഞ്ഞ ആശംസ. വ്യാകുലമാതാവിന്റെ മാസമായ സെപ്റ്റംബർ സമീപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ, പ്രകൃതഗ്രന്ഥത്തിന്റെ ആവിർഭാവം ഏററവും അവസരോചിതമായിരിക്കുന്നു എന്നതും പ്രസ്താവ്യമാണു്.

P. I. J.

## പൊന്തിഫിക്കൽ സർവ്വകലാശാല

ബ്രസീലിലെ റെയോഗ്രാൻഡു് യൂണിവേഴ്സിററി ഒരു പൊന്തിഫിക്കൽ യൂണിവേഴ്സിററിയായി ഉയർത്തിക്കൊണ്ടുള്ള പുതിയ ഡിക്രി "ആക്താ അപ്പസ്തോലിച്ചെ സേദീസ്" എന്ന വത്തിക്കാൻ പത്രത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതോടുകൂടി ലോകത്തിലൊട്ടുക്കെയുള്ള പൊന്തിഫിക്കൽ യൂണിവേഴ്സിററികളുടെ ആകെത്തുക 23 ആയി വർദ്ധിച്ചിരിക്കുന്നു.




# ജീവിതസമരം

എന്നാൽ ഞാൻ പറയുന്നു: നിങ്ങൾ ആദ്ധ്യാത്മികമായി വ്യാപരിക്കുവിൻ, ജഡത്തിൻെറ ദുരാശയെ ഒരിക്കലും അനുവർത്തിക്കരുത്. എന്തെന്നാൽ ആത്മാവിന് ഹാനികരമായിട്ടുള്ളതിനെ ജഡം ആഗ്രഹിക്കുന്നു. ജഡത്തിനു ഹാനികരമായിട്ടുള്ളതിനെ ആത്മാവും ആഗ്രഹിക്കുന്നു. അവ രണ്ടും, നിങ്ങൾ ഇച്ഛിക്കുന്നതു് പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം പരസ്പരം ശത്രുക്കളാകുന്നു. നിങ്ങൾ ആത്മാവിനാൽ നടത്തപ്പെടുന്നുവെങ്കിൽ നിയമത്തിനു കീഴല്ല. ജഡത്തിൻെറ പ്രവൃത്തികൾ അറിയപ്പെട്ടവയാകുന്നു. അവ വ്യഭിചാരം, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, തർക്കം, പക, കോപം. ശാഠ്യം, ഭിന്നതകൾ, കക്ഷിമത്സരം, അസൂയ, കൊല, മദ്യപാനം, തീറ്റിപ്പാട്ട് എന്നിവയും ഇവയ്ക്കു തുല്യമായിട്ടുള്ളവ ഒക്കെയും ആകുന്നു. ഇവ പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല എന്നു മുമ്പ് നിങ്ങളോടു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും ഞാൻ പറയുന്നു. ആത്മാവിൻെറ ഫലങ്ങളാകട്ടെ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘശാന്തത, മധുരശീലം, സൽഗുണം, വിശ്വാസം, വിനയം, ക്ഷമ, ഇവയാകുന്നു. ഇവയ്ക്കു വിരോധമായി നിയമം വെക്കപ്പെട്ടിട്ടില്ല. മിശിഹായ്ക്കുള്ളവർ തങ്ങളുടെ ശരീരത്തെ അതിൻെറ സകല വികാരങ്ങളോടും ദുരാശകളോടുംകൂടി കുരിശിൽ തറച്ചിരിക്കുന്നു. (പന്തക്കുസ്താ 14-ാം ഞായർ; ലേഖനം: ഗലാ. V-16—24).

രാജർഷിയായ ദാവീദ് തൻെറ ആദ്യത്തെ സങ്കീർത്തനത്തിൽ രണ്ടു വഴികളെപ്പററി പ്രസ്താവിക്കുന്നുണ്ട്. ഒന്നു നീതിമാന്മാരുടെ മാർഗ്ഗം, മറേറതു് ദുഷ്ടന്മാരുടെ വഴി. വേദപുസ്തകത്തിൽ ക്രിസ്തുനാഥൻ രണ്ടു കവാടങ്ങളെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒന്നു്, ഇടുങ്ങിയതു്; മറേറതു വിസ്താരമേറിയതു്. വി. ആഗസ്തീനോസ് രണ്ടു നഗരങ്ങളെ എടുത്തു കാണിക്കുന്നുണ്ട്. ഒന്നു് സ്വപരിത്യാഗത്തോടുകൂടി ദൈവത്തെ സ്നേഹിക്കുന്നവരുടേതു്. മററൊന്നു് ദൈവത്തെ പരിത്യജിച്ച് സ്വസ്നേഹത്തെ പുലർത്തുന്നവരുടേതു്. വി. ഇഗ്നേഷ്യസ് ലൊയോള അദ്ദേഹത്തിൻെറ ധ്യാനപുസ്തകത്തിൽ ജീവിതത്തിൻെറ രണ്ടു രീതികളെപ്പററി പ്രസ്താവിക്കുന്നുണ്ട്. ഒന്നു ക്രിസ്തുവിൻെറതു്, മറേറതു് ലൂസിഫറിൻെറതു്. ഇന്നത്തെ ലേഖനത്തിൽ അപ്പസ്തോലപ്രവരനായ വി. പൗലോസ് നമ്മിലുള്ള രണ്ടു വിരുദ്ധശക്തികളെപ്പററി പ്രതിപാദിക്കുന്നു. ഒന്നു ശരീരം, മറേറതു് ആത്മാവ്. "ആത്മാവിനു ഹാനികരമായിട്ടുള്ളതിനെ ജഡം ആഗ്രഹിക്കുന്നു. ജഡത്തിനു ഹാനികരമായിട്ടുള്ളതിനെ ആത്മാവും ആഗ്രഹിക്കുന്നു. അവ രണ്ടും, നിങ്ങൾ ഇച്ഛിക്കുന്നതു് പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം പരസ്പരം ശത്രുക്കളാകുന്നു." ഈ വൈരുദ്ധ്യവും സംഘട്ടനവും ആദിമാതാപിതാക്കന്മാരുടെ അധ:പതനത്തോടുകൂടിയാണ് ആരംഭിച്ചതു്. അതിനുമുമ്പ് മനുഷ്യൻെറ ശാരീരികാംശം ആദ്ധ്യാത്മികാംശത്തിനു് എല്ലാപ്പോഴും വിധേയമായിക്കൊണ്ടു് പ്രവർത്തിച്ചിരുന്നു. എന്നാൽ, അധ:പതനത്തിനുശേഷം അധമാംശം ഉത്തമാംശത്തിനെതിരായി തലയുയർത്തി. മനുഷ്യനിൽ തിന്മയിലേക്കുള്ള ചാച്ചിലും ആകർഷണവും ശക്തിപ്പെട്ടു. ഉന്നതങ്ങളിൽ ലക്ഷ്യംവെക്കുന്നതിനും ദൈവത്തിങ്കലേക്കു ഉയരുന്നതിനുമുള്ള പ്രചോദനങ്ങൾക്കു കുറവില്ല. എന്നാൽ അതേസമയംതന്നെ ജഡത്തിൻെറ ദുർഭിലാഷങ്ങൾ അവനെ കീഴോട്ടുതള്ളി, ദൈവത്തിൽനിന്നകററി, മൃഗീയതയുടെ അന്ധ്യഗാധങ്ങളിലേക്കു് അടിച്ചമർത്തുന്നതിനായി ഉറവശ്രമിക്കുന്നു. നന്മയുടെ സൗന്ദര്യവും ആവശ്യകതയും മനുഷ്യർ അറിയാഞ്ഞിട്ടല്ല. ഉൽകൃഷ്ടവും പരിശുദ്ധവുമായ ഒരു ജീവിതരീതി അഭിലഷണീയവും കരണീയവുമായി അവനു തോന്നുന്നുണ്ടെങ്കിലും, പലപ്പോഴും അവൻ അധമാംശത്തിനു വഴങ്ങിക്കൊടുത്തുകൊണ്ടു് പരിവർജ്ജ്യമായ തിന്മ പ്രവർത്തിച്ചുപോകുന്നു. നാം അന്തരാത്മാവിൽ പ്രവേശിച്ച് അതിതജീവിതത്തെ ഒന്നു പരിശോധിച്ചുനോക്കിയാൽ കാണാം, വി. യോബ് പറയുന്നതുപോലെ മനുഷ്യജീവിതം ഒരു യുദ്ധമാണെന്നു്. മേൽക്കോയ്മയ്ക്കായി മല്ലിടുന്ന രണ്ടു വിപരീതശക്തികളുടെ കിടമത്സരത്തിൽപ്പെട്ടു് കറങ്ങുകയാണ് മനുഷ്യൻ. ബുദ്ധി അനഭിലഷണീയം എന്നു വിധിക്കുന്നവയ്ക്കു നമ്മെ പലപ്പോഴും ആകർഷിച്ചടിമപ്പെടുത്തുന്നതിനു് കഴിയുന്നതു് എത്ര നിർഭാഗ്യകരം. വി. പൗലോസ് സ്വാനുഭവങ്ങളിൽനിന്നുതന്നെ മനുഷ്യൻെറ ഈ ബലഹീനത നന്നായിഗ്രഹിച്ചു. ജഡത്തിൻെറ പാരതന്ത്ര്യത്തിൽ നിന്നുയരാൻ പണിപ്പെട്ടു കുഴങ്ങിയ ആ പ്രേഷിതപ്രമുഖൻ ദൈവസഹായത്തിനായി നിലവിളിച്ചു.

കണ്ണടച്ചുകൊണ്ടു ഇരുട്ടാക്കുന്നതുപോലെയും ഒട്ടകപ്പക്ഷി തൻെറ തല മണ്ണിൽ പൂഴ്ത്തിയതിനുശേഷം തന്നെ ആരും കാണുന്നില്ലെന്നു വിചാരിക്കുന്നതുപോലെയും ചില ഭൗതികവാദികൾ ഈ ആത്മശരീരസംഘട്ടനം വെറും മിഥ്യയാണെന്നു സ്ഥാപിക്കാൻ പണിപ്പെടുന്നുണ്ട്. ആദ്ധ്യാത്മികത്തെ—ആത്മാവിനെ—തീരെ നിഷേധിക്കുക; അപ്പോൾ പിന്നെ സംഘട്ടനവുമില്ല; നിയന്ത്രണവും വേണ്ട; ശരീരത്തിൻെറ ഏകഛത്രാധിപത്യത്തിൻ കീഴിൽ നിഷിദ്ധസന്തോഷങ്ങളെല്ലാം അനുഭവിച്ചുകൊണ്ടു ജീവിക്കയുംചെയ്യാം. അന്തരിക്ഷത്തിൻെറ അനന്തതയിൽ പാറിപ്പറന്നശേഷം ഇറങ്ങിവന്ന വൈമാനികൻ ഉൽഘോഷിക്കുന്നു താൻ ദൈവത്തെ അവിടെയെങ്ങും കണ്ടില്ലെന്നു്. ശരീരത്തിൻെറ എല്ലാം ഭാഗവും കീറിമുറിച്ച് വിദഗ്ദ്ധമായ ശസ്ത്രക്രിയ നടത്തിയ ഭിഷഗ്വരൻ പറയുന്നു താൻ ആത്മാവിനെ ഒരിടത്തും കണ്ടില്ലെന്നു്. അത്ഭുതങ്ങൾ എല്ലാംതന്നെ മനുഷ്യനിലും പ്രകൃതിയിലും അന്തർലീനമായിക്കിടക്കുന്ന ശക്തികൾ കൊണ്ടു സംഭവിക്കാവുന്നതാണെന്നും ആദ്ധ്യാത്മികതയും ദിവ്യതയും ഒന്നും തന്നെ ആവശ്യമില്ലെന്നും ചിലർ തട്ടിമൂളിക്കുന്നു. ഇക്കൂട്ടർക്കു പാപമുണ്ടോ പുണ്യമുണ്ടോ; മോക്ഷമുണ്ടോ നരകമുണ്ടോ? മനുഷ്യൻ ഒരു പരിഷ്കരിച്ച മൃഗം; മൃഗീയതകൾ പരിഷ്കരിച്ചമട്ടിൽ അനുവർത്തിക്കുക, അപ്പോൾ മനുഷ്യനായി. സുഖഭോഗങ്ങൾ അനുഭവിച്ചുകൊണ്ടു മരിക്കുന്നതുവരെ ജീവിക്കുക എന്നതിൽക്കവിഞ്ഞ ഒരു ജീവിതപ്രമാണം ഇവർക്കുണ്ടാകാൻ വഴിയില്ല. ക്രിസ്തു വെറും മനുഷ്യൻ; മനുഷ്യൻ വെറും മൃഗം; മൃഗം വെറും അണുക്കൾമാത്രം—ഇങ്ങനെ പോകുന്നു ഇന്നത്തെ ചില പുരോഗമനങ്ങൾ. ഇതിനുംപുറമെ, മുതലാളിത്ത വ്യവസ്ഥിതിയിൽ മനുഷ്യർ വെറും "കൈകൾ" (Hands) മാത്രമായി പരിഗണിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിലാകട്ടെ അവരെല്ലാം വ്യക്തിത്വരഹിതരായി രാഷ്ട്രത്തിൽ ലയിച്ചുപോകുന്നു. അങ്ങനെ ഓരോ മനുഷ്യനും ഓരോ അനശ്വരമായ ആത്മാവുണ്ടെന്നും മരണാനന്തരം അതു ദൈവത്തിൽ—സ്വർഗ്ഗത്തിൽ—ചെന്നു ചേരണമെന്നും തദർത്ഥം ഇഹത്തിൽ ശരീരത്തിൻെറ ദുരാശകളെ ജയിച്ചമർത്തിക്കൊണ്ടു പാപരഹിതമായി ജീവിക്കണമെന്നുമുള്ള തത്വങ്ങൾ ത്യാജകോടിയിൽ തള്ളപ്പെടുന്നു. ഇന്നത്തെ പ്രസിദ്ധികരണങ്ങളും വിനോദങ്ങളും പ്രസംഗങ്ങളും ഈ ഭൗതികമനസ്ഥിതിയെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ക്രിസ്തുനാഥൻെറ സ്വരം ഇതാ നാം തെളിവായി കേൾക്കുന്നു: "ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും അവൻെറ ആത്മാവു നശിച്ചുപോകുന്നെങ്കിൽ അവനെന്തു പ്രയോജനം?" "ഒരുവൻ തൻെറ ആത്മാവിനു പകരമായി എന്തുകൊടുക്കും?" "ഇതാകുന്നു പിതാവിൻെറ തിരുമനസ്സ്: നിങ്ങളുടെ വിശുദ്ധീകരണം."

ഭൗതികത്വത്തിൻെറയും മൃഗീയതയുടെയും പ്രചാരണകർത്താക്കളുടെ ആകർഷണവലയത്തിൽ നാം ഒരിക്കലും പെട്ടുപോകരുതു്. ജഡത്തിൻെറ ദുരാശകൾക്കനുസരിച്ചു ജീവിക്കുവാൻ—ഒഴുക്കിനനുകൂലമായി നീന്തുവാൻ—വളരെ എളുപ്പമാണ്; പക്ഷെ, നാശഗർത്തത്തിലേക്കുള്ള ത്വരിതഗമനമായിരിക്കും അതു്. നേരെമറിച്ച്, ശരീരത്തിൻെറ അധമവാസനകളെ ജയിച്ചടക്കിക്കൊണ്ടു പരിശുദ്ധമായി ജീവിക്കുവാൻ കുറെ ക്ലേശിക്കേണ്ടിവരുമെങ്കിലും ഒടുവിൽ നിത്യസൗഭാഗ്യം നമുക്കു കൈവരാതിരിക്കയില്ല. ആത്മാവും ജഡവും തമ്മിലുള്ള ഈ സമരത്തിൽ നമുക്കു കൈയുംകെട്ടിയിരിക്കുവാനോ നിഷ്പക്ഷത പാലിക്കുവാനോ സാദ്ധ്യമല്ല. ഏതെങ്കിലും ഒരു ചേരിയെ നാം സ്വീകരിച്ചേ കഴിയൂ. എന്നാൽ ഒരേസമയത്തു രണ്ടു ചേരികളിലും യുദ്ധംചെയ്യുവാനും സാദ്ധ്യമല്ല. "നിങ്ങൾക്കു രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴികയില്ല." അരൂപിയേയും ജഡത്തെയും ഒരേസമയത്തു തൃപ്തിപ്പെടുത്തുവാൻ സാദ്ധ്യമല്ല; കാരണം, അവ അത്രമാത്രം വൈരുദ്ധ്യമുള്ള ശക്തികളാണ്. കൂടാതെ, ഈ സമരം ആജീവനാന്തം നിലനിൽക്കുയുംചെയ്യും. മരണംവഴി ആത്മാവും ജഡവുംതമ്മിൽ വേർപിരിയുന്ന നിമിഷംവരെ ഈ യുദ്ധം തുടർന്നുകൊണ്ടിരിക്കും; ഒഴിവുദിവസങ്ങളോ വെടിനിർത്തൽസംഭാഷണങ്ങളോ ഒത്തുതീർപ്പുകളോ ഒന്നുംതന്നെ ഈ സമരചരിത്രത്തിൽ ഉണ്ടാകാൻ പാടില്ല.

വി. പൗലോസ് അധമാംശത്തോടുള്ള ഈ സമരത്തിൽ കുഴങ്ങി വിവശനായി ദൈവത്തോടു് നിലവിളിച്ചപ്പോൾ കൃപാമൂർത്തിയായ ജഗൽപിതാവിൻെറ പ്രത്യുത്തരമെന്തായിരുന്നു? "എൻെറ പ്രസാദവരം നിനക്കു മതിയാകും." ജഡത്തെ ജയിക്കുവാൻ ദൈവത്തിൻെറ കൃപാവരം നമ്മെ വേണ്ടുവോളം സഹായിക്കുമെന്നു് ആ കരുണാമൂർത്തി നമുക്കു് ഉറപ്പുനൽകിയിട്ടുണ്ട്. സമരം അപരിത്യാജ്യവും രൂക്ഷവും നിരന്തരവുമെങ്കിലും വിശ്വസ്തതയോടെ സേവനമനുഷ്ഠിക്കുന്നവർക്കു് വിജയം നിശ്ചയമാണ്. ദൈവാനുഗ്രഹത്തിൻെറ സമൃദ്ധിയിൽ ജയിക്കാൻ കഴിയാത്ത പ്രലോഭനങ്ങളില്ല. അല്ലെങ്കിൽ പുണ്യപരിപൂർണ്ണരാകുന്നതിനുള്ള ദൈവാജ്ഞ നിരർത്ഥകമാകും. തന്നിമിത്തം ഓരോരുത്തനും സ്വജീവിതചെയ്തികൾ പരിശോധിച്ചുനോക്കി ആത്മാവിൻെറ ആധിപത്യമാണോ ജഡത്തിൻെറ ആധിപത്യമാണോ തന്നിൽ ഭരണംനടത്തുന്നതെന്നു ആരാഞ്ഞറിയട്ടെ. ഇതിനുള്ള എളുപ്പമാർഗ്ഗം ഇന്നത്തെ ലേഖനത്തിൽ നിന്നുതന്നെ നമുക്കു ലഭ്യമാണ്. കാരണം, വി. ശ്ലീഹാ ജഡത്തിൻെറ പ്രവൃത്തികൾ ഏവയെന്നും ആത്മാവിൻെറ ഫലങ്ങൾ ഏവയെന്നും അതിൽ എണ്ണിയെണ്ണിപ്പറയുന്നുണ്ട്. ഈ പരിശോധനയിൽ ജഡത്തിൻെറ പ്രവൃത്തികളാണ് നമ്മിൽ പ്രബലപ്പെട്ടുനിൽക്കുന്നതെങ്കിൽ അവയെ സമരംചെയ്തു് അടിച്ചമർത്തുവാൻ നാം ശ്രമിച്ചുകൂടിയൂ. കാരണം "ഇവ പ്രവർത്തിക്കുന്നവൻ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയില്ല" എന്നു് വി. പൗലോസ് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നുണ്ട്. അധമമായ ധാർഷ്ട്യം കൈവെടിഞ്ഞും ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചും നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടും രക്ഷാകരങ്ങളായ കൂദാശകളെ ഇടയ്ക്കിടെ സ്വീകരിച്ചും നമ്മുടെ ആത്മശക്തികളെ നാം പോഷിപ്പിക്കണം. എന്തു ക്ലേശവും ത്യാഗവും സഹിക്കേണ്ടിവന്നാലും പാപത്തിൻെറ അവസരങ്ങളേയും ആളുകളേയും നാം വിട്ടകലണം. "ആപത്തിനെ സ്നേഹിക്കുന്നവൻ അതിൽ നശിക്കും" എന്ന വാക്യം ഓർമ്മയിലിരിക്കട്ടെ.

(ജെ. ചെമ്മണൂർ)





കാഥികൻ

ശ്രീ ജോസഫ ചിറ്റേടൻ

കുഴുപ്പിള്ളി

ഇദ്ദേഹം, അ. കേ. കത്തോലിക്കാ കോൺഗ്രസ്സ് വാർഷികം (ആലുവാ), അഖിലേന്ത്യാ പ്രദർശനം (തൃശ്ശൂർ) എന്നിവയോടനുബന്ധിച്ചും അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിലും മററും കേരളത്തിലെങ്ങും കഥാപ്രസംഗങ്ങൾ നടത്തി ഉത്തരോത്തരം സഹൃദയ പ്രശംസ സമ്പാദിച്ചുവരികയാണ്.

## Servants of Satan

The devil has many servants and helpers who are all very active. They are found everywhere. Some are unattractive and even repulsive for most of us, but many are sociable, insinuating, and so plausible that, at times, they almost deceive the very elect.

Among these are to be found four chief servants of the devil. Their names are: There's no danger; Only this once; Everyone is doing it; and By and by. All four of these are cheats and liars. They aim at deceiving men and cheating them out of heaven. God has no promise for "by and by." He says "Now is the acceptable time; now is the day of salvation."

St. Paul wrote to the Galatians 6: 7—8: "Be not deceived. God is not mocked. For what things a man shall sow, those also he shall reap. He that soweth in the flesh, of the flesh also he shall reap corruption."—

Fr. Walter, O. S. B.

## Words and Results

A careless word may kindle strife.
A cruel word may wreck a life.
A brutal word may smite and kill.
A gracious word may smooth the way.
A joyous word my light the day.
A timely word may lessen stress.
A loving word may heal and bless.

—Fr. Walter O. S. B.

## Real Savages

Archbishop, Ryan late of Philadelphia, once asked Father De Smet, the Jesuit apostle of the American Indians, how he managed to live so long and so happily among savages.

"Savages!" exclaimed the old missionary. "The only savages I have met in this coutry I have met in New York and in St. Louis, where live the civilized savages who have received and rejected Christianity."

## തെരേസ ന്യൂമൻ

ബവേറിയായിലെ അത്ഭുതചരിതയായ തെരേസ ന്യൂമനു ഇക്കഴിഞ്ഞ ദു.ഖവെള്ളിയാഴ്ച മുൻകൊല്ലങ്ങളിലെപ്പോലുള്ള അനുഭവങ്ങൾ ഉണ്ടായില്ലെന്നു് ഒരു വാർത്തയിൽ കാണുന്നു. അവിടത്തെ വികാരി ഫാദർ നേബർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതനുസരിച്ച്, തെരേസയ്ക്കു ക്രിസ്തുവിൻെറ പീഡാനുഭവത്തിൻെറ ഒരു ദർശനമുണ്ടായെങ്കിലും ഇപ്രാവശ്യം മുറിവുകളിൽനിന്നും രക്തമൊലിക്കയുണ്ടായില്ല. കഴിഞ്ഞ 25 വർഷക്കാലത്തിനിടയ്ക്കു് ഇദംപ്രഥമമായിട്ടാണത്രെ ഇങ്ങനെ സംഭവിക്കുന്നതു്.

# റഷ്യയുടെ തിരിച്ചുവരവ്

(ഫാദർ തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി)



ആഗസ്റ്റ് പതിനഞ്ച്. കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ നവീനഭാരതത്തിന്റെ സ്വാതന്ത്ര്യദിനം കൂടിയായിത്തീർന്ന വസ്തുത ദൈവപരിപാലനയിൽ വിശ്വസിക്കുന്നവർക്ക് ചിന്തിക്കാൻ വകനൽകുന്ന ഒരു കാര്യമാണ്. ഇൻഡ്യയുടെ പ്രഥമപ്രേഷിതൻ ഇങ്ങോട്ട് യാത്രതിരിച്ചതു് കന്യകാംബയുടെ പ്രത്യേക പ്രേരണകൊണ്ടാണെന്ന് പാരമ്പര്യം പറയുന്നു. സ്വർഗ്ഗാരോപണമഹാസംഭവത്തിന് സാക്ഷിനിന്ന ശ്ലീഹായുടെ പ്രേഷിതരംഗമായ ഭാരതഭൂമിയുടെ സ്വാതന്ത്ര്യലബ്ധി പ്രസ്തുത സംഭവത്തിയതിയോട് ഒത്തിണങ്ങിവന്നതിനാൽ പാശ്ചാത്യർക്കും പൗരസ്ത്യർക്കും അതൊരു മഹാമഹമായിത്തീർന്നിരിക്കുന്നു. നമ്മുടെ മാതൃഭൂമിയോട് ദിവ്യനാഥയ്ക്കു പ്രതിപത്തിയുണ്ടെന്നും അതിങ്ങനെ പ്രദർശിതമായി എന്നും വിശ്വസിക്കുന്നതിൽ അപാകമില്ല.

ഇൻഡ്യയുടെ മാത്രമല്ല ഇതരരാഷ്ട്രങ്ങളുടേയും കാര്യത്തിൽ, സർവ്വോപരി ആദ്ധ്യാത്മികോദ്ധാരണത്തിൽ, ദിവ്യാംബിക അതിവ ഉത്സുകയാണെന്ന് ഇക്കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ ദർശനങ്ങൾ തെളിയിക്കുന്നു. 1917-ൽ യൂറോപ്പുഖണ്ഡത്തിന്റെ പൂർവ്വഭാഗത്ത് വിപ്ലവാഗ്നി പുകഞ്ഞുതുടങ്ങിയപ്പോൾ അതിന്റെ പശ്ചിമതീരത്തിനടുത്തുള്ള ഫാത്തിമാഗ്രാമത്തിൽ അവിടുന്ന് പ്രത്യക്ഷയായി ചില സന്ദേശങ്ങൾ നൽകി. ഫാത്തിമാസന്ദേശങ്ങളുടെ രത്നച്ചുരുക്കം രണ്ടു കാര്യങ്ങളാകുന്നു. ഒന്ന്, ധാർമ്മികമായി അധഃപതിച്ച ഈ ലോകത്തിന് ഏകാശ്രയസ്ഥാനം അവിടുത്തെ വിമലഹൃദയം. രണ്ട്, ഇരമ്പിവരുന്ന ആ രക്തവിപത്തിനെതിരായുള്ള ദിവ്യായുധം "ജപമാല". വിപ്ലവഭ്രാന്തിനാൽ ധർമ്മമാർഗ്ഗം കൈവെടിഞ്ഞ രാഷ്ട്രങ്ങളുടെ, വിശിഷ്യ റഷ്യയുടെ പുനരുദ്ധാരണം സാധിക്കുവാൻ പര്യാപ്തമാണ് ഈ ആയുധമെന്ന് പതിനൊന്നുവയസ്സായ ലൂസി മുഖേന വെളിപ്പെടുത്തി. ആ ചെറുബാലിക സിസ്റ്റർ മേരിയായി ഇപ്പോഴും ജീവിച്ചിരിക്കുന്നു. കത്തോലിക്കാലോകം ആ സന്ദേശത്തിന്റെ ഗൗരവം മനസ്സിലാക്കി ഇടമുറിയാതെ പ്രാർത്ഥിച്ചുവരികയാണ്. പ്രാർത്ഥന നിഷ്ഫലമല്ലെന്ന് ഉരുക്കുകർട്ടനകത്തുനടക്കുന്ന സംഭവവികാസങ്ങൾ തെളിയിക്കുന്നു. കുടുംബമാകുന്ന മഹാസ്ഥാപനത്തോട് കമ്മ്യൂണിസ്റ്റ് റഷ്യ അനുവർത്തിച്ച നയവും ആ നയത്തിൽ ഇന്നു വരുത്തിയിരിക്കുന്ന വ്യതിയാനവും ഇതിനു മകുടോദാഹരണമാണ്. കാൽശതാബ്ദകാലത്തെ കഠിനപരീക്ഷണങ്ങൾക്കുശേഷം നല്ലപാഠംപഠിച്ച കഥയാണ് സോവ്യറ്റുകുടുംബചരിത്രം.

മൗലികമായ ഈ വിഷയത്തിലുള്ള റഷ്യയുടെ നയംമാറ്റത്തെപ്പറ്റി പുതിയ സന്മാർഗ്ഗദ്രഷ്ടാക്കന്മാരായ സ്നേഹിതന്മാർക്ക് നിശ്ചയമുണ്ടോ എന്നു സംശയമാണ്. ഒരു ദശവർഷക്കാലത്തിനിടയ്ക്ക് അവർ എന്തെല്ലാം പുതിയ തത്വങ്ങൾ ആവിഷ്കരിച്ചു!! പ്രസിദ്ധനായ നമ്മുടെ ഒരു യുവകഥികൻ വീറോടുകൂടി വാദിച്ചു: "മതപാളിത്തം ലാളിച്ചുവളർത്തിയ രണ്ടു സ്ഥാപനങ്ങളാണ് ഈശ്വരനും ഗൃഹവും. ഇവരണ്ടിനും ഇന്നനുവദിച്ചിരിക്കുന്ന സ്ഥാനം കൊടുത്തുകൂടാത്തതാകുന്നു." വേറൊരാൾ സരസമായി വർണ്ണിക്കുകയായി: "മധുമാസമലരുകൾ നിറഞ്ഞുനിന്ന ഉദ്യാനത്തിൽനിന്നു ദേവപൂജയ്ക്കായി ആരാധകൻ ഒരു പുഷ്പം ഇറുത്തു. അതിന്റെ അകൃത്രിമരമണീയകതയിൽ വിശ്വസിച്ച് പുഷ്പം നഗ്നമായ വക്ഷസ്സിൽചേർത്തു ആരാധകൻ ആശ്ലേഷിക്കുന്നു. ഹാ! വിഷശക്തിയുള്ള ഒരു മുള്ള്!... ...ആ പൂവ് വലിച്ചെറിയുവാൻ ആത്മസ്വാതന്ത്ര്യമില്ലെങ്കിൽ മനുഷ്യരെ സ്വതന്ത്രരെന്നു വിളിക്കുന്ന നീതി നാമമാത്രമാണ്." ഇനിയുമൊരാൾ ആക്രോശിച്ചു: "കുട്ടികൾ രാഷ്ട്രത്തിന്റെ പൊതുസ്വത്ത്."

ഇവയെല്ലാം ഈ മാമതികളുടെ മസ്തിഷ്കത്തിൽ വിളഞ്ഞുണ്ടായ ചിന്താരത്നങ്ങളാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ അബദ്ധം പിണഞ്ഞുപോയി.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 13-ാമത്തെ കോൺഗ്രസ്സ് പ്രഖ്യാപിച്ചു: "കുടുംബമെന്നു പറയുന്നതു് പഴഞ്ചൻ സമ്പ്രദായത്തിലെ ഒരു ദുർഘടദുർഗ്ഗമാകുന്നു." 1918-ലെ കമ്മ്യൂണിസ്റ്റ് വിവാഹകോഡിൽ രേഖപ്പെടുത്തുകയുണ്ടായി, "കുട്ടികളെല്ലാം രാഷ്ട്രത്തിന്റെ സ്വത്താകുന്നു" എന്ന്. ഐക്യരാഷ്ട്രസമിതിയിലേക്ക് റഷ്യൻപ്രതിനിധിയായിപ്പോയ മാഡം കോളൻറായി വിവാഹമോചനത്തിന്റെ പക്ഷത്തുനിന്ന് തീവ്രവാദം നടത്തി. അവർ അന്ന് ഉന്നയിച്ച യുക്തികൾ ഇവിടെ രേഖപ്പെടുത്താൻ പാടില്ലാത്തവിധത്തിൽ അത്യധികം സഭ്യേതരങ്ങളായിരുന്നു. 1918 ഒക്ടോബർ 18-ാം നു-യിലെ ഒരു കമ്മ്യൂണിക്കേഷൻ നിയമാനുസൃതമായ വിവാഹങ്ങളെ അസാധുവാക്കി; പോസ്റ്റുകാർഡ് വിവാഹമോചനങ്ങളെ പ്രോത്സാഹിപ്പിച്ചു. വിവാഹമോചനം ഇച്ഛിക്കുന്ന കക്ഷി ഒരു പോസ്റ്റുകാർഡ് അയച്ചാൽ മടക്കം പോസ്റ്റിൽ മോചനം അംഗീകൃതമായി വരും. രാഷ്ട്രത്തിന്റെ ചുമതലയിൽ ജനനനിയന്ത്രണകേന്ദ്രങ്ങൾ ഏർപ്പെടുത്തി. കുടുംബം ശിഥിലമാകാൻ വേറൊന്നും ആവശ്യമായിരുന്നില്ല. ഭാര്യാഭർത്താക്കന്മാർ കുഞ്ഞുങ്ങളെ വഴിയാധാരമാക്കി പിരിഞ്ഞുപോയി. ആദ്യമാസങ്ങളിൽ 100 വിവാഹത്തിനു 138 വിവാഹമോചനങ്ങൾ വീതം നടന്നു. ഏറെത്താമസിയാതെ ഒന്നിനു മൂന്നായി വർദ്ധിച്ചു. ലെനിന്റെ ഭാര്യതന്നെ കണക്കെടുത്തപ്രകാരം അന്ന് ഏഴുപതുലക്ഷം റഷ്യൻകുട്ടികൾ തെരുവുതെണ്ടികളായിത്തീർന്നു. കളവും ചതിയും കൊള്ളയും കൊലപാതകവുംകൊണ്ട് പൊറുതിമുട്ടിയപ്പോൾ, പന്ത്രണ്ടു വയസ്സായ കുട്ടികൾക്ക് വധശിക്ഷയാകാമെന്ന് "കൗൺസിൽ" തീരുമാനമെഴുതി. മോളട്ടോവ് അതിൽ അന്ന് ഒരു അംഗമായിരുന്നു.


ഡെപ്പോസിറ്റുകൾ
2 കൊല്ലം കാലാവധി, മാസത്തിൽ
100 ക്ക് 6 ണ പലിശയും
ബാങ്ക് ഓഫ് കൊച്ചിൻ
ക്ലിപ്തം, എറണാകുളം
ബ്രാഞ്ചുകൾ:
മട്ടാഞ്ചേരി, വില്ലിംഗ്ഡൺ ഐലൻറ്, ചാലക്കുടി, തൃശ്ശൂർ


ഈ ഘട്ടത്തിലെത്തിയപ്പോൾ സോവ്യറ്റധികൃതന്മാർ ഇരുന്നു ചിന്തിക്കുവാൻ തുടങ്ങി. പുതിയ സന്മാർഗ്ഗത്തിന്റെ മൂലതത്വങ്ങളായ വിവാഹമോചനം, ജനനനിയന്ത്രണം, സ്വതന്ത്രപ്രണയം എന്നിവ രാഷ്ട്രത്തിനും ജനതയ്ക്കും ഒരുപോലെ വിനാശകരമാണെന്ന് അനുഭവവേദ്യമായി. തൽഫലമായി പഴയ കുടുംബത്തിലേക്കു മടക്കയാത്രയാരംഭിച്ചു. 1936-മുതലുള്ള സോവ്യറ്റ് കുടുംബത്തിന്റെ ചരിത്രം ആശ്വാസകരമാണ്.

പ്രസ്തുത മൂലതത്വങ്ങളെ സാമൂഹ്യദ്രോഹകരങ്ങളായി പരിഗണിച്ചു. രാഷ്ട്രം കുടുംബജീവിതത്തെ പ്രോത്സാഹിപ്പിക്കണമെന്നും, കുട്ടികൾ മാതാപിതാക്കന്മാരെ ആദരിക്കണമെന്നും സമർത്ഥിക്കുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും പുറപ്പെട്ടു.

സാഹിത്യകാരന്മാരും പ്രസംഗകരും പഴയതുപോലെ പുതിയതിന്റേയും പ്രചാരകന്മാരായി. "Third Front" എന്ന പ്രസിദ്ധനോവൽ ഇക്കാലത്തു് പ്രത്യക്ഷപ്പെട്ടതാണ്. വിവാഹമോചനത്തിന്റെ ഗർഹണീയതയും മാതൃത്വത്തിന്റെ മാഹാത്മ്യവുമാണ് അതിലെ പ്രധാന പ്രതിപാദ്യം. സോവ്യറ്റ് ഭരണാധിപന്മാർ വിവാഹമോതിരങ്ങൾ നിർമ്മിക്കുകയും വിവാഹബദ്ധരെ അനുമോദിക്കുകയും ചെയ്യുവാൻ ബദ്ധപ്പെട്ടു. പോസ്റ്റുകാർഡ് മോചനങ്ങൾ നിരുദ്ധങ്ങളായി. വിവാഹമോചനത്തിനു ഫീസ് ഏർപ്പെടുത്തി. മൂന്നു റൂബിൾസിൽ തുടങ്ങി രണ്ടായിരം റൂബിൾസ് വരെ ഉയർത്തി. പതിനഞ്ചുകൊല്ലംമുമ്പ് കുടുംബത്തിനു ചെളിവാരിയെറിഞ്ഞ ഗ്രന്ഥാലയങ്ങൾ വേണ്ടപ്രമാണത്തിൽ ഇങ്ങനെ രേഖപ്പെടുത്തി: "കമ്മ്യൂണിസ്റ്റ് ധാർമ്മികസംഹിതയുടെ മൗലികനിയമം കുടുംബത്തെ ശക്തിപ്പെടുത്തുക എന്നതുതന്നെ." സ്റ്റാലിൻ, കുട്ടികളോടുകൂടി ഉല്ലസിക്കുന്ന ചിത്രങ്ങൾ മോസ്കോനഗരത്തിലെ ഉദ്യാനങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടു. ആ വഴിക്ക് ചിന്തപോകാത്ത നഗരവാസികൾക്ക് അതു ആശ്ചര്യത്തിനു കാരണമായി.

ഇങ്ങനെ ഇരുപതു സംവത്സരങ്ങളുടെ അപഥസഞ്ചാരത്തിനുശേഷം ദുരന്താനുഭവങ്ങളുടെ ഭാരത്തോടുകൂടി കുടുംബത്തിലേക്ക് തിരിച്ചുവന്നുതുടങ്ങിയ റഷ്യ ലോകത്തിന്റെ അനുകമ്പയ്ക്കു് വിഷയമായിട്ടുണ്ട്. ദൈവം യോജിപ്പിച്ചതു് മനുഷ്യൻ വേർപെടുത്തുന്നതു് വിനാശഹേതുകമെന്ന് അനുഭവംകൊണ്ടു് പഠിച്ചു.

കമ്മ്യൂണിസ്റ്റ് സാമൂഹ്യജീവിതത്തിലെ മൗലികതത്വങ്ങളിൽ സുപ്രധാനങ്ങളായ വ്യതിയാനങ്ങൾ വരുത്തി ധർമ്മമാർഗ്ഗത്തിലേക്ക് പിന്തിരിഞ്ഞു തുടങ്ങിയ വസ്തുത അറിയാത്തപുതുമക്കാർ പഴയ പല്ലവി പാടിക്കേൾക്കുമ്പോൾ, വളരെ സഹതാപം തോന്നാറുണ്ട്. ബദ്ധപ്പെട്ടു പണിതുണ്ടാക്കിയ പുതിയ പ്രമാണസംഹിതയുടെ മോഡൽ തകർന്നു തരിപ്പണമായി. പിരിമുറുക്കിയതു് ചുറ്റഴിച്ചില്ലെങ്കിൽ ശ്വാസംമുട്ടിച്ചുകൊല്ലുകതന്നെ ചെയ്യും? പതിനാറുകൊല്ലമെത്തിയ പഴഞ്ചരക്കുകൾ വില്പനയ്ക്കു നിരത്തിയാൽ ലോകം കൈകൊട്ടിച്ചിരിക്കും. പിന്തിരിപ്പന്മാർ എന്നു് അപഹസിക്കുകയും ചെയ്യും.

ഈ തിരിച്ചുവരവ് ത്വരിതപ്പെടുത്താൻ ഒരുങ്ങിനിൽക്കുന്ന പ്രാർത്ഥനാനിരയിലേക്ക് സവിനയം നീങ്ങിനില്ക്കുന്നതാണ് അഭിമാനകരം.

# * "ദൈവദാനാമൃതം"

(ഹിന്ദി. "ബാബുചി"ലെ "ഛേരാഡ്ബാബുൽകാ" എ. മട്ട്)

(വർഗ്ഗീസ് ജെ. നാട്ടിയേയ്ക്കൽ)

തേടു പാവങ്ങൾക്കായ് സ്നേഹദാഹത്തിയാൽ
തൂകും ശോണാമൃതം ഓ... ... ...ദൈവദാനാമൃതം... ...(തേടു)

വാടും മലർവാടി തഴുകിടും മഴപോലെയും (നല്ല)
വാടിവരളുന്ന നരരിൽ തൂമധുപോലെയും (തൂ)
തേടിയലയുന്ന പഥികർക്കു് ജലപോലെയും തൂകും ശോണാമൃതം
ഓ... .. ....ദൈവദാനാമൃതം... ...(തേടു)

കന്യാമണിയിൽ നിന്നുരുശോഭം അവതീർണ്ണനായ് (നന്നായ്)
മന്നിലുരുവായ കറയാകെ കഴുകീടുവാൻ (നന്നായ്)
നിന്ദ്യഹതകന്മാർ ഹൃദയത്തിൽ മുറിപ്പെടുകയാൽ തൂകും.........

ദീനദയയാലെ കുരിശേറി മൃതനാകവെ (നാഥൻ)
ജീവവരദിന സുധ പാരിലൊഴുകീടവെ (പാരിൽ)
പ്രേമപകരം തൻകരം ആണിപ്പഴുതാകവെ തൂകും.........

"രക്തമിതുതാനെൻ ചിരസ്നേഹ പ്രതിരൂപമാം (സ്വർഗ്ഗ)
നിത്യമന്നയേണമിതിലൂടെ മമദിവ്യമന്നി (നിങ്ങൾ)"
ഏവം കരുണാർദ്രമൊഴിയേകും മരിയാസുതൻ തൂകും......(തേടു......)

* ഈ പത്രപംക്തികളിൽ തുടരെയെന്നോണം പ്രസിദ്ധംചെയ്യുന്ന ഗാനങ്ങൾ എല്ലാം ഉടൻ പ്രസിദ്ധംചെയ്യുവാൻപോകുന്ന "കുസുമം" എന്ന ഗാനകൃതിയിൽനിന്നുമാണ്.


## "അർഗ്ഗുസോൾ"

അർഗ്ഗുസിനു പററിയ സിദ്ധൗഷധം കിടക്കുന്നതിനുമുമ്പ് 10 മുതൽ 25 തുള്ളിവരെ 4 ഔൺസ് പാലിൽ കുടിച്ചാൽ രണ്ടാഴ്ചകൊണ്ട് അർഗ്ഗുസ് സുഖപ്പെടും. രണ്ടു ദിവസംകൊണ്ടു ഗുണഫലം അനുഭവപ്പെടും.

2 ഔൺസ് കുപ്പി ക. 1—2—0
4 " " ക. 2—0—0

പോസ്റ്റേജ് പുറമെ. വി. പി. ആയി അയക്കപ്പെടും. അപേക്ഷിക്കുക:—

വൈദ്യൻ എ. ജോർജ്ജ് തിരുനിലത്തു്
ചിലവന്നൂർ, വൈററില P. O.
എറണാകുളം


## സൗജന്യവിതരണ ഫണ്ട്

വിൻസെൻറ ഡി പോൾ

| | |
|---|---|
| സൊസൈററി, ഞാറക്കൽ | ക. 12-0-0 |
| എടപ്പിള്ളിപള്ളി | ക. 25-0-0 |



സി. വൈ. എം. എ., എറണാകുളം

# മീശ വരുത്തിയ നാശം

(തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. ററി.)

മേൽമീശ ഉണ്ടെങ്കിൽ അയാളൊരു യാക്കോബായക്കാരനാണ്. താടി വളർത്തിയിട്ടുണ്ടെങ്കിൽ അതൊരു യാക്കോബായ വൈദികനുമാണ്. ഇതാണ് സാമാന്യജനങ്ങളുടെ ഇടയിലുള്ള ധാരണ.

അന്നു ഞാൻ എറണാകുളത്തുനിന്നു ആലപ്പുഴയ്ക്കു ബോട്ടിൽ യാത്രചെയ്യുകയായിരുന്നു. കാബിനിൽ നാലു യുവാക്കന്മാർക്കുടെ സ്ഥലംപിടിച്ചിട്ടുണ്ട്. അവർ കാബിൻ മുഴുവൻ ബുക്കുചെയ്തിട്ടുള്ളമട്ടിലാണ് ഇരിപ്പ്. ആർത്തട്ടഹസിച്ചു, മദിച്ചുമറിച്ചു, മേളിച്ചു, രസിച്ചുല്ലസിച്ചു കഴിയുകയാണവർ. വേഷംകൊണ്ട് പരിഷ്കൃതർ, കാഴ്ചയിൽ സുമുഖർ, തൈലലേപനംകൊണ്ട് സുഗന്ധർ, ഉണ്ണിയെക്കണ്ടാൽ ഊരിലെ പഞ്ഞമറിയാമെങ്കിൽ അവർ കുബേരന്മാരുമാണ്.



സംസാരമോ അശ്ലീലമായ ഭാഷയിൽ, ആഭാസമായ രീതിയിൽ, അസഭ്യമായ വിഷയങ്ങളെക്കുറിച്ച്. സംസാരം മററാരാൾ കേൾക്കുന്നുണ്ടെങ്കിൽ പറയാൻ ലജ്ജിക്കേണ്ട കാര്യങ്ങളെക്കുറിച്ച്. വേഷമോ അതിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുന്ന തരം. നെററുബനിയൻ. അതും വയറും വയറിന് എതിരായുള്ള പുറവും മാത്രം കവർചെയ്യാൻ പര്യാപ്തമായതു്. ജൂബ്ബാ ധരിച്ചിട്ടുണ്ടെന്നു അവർ ഭാവിക്കുന്നു. ശരീരത്തിന്റെ നിറത്തിൽ നിന്നു തിരിച്ചറിയാൻ പാടില്ലാത്ത വല്ല ഷേഡായിലുമുണ്ടായിരിക്കും. ഉണ്ടെങ്കിൽ അതുകൊണ്ടാണ് ജൂബ്ബാ ബട്ടൺസ് ഇട്ടിട്ടില്ല. ബട്ടൺ ഉപയോഗിക്കുന്നതു് 19-ാം നൂററാണ്ടിലെ പരിഷ്കാരമാണു് കേട്ടോ. അതിന്റെ കാലം കഴിഞ്ഞുപോയി.

സിഗററു ററിൻ ബഞ്ചിൽ വച്ചിരിക്കുകയാണ്. ആർക്കും ആവശ്യംപോലെ വലിക്കാം. ബോട്ടിൽ രണ്ടു പുകക്കുഴലുണ്ടെന്നു കാണികൾക്കു തോന്നാനിടയുണ്ട്—ഒന്നു കാബിനിൽനിന്നു്. മററതു എൻജിൻമുറിയിൽനിന്നും. കാബിനിൽനിന്നു ബഹിർഗമിക്കുന്ന പുക നേരെ എന്റെ മുഖത്തടിച്ച് എന്റെ മുഖത്തിനു ഒരു വാടിയനിറം വരുത്തുമെന്നു് എനിക്കു ഭയമുണ്ടു്. പൊട്ടകായ് പുകകൊടുത്തു പഴുപ്പിച്ചാലെന്നതുപോലെ. വീട്ടിൽ ചെല്ലുമ്പോൾ ആളറിയാതെപോയാലോ എന്നു ശങ്കയുമുണ്ടു്. സാരമില്ല. ഞാൻ ററി. എസ്സ്. ആണെന്നു് എങ്ങനെയെങ്കിലും പറഞ്ഞു് അവരെ ബോധ്യപ്പെടുത്തിക്കൊള്ളാം. സ്കൂളിൽചെല്ലുമ്പോൾ കുട്ടികളെന്തു വിചാരിക്കും. മററുമനുഷ്യരുടെ അടുത്തു നിൽക്കുമ്പോളവരെന്തുവിചാരിക്കും. പുകവലിയുടെ ദൂഷ്യത്തെപ്പററി ഭാരതംപറയുന്ന ഈ വിദ്വാൻ അസ്സൽ പുകവലിയനാണെന്നല്ലേ അവർ വിചാരിക്കു അതാണെനിക്കസഹ്യം. മനസാ വാചാ കർമ്മണാ അറിയാത്ത കുററം ഞാൻ ചെയ്യുന്നു!

ഏതായാലും അഞ്ചുപത്തുമിനിററു് ഇതെല്ലാം സഹിച്ചുകൊണ്ടു് അവിടെത്തന്നെ ഇരുന്നു. ഇരിപ്പിന്റെ സുഖസൗകര്യങ്ങൾ ഓർത്തിട്ട്. അവക്കഭിമുഖമായിത്തന്നെ. സംസാരവിഷയത്തിന്റെ ശ്ലേഷ്മത വർദ്ധിച്ചുതുടങ്ങി. പ്രതിഷേധസൂചകമായി ഞാനെഴുന്നു തിരിഞ്ഞിരുന്നു. സംസാരവും അവസാനിച്ചു. നിശ്ശബ്ദം. അഞ്ചുമിനിററുനേരത്തേക്കു് ക്യാബിനിൽ പരിപൂർണ്ണമൗനം.

ഒടുവിൽ അവരിലൊരാൾ ചോദിച്ചു: "സാറു റോമാക്കാരനാണോ?"

ഞാൻ: അല്ല, ഞാൻ ചങ്ങനാശേരിക്കാരനാണ്.

അയാൾ: എക്സ്ക്യൂസ് മീ. പരിഭവിക്കരുതു്. യാക്കോബായക്കാരനാണെന്നാണു ധരിച്ചു.

ഞാൻ: എന്തുകൊണ്ടു്?

അയാൾ, അത്ഭുതപൂർവ്വം എന്റെ മേൽമീശയുടെ നേരെ കൈചൂണ്ടി.

ഞാൻ: പിന്നെ ഇപ്പോൾ ആ അഭിപ്രായം മാറാൻ കാരണം?

ഞാൻ തിരിഞ്ഞിരുന്നപ്പോൾ പ്രത്യക്ഷപ്പെട്ട, ജൂബ്ബായുടെ കീശയിൽനിന്നു തൂങ്ങിക്കിടന്ന ജപമാലയിലെ കുരിശുരൂപത്തിലേക്കു് അയാൾ കൈചൂണ്ടി.

ഏതായാലും ആ കാഴ്ച അവരുടെ വായ് മൂടിക്കെട്ടി. പിന്നീട് സഭ്യമായി സംസാരിച്ചു് ഞങ്ങൾ ആലപ്പുഴവരെ സ്നേഹിതന്മാരായി യാത്രചെയ്തു.

എന്നോടു സംസാരിച്ച ആൾ ഒരു "ബി. എ. ക്കാരനാ"ണ്. മററു രണ്ടുപേർ ബി. എസ്‌സി സിനിയറിൽ വായിക്കുന്നു. നാലാമൻ ഇൻറർ പഠിച്ചതോററ ഒരു ബിസ്സിനസുകാരനുമാണ്.

ഈ വെള്ളപൂശിയ കുഴിമാടങ്ങളെ സൃഷ്ടിച്ചുവിട്ട പാഠശാലകളേ! നിങ്ങൾ ഇല്ലായിരുന്നുവെങ്കിൽ! അയൾക്കു ബിരുദദാനംനടത്തിയ സർവ്വകലാശാലയേ! നിനക്കെന്റെ വിദൂരനമസ്കാരം!!

---

## വാവു കണ്ടുപിടിക്കാനുള്ള മാർഗ്ഗം

വാവു കണ്ടുപിടിക്കാനുള്ള മാർഗ്ഗം ഗ്രഹിക്കുന്നതിനു് അദ്യമേതന്നെ "എപ്പകത്തി" എന്ന സാങ്കേതിക സംജ്ഞയെപ്പററി അല്പമറിഞ്ഞിരിക്കേണ്ടതാണ്. ഓരോ കൊല്ലത്തേക്കും ഓരോ "എപ്പകത്തി"യുണ്ടു് അതു് ആ വർഷത്തിൽ ജനുവരി 1-ാംനു-ക്കു കറുത്തവാവു കഴിഞ്ഞു് എത്ര ദിവസമായി എന്നു കാണിക്കുന്നു. "എപ്പകത്തി" എങ്ങനെയാണു കണ്ടുപിടിക്കുന്നതു് എന്നറിയാൻ ആഗ്രഹിക്കുന്നവർ 1948 ഏപ്രിൽ 2-ലെ സത്യദീപത്തിൽ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടുതിരുമേനി "ഉയിർപ്പുതിരുനാൾ ഗണനം" സംബന്ധിച്ചു് എഴുതിയിരുന്ന ലേഖനം നോക്കുക. ഓരോ കൊല്ലത്തെയും എപ്പകത്തി അതാതുകൊല്ലത്തേ "വൈദികപഞ്ചാംഗ"ത്തിൽ കൊടുത്തിട്ടുണ്ടാകും. ഈക്കൊല്ലത്തേതു 22 ആണു്.

ഓരോ ദിവസവും എത്ര നാഴികയ്ക്കു നിലാവു് അഥവാ ഇരുട്ടുണ്ടെന്നറിയുന്നതിനു എപ്പകത്തിയോടുകൂടി തീയതിയും മാസവും കൂട്ടണം. പക്ഷെ, മാർച്ചുമാസമാണു് 1-ാം മാസമായി എണ്ണുന്നതു എന്ന സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഡിസംബർ 10 -ാം മാസമായിരിക്കും. ജാനുവരി, ഫെബ്രുവരി 1, 2 എന്നു എണ്ണും വീണ്ടും മാർച്ചാകുമ്പോൾ 1 എന്നാരംഭിക്കുകയുംചെയ്യും. മേൽപ്രകാരം എപ്പകത്തിയും തീയതിയും മാസവും കൂട്ടുമ്പോൾ കിട്ടുന്ന സംഖ്യ 15-ലധികമല്ലെങ്കിൽ അതു വെളുത്തപക്ഷമാണ്. പ്രസ്തുത സംഖ്യയെ 2 കൊണ്ടു ഗുണിക്കുമ്പോൾ കിട്ടുന്നതു് എത്രയോ, അത്രയും നാഴികയ്ക്കു ആ ദിവസം നിലാവുണ്ടായിരിക്കും. മേൽപ്രകാരം കൂട്ടിക്കിട്ടുന്ന സംഖ്യ 15-നു മേൽ 30-ലധികമല്ലെങ്കിൽ അതു കറുത്തപക്ഷമാണ്. പ്രസ്തുത സംഖ്യയിൽനിന്നു 15 കുറച്ചിട്ട് ശിഷ്ടമുള്ളതിനെ 2 കൊണ്ടു ഗുണിക്കുമ്പോൾ എത്രകിട്ടുമോ അത്രയ്ക്കു ഇരുട്ടുണ്ടു് ആ ദിവസം. കൂട്ടിക്കിട്ടുന്ന സംഖ്യ 30-ലധികമാണെങ്കിൽ 30 കുറച്ചുശേഷവും, 60-ലധികമായാൽ 60 കുറച്ചുശേഷവുമത്രെ മുൻവിധിയനുസരിച്ചു വെളുത്തപക്ഷവും കറുത്തപക്ഷവും, നിലാവിന്റേയും ഇരുട്ടിന്റേയും ദൈർഘ്യവും കണക്കാക്കേണ്ടതു്.

ചില ഉദാഹരണങ്ങൾകൊണ്ടു് ഇതു വിശദമാക്കാം. ആഗസ്റ്റ് 10-ാംനു-യിലെ കാര്യമെടുക്കാം. എപ്പകത്തി + തീയതി + മാസം = 22 + 10 + 6 = 38. ആകെത്തുക 30-ലധികമായതുകൊണ്ടു് 30 കുറയ്ക്കണം. ശിഷ്ടം 8 അതു 15 ലധികമല്ലാത്തതിനാൽ, വെളുത്തപക്ഷമാണ്. 8 × 2 = 16 അതായതു്, അന്നു 16 നാഴികയ്ക്കു നിലാവുണ്ടു്.

ആഗസ്റ്റ് 17-ാംനു- കണക്കു് ഇപ്രകാരമായിരിക്കും:-

$$22 + 17 + 6 = 45$$
$$45 - 30 = 15$$
$$15 \times 2 = 30$$

30 നാഴികയ്ക്കു് അന്നു നിലാവുണ്ടായിരിക്കും. അതായതു് അന്നാണു വെളുത്തവാവു്.

1951 ഒക്ടോബർ 31-ാംനു:-

$$22 + 31 + 8 = 61$$
$$61 - 60 = 1$$
$$1 \times 2 = 2$$

രണ്ടു നാഴികയ്ക്കു നിലാവു്

അടുത്ത ക്രിസ്തുമസിനു പാതിരാക്കുർബാനയ്ക്കുപോകുമ്പോൾ (ഡിസംബർ 24-ാംനു-) നിലാവുണ്ടായിരിക്കുമോ എന്നറിയുന്നതിനു ഇങ്ങനെ കണക്കാക്കിയാൽമതി.

$$22 + 24 + 10 = 56$$
$$56 - 30 = 26$$
$$26 - 15 = 11$$
$$11 \times 2 = 22$$

ആ രാത്രി കറുത്തപക്ഷമാകയാൽ 22 നാഴികയ്ക്കു ഇരുട്ടായിരിക്കും; അവസാനത്തെ 8 നാഴികയ്ക്കേ നിലാവുണ്ടായിരിക്കയുള്ളു.

തലേ കൊല്ലത്തെ എപ്പകത്തി അറിഞ്ഞാൽ പിറേറ കൊല്ലത്തെ എപ്പകത്തി നിഷ്പ്രയാസം കണ്ടുപിടിക്കാവുന്നതാണ്. തലേ കൊല്ലത്തേതിനോടുകൂടി 11 കൂട്ടിയാൽമതി. അങ്ങനെ കൂട്ടിക്കിട്ടിയ സംഖ്യ 30-ലധികമാണെങ്കിൽ 30 കുറയ്ക്കണം. ഇതനുസരിച്ച് അടുത്ത കൊല്ലത്തെ എപ്പകത്തി 22 + 11 − 30 = 3. ഡിസംബർ 28-ാംനു- കറുത്ത വാവാകയാൽ, 29, 30, 31, എന്നീ മൂന്നു ദിവസങ്ങളുടെ ഇടയാണു ജാനുവരി 1-നു മുമ്പുള്ളതു്. കറുത്തവാവുകഴിഞ്ഞു ജാനുവരി 1-നുമുമ്പ് എത്ര ദിവസമായി എന്നതിനെയാണു എപ്പകത്തി കുറിക്കുന്നതെന്നു ആരംഭത്തിൽ പറഞ്ഞതു് എങ്ങനെ അന്വർത്ഥമായിരിക്കുന്നുവെന്നു നോക്കുക. പൂർണ്ണചന്ദ്രന്റെ കൃത്യനിമിഷത്തെ ആധാരമാക്കി വാവിന്റെ ദിവസം കുറിക്കുന്നതു സംബന്ധിച്ചു ചിലപ്പോൾ പഞ്ചാംഗങ്ങൾ തമ്മിൽപ്പോലും വ്യത്യാസങ്ങൾവരാറുണ്ടു്. മേൽവിവരിച്ച പ്രകാരം വാവുകണക്കാക്കുമ്പോഴും പഞ്ചാംഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുമായി ചിലപ്പോഴെല്ലാം ഒരു ദിവസത്തെ മാററം കണ്ടേക്കാവുന്നതാണ്.

---

(3-ാം പേജ് തുടർച്ച)

ത്യം എന്നും തിരുമേനി പ്രഖ്യാപിക്കുകയുണ്ടായി. പരിപാവനമായ ഈ ദൗത്യത്തിന്റെ അസ്തിഭാരം പടുക്കേണ്ടതു നമ്മുടെ വിദ്യാലയങ്ങളിലാണെന്നുള്ള വസ്തുത കത്തോലിക്കാ മാനേജർമാരും അദ്ധ്യാപകരും സദാപി അനുസ്മരിക്കേണ്ടതാണ്. ഈ വിഷയത്തിൽ തിരുസ്സഭാമാതാവിന്റെ എന്നു വച്ചാൽ മിശിഹായുടെ തന്നെ, പ്രതിപുരുഷസ്ഥാനമാണു അവർ വഹിക്കുന്നതു്. "നിങ്ങൾ പോയി സകല ജാതിജനങ്ങളെയും പഠിപ്പിക്കുവിൻ" എന്നു ദിവ്യരക്ഷകൻ തന്റെ ശിഷ്യഗണത്തിനു നൽകിയ അന്ത്യശാസനം സഭാമാതാവു എന്നും ആവർത്തിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ആ ദിവ്യസന്ദേശം ശിരസാവഹിച്ചു തദനുസാരം പ്രവർത്തനം നടത്തുന്ന പ്രേഷിതവൃന്ദമാണു കത്തോലിക്കാ മാനേജർമാരും അദ്ധ്യാപകരും. അവരുടെ പദവി എത്രമാത്രം അഭികാമ്യമാണെന്നും അതുപോലെതന്നെ അവരുടെ ഉത്തരവാദിത്വം എത്രമാത്രം ഗുരുതരമാണെന്നും വിശദീകരിക്കുന്നതിനു മററു തെളിവുകൾ ആവശ്യമില്ല. "പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" — ഇതാണ് അവർക്കു സിദ്ധിച്ചിരിക്കുന്ന അധികാരപത്രം, അഥവാ, അദ്ധ്യാപനലൈസൻസ്. ഇതിനോടു കിടപിടിക്കത്തക്കതോ, ഇതിൽ ലഭിക്കാത്തതോ ആയ മറെറാരു ലൈസൻസാകട്ടെ പെർമിററാകട്ടെ ഭൂമുഖത്തു കാണ്മാൻ കഴിയുന്നതല്ല.

മേൽപ്രസ്താവിച്ചവയിൽനിന്നു് അദ്ധ്യാപകവൃത്തിയുടെ ഔൽകൃഷ്ട്യം എത്രമാത്രമാണെന്നും കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യമെന്താണെന്നും വ്യക്തമായികഴിഞ്ഞു ഇനി ആ ലക്ഷ്യത്തിലേക്കു് എത്തിച്ചേരുന്നതിനുള്ള ഉപാധികളെപ്പററി അല്പമൊന്നു ചിന്തിക്കാം. അങ്ങനെ ചിന്തിക്കുമ്പോൾ പ്രഥമതഃ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതുവിദ്യാലയങ്ങളിലെ അന്തരീക്ഷമാണ്. "അന്തരീക്ഷ"പദത്തിനു് അടുത്തകാലത്തു അഭൂതപൂർവ്വമായ പ്രചാരം സിദ്ധിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. പലരും പുച്ഛിച്ചും ചിലരെല്ലാം പ്രശംസിച്ചും അതിനെപ്പററി സംസാരിക്കാറുണ്ടു്. കത്തോലിക്കരെ "അന്തരീക്ഷവാദികൾ" എന്നു മുദ്രയടിച്ചു് അവഹേളിക്കുന്നതിനു തുനിയുന്നവരും ഇല്ലാതില്ല. എന്നാൽ അവരെല്ലാവരുംതന്നെ അവരവരുടെ കാര്യത്തിൽ അന്തരീക്ഷത്തെ മുറകെപ്പിടിക്കുന്നവരാണുതാനും. പക്ഷെ അവരും നമ്മളും അഭിലഷിക്കുന്ന അന്തരീക്ഷങ്ങൾ ഉത്തരദക്ഷിണധ്രുവങ്ങൾപോലെ അതിവിദൂരങ്ങളും ഇരുളും വെളിച്ചവുംപോലെ തികച്ചും വിഭിന്നങ്ങളുമാണെന്നുമാത്രം. ഭൗതികത്വവാദികളായ നാസ്തികളും കമ്മ്യൂണിസ്റ്റുകാരും നാട്ടിലെ വിദ്യാലയങ്ങളും തൊഴിൽശാലകളും മറെറല്ലാ പൊതുസ്ഥാപനങ്ങളും നിരീശ്വരത്വത്തിന്റേയും ഭോഗാസക്തിയുടെയും വിഷവായുകൊണ്ടു പങ്കിലമാക്കുന്നതിനു ഭഗീരഥപ്രയത്നംചെയ്യുമ്പോൾ കത്തോലിക്കരായ നാമാകട്ടെ അവയെ ആസ്തിക്യബോധവും ധാർമ്മികചൈതന്യവും സഹോദരസ്നേഹവും പ്രസ്ഫുരിക്കുന്ന പ്രശാന്തസുന്ദരമായ ഒരു പാവനാന്തരീക്ഷത്തിന്റെ അപ്രതിഹതമായ പ്രവാഹത്താൽ ശുദ്ധവും ഭദ്രവുമാക്കിത്തീർക്കുന്നതിനു യത്നിക്കുന്നു. ആദ്ധ്യാത്മികമായ ഒരു പശ്ചാത്തലം കൂടാതെ വിദ്യാലയങ്ങളിൽ നേർവഴിക്കുള്ള സ്വഭാവരൂപവൽക്കരണം സാദ്ധ്യമല്ലെന്നു വിശ്വസിക്കുന്നവരാണു നാം. അതുകൊണ്ടാണ് അക്കാര്യത്തിൽ നാം അത്രമാത്രം ബദ്ധശ്രദ്ധരായിരിക്കുന്നതും.

പക്ഷെ അന്തരീക്ഷംകൊണ്ടു മാത്രം ഉദ്ദിഷ്ടഫലപ്രാപ്തിയുണ്ടാകുന്നതല്ല. കർമ്മോന്മുഖമായ കർമ്മപരിപാടികളും കൂടിയേ കഴിയൂ. ഓരോ വിദ്യാലയത്തിലും കത്തോലിക്കാ വിദ്യാർത്ഥികളുടെ സമർത്ഥമായ മതപഠനത്തിനും സജീവമായ അനുദിനമതാനുഷ്ഠാനങ്ങൾക്കും ആവശ്യമായ സാമഗ്രികളും സജ്ജീകരണങ്ങളും ഉണ്ടായിരിക്കണം. ആളും അർത്ഥവും അന്തരീക്ഷവുംകൂടി സമീചീനമായി സമ്മേളിച്ചെങ്കിൽമാത്രമേ ശരിയായ ഫലം പുറപ്പെടുവിക്കയുള്ളു. ഓർമ്മശക്തി, ബുദ്ധിശക്തി, മനശ്ശക്തി, കായശക്തി എന്നീ ചതുർവ്വിധശക്തികളും വികസിച്ചു ദൃഢീകൃതമാകുമ്പോഴാണു വിദ്യാഭ്യാസം യഥാവിധി പരിപൂർണ്ണമാകുന്നതു്. കത്തോലിക്കാ വിദ്യാലയങ്ങളുടെ പരമലക്ഷ്യവും അതുതന്നെയാണ്. ബഹുമുഖവും എന്നാൽ ഏകാഗ്രവും ആയ ഈ ഉദ്ദേശ്യത്തിന്റെ കാലോചിതവും കാര്യക്ഷമവുമായ നിർവ്വഹണത്തിൽ മാനേജർമാർക്കും അദ്ധ്യാപകന്മാർക്കും ബഹുവിധചുമതലകൾ വഹിക്കേണ്ടതായിട്ടുണ്ടു്. ആദ്യമേതന്നെ മാനേജരുടെ ചുമതലകളെപ്പററി സംക്ഷിപ്തമായി പ്രതിപാദിക്കാം. (തുടരും)


**കോമൺവെൽത്ത് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക് ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്ക് ജോസഫ്
ബി. എ. ബി. എൽ.

# വിമശനവീഥി

## മതോപദേശങ്ങളിലും യാതൊരു വ്യത്യാസവുമില്ലെന്നോ?

ശ്രീ പുത്തേഴത്തു രാമൻമേനോൻ സുദീർഘമായ തന്റെ ലേഖനം ഉപസംഹരിക്കുന്നതു് ഈ ഖണ്ഡികയോടുകൂടിയാണു്: "ക്രിസ്തുചരിത്രത്തിലെ കഥകളിലും സംഭവവിവരണത്തിലും കാണുന്ന വിദേശീയച്ചുരക്കുകളിൽ ഏതാനും ചിലവയെക്കുറിച്ചാണു് മേൽപ്രസ്താവിച്ചിട്ടുള്ളതു്." ഈ വിദേശീയച്ചുരക്കുകളെയാണെല്ലാം ഇതുവരെയുള്ള ലേഖനങ്ങളിൽ ഞങ്ങൾ പരിശോധിച്ചതു്. അവ സ്വദേശീയങ്ങൾ തന്നെയാണെന്നും, വിദേശീയച്ചുരക്കുകളെന്നു വിളിക്കുവാൻ ന്യായമുള്ളവല്ല കഥകളും സംഭവവിവരണങ്ങളും കാണുന്നുണ്ടെങ്കിൽ അതെല്ലാം ബുദ്ധന്റേയും കൃഷ്ണന്റേയും അനന്തരനൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട ചരിത്രങ്ങളും—അഥവാ പുരാണങ്ങളിലുമാണെന്നും തെളിഞ്ഞുകഴിഞ്ഞു. ലേഖകൻ തുടരുന്നു: "ഇതുപോലെ ഉപദേശവാക്യങ്ങളിലും പലതും കാണാവുന്നതാണു്. അവയെക്കുറിച്ചൊന്നും ഇപ്പോൾ വിവരിക്കുന്നില്ല. ബുദ്ധദേവന്റേയും ശ്രീ കൃഷ്ണഭഗവാന്റേയും ഉപദേശങ്ങളിൽ വളരെയൊക്കെ പറയത്തക്ക യാതൊരു വ്യത്യാസവും കൂടാതെ ക്രിസ്തുവിന്റെ ഉപദേശങ്ങളിലും കാണാം. എന്നാൽ അതിൽ അത്ഭുതത്തിനു് അത്രതന്നെ വഴിയില്ല. കാരണം, സത്യം എന്നും ഒന്നാകുന്നു; ദൈവവും ഒന്നേയുള്ളു. ആദ്ധ്യാത്മോപദേശം ചെയ്യുന്നവരെല്ലാം എന്നും ഉപദേശിച്ചിട്ടുള്ളതു് ഒരേസത്യം തന്നെയാകുന്നു. ശ്രീകൃഷ്ണനും ശ്രീബുദ്ധനും പണ്ടത്തെ ഉപനിഷത്തു് വാക്യങ്ങളിൽക്കൂടിയാണു് പ്രവർത്തിച്ചിട്ടുള്ളതു്."

### ഹിന്ദുമതത്തിലെ അദ്ധ്യാത്മോപദേശം ഒന്നാണോ

ദൈവം, ആത്മാവു്, പുണ്യപാപങ്ങൾ, മരണാനന്തരജീവിതം മുതലായവയെപ്പറ്റിയുള്ള ഉപദേശങ്ങളാണല്ലോ അദ്ധ്യാത്മോപദേശങ്ങൾ. ഹിന്ദുമതത്തിലെ അദ്ധ്യാത്മോപദേശങ്ങൾ പ്രായേണ "ഉപനിഷത്തുവാക്യങ്ങളെ" ആധാരമാക്കിയുള്ളവയാണു്. ഈ "അദ്ധ്യാത്മോപദേശം ചെയ്യുന്നവരെല്ലാം എന്നും ഉപദേശിച്ചിട്ടുള്ളതു് ഒരേസത്യം" തന്നെയാണോ? "പണ്ടത്തെ ഉപനിഷത്തുവാക്യങ്ങളെ" ആധാരമാക്കിയുള്ളതാണു് ആചാര്യന്മാരായ ശങ്കരന്റെയും, രാമാനുജന്റേയും, മാധ്വന്റേയും ഉപദേശങ്ങൾ. എന്നാൽ അവ മൂന്നും ഒന്നാണോ? ശങ്കരാചാര്യരുടെ അദ്വൈതവും, രാമാനുജാചാര്യരുടെ വിശിഷ്ടാദ്വൈതവും, മാധ്വാചാര്യരുടെ ദ്വൈതവും ഒന്നാകുന്നതെങ്ങനെ? ശങ്കരാചാര്യർ നിർഗ്ഗുണബ്രഹ്മത്തെ ഉപദേശിക്കുമ്പോൾ, രാമാനുജാചാര്യർ സഗുണബ്രഹ്മത്തെയല്ലയോ ഉപദേശിക്കുന്നതു്? ബ്രഹ്മം നിർഗ്ഗുണമാണെങ്കിൽ ശങ്കരാചാര്യരുടെ ഉപദേശമായിരിക്കണം സത്യമായതു്. അല്ല, ബ്രഹ്മം സഗുണമാണെങ്കിൽ, രാമാനുജാചാര്യരുടേതായിരിക്കണം സത്യം. ബ്രഹ്മം നിർഗ്ഗുണവും, അതേസമയംതന്നെ സഗുണവും ആയിരിക്കുവാൻ സാദ്ധ്യമല്ലല്ലോ. സാദ്ധ്യമാണെങ്കിൽ "സത്യം എന്നും ഒന്നാകുന്നു" എന്നുള്ള ലേഖകന്റെ ശരിയായ പ്രസ്താവം തെറ്റാണെന്നുവരും. ആകയാൽ ഒന്നെങ്കിൽ ശങ്കരാചാര്യരുടെ ഉപദേശം ശരി; അല്ലെങ്കിൽ രാമാനുജാചാര്യരുടെ ഉപദേശം ശരി. ആദ്യത്തേതു ശരിയെങ്കിൽ രണ്ടാമത്തേതു തെറ്റു; രണ്ടാമത്തേതു ശരിയെങ്കിൽ ആദ്യത്തേതു തെറ്റു്. പിന്നെ എങ്ങനെയാണു് ഉപനിഷത്തുവാക്യങ്ങളെ ആധാരമാക്കിയുള്ള പ്രസ്തുത രണ്ടു ഉപദേശങ്ങളും ഒന്നുതന്നെയായിരിക്കുക? വീണ്ടും, ശങ്കരാചാര്യരും രാമാനുജാചാര്യരും ഭിന്നഭിന്നമായ അദ്വൈതം ഉപദേശിക്കുമ്പോൾ, അവരെപ്പോലെതന്നെ ഉപനിഷത്തുവാക്യങ്ങളെ ആധാരമാക്കിക്കൊണ്ടു് മാധ്വാചാര്യർ ദ്വൈതം ഉപദേശിക്കുന്നു. ശങ്കരാചാര്യരുടേയും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടേയും നേർക്കുള്ള ദ്വേഷത്താൽ പ്രേരിതമാണു് മാധ്വാചാര്യരുടെ ദ്വൈതസിദ്ധാന്തം. ഇദ്ദേഹം മറ്റേതിനെതിരായി ആയുഷ്കാലം മുഴുവനും നിരന്തരം പൊരുതിക്കൊണ്ടിരുന്നു. "അതു് (ബ്രഹ്മം) നീ ആകുന്നു"—"തത്ത്വമസി"—എന്നു ശങ്കരാചാര്യർ ഉപദേശിച്ചതിനു നേരെ വിപരീതമായി "അതു് (ബ്രഹ്മം) നീ അല്ല" എന്നായിരുന്നു മാധ്വാചാര്യരുടെ ഉപദേശം. ഓരോ മനുഷ്യാത്മാവും ബ്രഹ്മാവും ഒന്നുതന്നെയാണെന്നുള്ള ശങ്കരാചാര്യരുടെ അദ്വൈതത്തിനെതിരായി, അവരണ്ടും ഒന്നല്ലെന്നും പ്രത്യുത ഭിന്നങ്ങളാണെന്നും മാധ്വാചാര്യരുടെ ദ്വൈതം ഉപദേശിച്ചു. അദ്വൈതവും ദ്വൈതവും സത്യമായിരിക്കുവാൻ സാദ്ധ്യമല്ലല്ലോ. ഒന്നെങ്കിൽ അദ്വൈതം ശരി; അപ്പോൾ ദ്വൈതം തെറ്റു്. അല്ലെങ്കിൽ ദ്വൈതം ശരി; അപ്പോൾ അദ്വൈതം തെറ്റു. വാസ്തവം ഇങ്ങനെയെല്ലാമിരിക്കെ ഉപനിഷത്തുവാക്യങ്ങളെ ആധാരമാക്കിയുള്ള ഹിന്ദുമതത്തിലെ അദ്ധ്യാത്മോപദേശങ്ങൾപോലും വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളും ആണെന്നല്ലയോ അനുമിക്കേണ്ടതു്? ഇത്രയും ഹിന്ദുമതോപദേശങ്ങളെപ്പറ്റി. ഇനി പ്രസ്തുതോപദേശങ്ങളെ ക്രിസ്തുമതോപദേശങ്ങളോടു താരതമ്യംചെയ്താൽ കാണാം, രണ്ടും തമ്മിലുള്ള ഭീമമായ വൈരുദ്ധ്യം.


FAMOUS CD BRAND

HONEY

തേൻ തേൻ

സി.ഡി.ഫ്രാൻസിസ്.

C. D. FRANCIS. CALICUT.

വളരെ പ്രീണകരവും രുചികരവും ആയ ഒരാഹാരസാധനമാണു് തേൻ. കോഡു് ലിവർ ഓയിലിനു പകരം തേൻ ഉപയോഗിക്കാമെന്നു ചില ഭിഷഗ്വരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. പ്രോട്ടീൻ ഇരുമ്പു മുതലായ പ്രധാന പോഷകസാധനങ്ങൾ തേനിൽ ഉണ്ടു്. വേഗം ദഹിക്കുന്ന ഒരു പദാർത്ഥമാകയാൽ കുട്ടികൾക്കും ദഹനശക്തി കുറവായവർക്കും സുലഭമായി ഉപയോഗിക്കാം — ഒന്നാന്തരം തേൻ. C D മാർക്കു് നോക്കി വാങ്ങുവിൻ:—

C. D. ഫ്രാൻസിസ്,
കച്ചവടം, വലിയ അങ്ങാടി,
കോഴിക്കോടു്


### ഹിന്ദുമതോപദേശവും ക്രിസ്തുമതോപദേശവും തമ്മിലുള്ള വൈരുദ്ധ്യം

ഹിന്ദുമതം സകലമതങ്ങളേയും മാത്രമല്ല നിർമ്മതത്തെപ്പോലും ആശ്ലേഷിക്കുന്ന ഒന്നാണെന്നു് അതിന്റെ സഹിഷ്ണുതാഗുണത്തെ പ്രകീർത്തിച്ചു ഹൈന്ദവനേതാക്കന്മാർ പലപ്പോഴും ഉദ്ഘോഷിക്കാറുണ്ടല്ലോ. ഈശ്വരവിശ്വാസിക്കും നിരീശ്വരനും അതിൽ സ്ഥാനമുണ്ടത്രെ! അങ്ങനെയുള്ള ഒരു മതത്തിന്റെ തത്വോപദേശങ്ങളെതന്നെ ക്ലിപ്തപ്പെടുത്തിപ്പറയുക സാദ്ധ്യമല്ല. ആകയാൽ ഹിന്ദുമതത്തിലെ ഏറ്റവും പ്രധാനമായ "വേദാന്തം" എന്ന തത്വസിദ്ധാന്തത്തെ മാത്രം താരതമ്യത്തിന്റെ ആവശ്യത്തിനായി സ്വീകരിക്കാം. താഴെ കൊടുക്കുന്ന ഓരോ നമ്പരിലേയും ആദ്യത്തെ ഖണ്ഡികയിൽ വേദാന്തത്തിന്റേയും, രണ്ടാമത്തെ ഖണ്ഡികയിൽ കത്തോലിക്കാ ക്രിസ്തുമതത്തിന്റേയും സിദ്ധാന്തമാണു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്.

1) വേദാന്തം. ദൈവം, അവിടത്തെ സത്തയെത്തന്നെ സംബന്ധിച്ചിടത്തോളം, പരിച്ഛേദം അറിയപ്പെടാൻ പാടില്ലാത്തവനും, നിശ്ചിതങ്ങളായ ലക്ഷണങ്ങളോ ഗുണങ്ങളോ ഉള്ളവനെന്നു പറയാൻ പാടില്ലാത്തവനുമാണു്.

ക്രിസ്തുമതം. ദൈവം, അവിടുത്തെ സത്തയെ സംബന്ധിച്ചിടത്തോളം, അപൂർണ്ണമായിട്ടാണെങ്കിലും അസന്ദിഗ്ദ്ധമായി അറിയപ്പെടുവാൻ പാടുള്ളവനും, അനന്തങ്ങളെങ്കിലും നിശ്ചിതങ്ങളായ ലക്ഷണങ്ങളോടും ഗുണങ്ങളോടും കൂടിയവനുമാണു്.

2) വേദാ: പ്രപഞ്ചം ദൈവസത്തയിൽനിന്നുതന്നെ നിർഗ്ഗമിച്ചതാകുന്നു; അതിൻ സ്വന്തമായി യാഥാർത്ഥ്യമില്ല; ദൈവസത്തയിൽനിന്നു വേർപെട്ടുള്ള യാഥാർത്ഥ്യം അതിനുണ്ടെന്നു വിചാരിക്കുന്നതു് വെറും വ്യാമോഹമാകുന്നു.

ക്രി:മ: പ്രപഞ്ചത്തെ ദൈവം തന്റെ സർവ്വശക്തിയാൽ ശൂന്യത്തിൽനിന്നു സൃഷ്ടിച്ചു; അതിന്റെ ഫലമായി അതിനു സ്വന്തമായി യാഥാർത്ഥ്യമുണ്ടു്; ആ യാഥാർത്ഥ്യംവഴിയായി അതിന്റെ സത്ത, ദൈവശക്തിയെ ആശ്രയിച്ചാണെങ്കിലും, ദൈവസത്തയിൽനിന്നു വേർപെട്ടു സ്ഥിതിചെയ്യുന്നു.

3) വേദാ: പ്രപഞ്ചം ആദിയോ അന്തമോ ഇല്ലാത്തതാണു്; ആവർത്തിച്ചാവർത്തിച്ചുള്ള ചലനാവസ്ഥയിൽ അതു് എന്നും സ്ഥിതിചെയ്തുകൊണ്ടിരിക്കും.

ക്രി: മ: പ്രപഞ്ചത്തിനു കാലഗണനയിൽ ആരംഭമുണ്ടു്; അതു സ്വന്തം പ്രകൃതിയാൽ അവസാനമില്ലാതെ സ്ഥിതിചെയ്യേ കഴിയൂ എന്ന ആവശ്യകത ഇല്ലാത്തതാണു്.

4) വേദാ: ആത്മാവു് (Spirit), ജീവച്ഛക്തി (Soul), ശരീരം (Body) എന്നിവ മൂന്നും ഭിന്നങ്ങളാണു്. എന്നുവരികിലും അവയെല്ലാം വ്യത്യസ്തങ്ങളായ വിധങ്ങളിൽ അവയുടെ നിർഗ്ഗമനസ്ഥാനമായ ദൈവത്തോടു സാരാംശത്തിൽ ഒന്നായും ഒന്നുചേന്നും ഇരിക്കുന്നു.

ക്രി: മ: ആത്മാവും ജീവച്ഛക്തിയും ഒന്നുതന്നെയാണു്, ഭിന്നങ്ങളല്ല. മനുഷ്യശരീരത്തിനു ജീവൻ കൊടുത്തുകൊണ്ടു് അതിൽ കുടികൊള്ളുകയും അതിനോടു് ഒന്നുചേന്നിരിക്കുകയും ചെയ്യുന്ന ആദ്ധ്യാത്മികസത്തയാണു് ആത്മാവു്. എന്നാൽ ഈ ആത്മാവാകട്ടെ ശരീരമാകട്ടെ അവയുടെ സൃഷ്ടികനിദാനമായ ദൈവസത്തയോടു് സാരാംശത്തിൽ ഒന്നായും ഒന്നുചേന്നും ഇരിക്കുന്നില്ല. ദൈവസത്തയുടെ "സാദൃശ്യവും ഛായയും" എന്ന നിലയേ ആത്മശരീരങ്ങളുടെ സംയോജനഫലമായ മനുഷ്യനുള്ളു.

5) വേദാ: ഓരോ മനുഷ്യവ്യക്തിയിലുമുള്ള ആത്മാവും, സർവവസ്തുക്കളിലും വ്യാപിച്ചിരിക്കുന്ന അനന്തമായ ആത്മാവും ഒന്നുതന്നെയാണു്.

ക്രി: മ: ഓരോ മനുഷ്യവ്യക്തിയിലും ഉള്ള ആത്മാവു് അതിൽത്തന്നെ ഒതുങ്ങിയിരിക്കുന്ന സത്തയാകുന്നു; അതു പ്രത്യേകം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതുമാണു്.

6) വേദാ: മനുഷ്യന്റെ ജീവിതം (പുനർജന്മംവഴിയായി) നീണ്ടുനീണ്ടുപോകുന്ന പരമ്പരയോടുകൂടിയതാകുന്നു; താനും ദൈവവും ഒന്നാണെന്നുള്ള ബോധം കൈവരുത്തിയാൽ മാത്രമേ അവന്റെ ഈ ജീവിതപരമ്പരയ്ക്കു് അറുതിവരികയുള്ളു.

ക്രി: മ: മനുഷ്യനു് ഒരു ജീവിതം മാത്രമേയുള്ളു. അതിന്റെ അവസാനം മരണമാകുന്നു. മരണശേഷവും അവന്റെ വ്യക്തിപരമായ ജീവിതം അഭംഗമായിരിക്കും. ആ ജീവിതത്തിൽ ദൈവവുമായി ഐക്യം പ്രാപിക്കുവാൻ അവനു കഴിവുണ്ടു്. ആ ഐക്യമാകട്ടെ ബുദ്ധിയുടേയും മനസ്സിന്റേയും അനുയോജ്യതയിൽ അടങ്ങിയിരിക്കുന്നു. (Moral); ദൈവത്തിൽ അവന്റെ സത്ത ലയിക്കുന്നതിൽ അടങ്ങിയിരിക്കുന്നില്ല. (Physical).

7) വേദാ: ജീവിതമാകുന്ന പരീക്ഷണകാലം, മനുഷ്യൻ അന്യൂനമായ പരിപൂർണ്ണത പ്രാപിക്കുന്നതുവരെ, അനുസ്യൂതം തുടന്നുകൊണ്ടിരിക്കും.

ക്രി: മ: പരീക്ഷണകാലം ഈ ഒരു ജീവിതത്തിന്റെ അവസാനത്തോടുകൂടി എന്നേക്കുമായി തീരുന്നതാണു്. മരണാനന്തരം നിത്യമായ സമ്മാനശിക്ഷകൾ ഉണ്ടായിരിക്കും; ഒന്നെങ്കിൽ സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നരകത്തിൽ.

8) വേദാ: മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അവൻ അനുഭവിച്ചേ മതിയാകൂ എന്ന നിയമം അപ്രതിരോധ്യമാകുന്നു. ദുഷ്കർമ്മങ്ങളുടെ ദോഷഫലങ്ങൾ തത്തുല്യങ്ങളായ സൽകർമ്മങ്ങൾകൊണ്ടേ നീങ്ങുകയുള്ളു. കർമ്മങ്ങളും അവയുടെ ഫലങ്ങളും തമ്മിലുള്ള കാര്യകാരണബന്ധം അശേഷം അയവില്ലാത്തതാകയാൽ, കാരുണ്യം, പാപമോചനം, ഒരാൾക്കുവേണ്ടി പ്രാതിനിധ്യാവകാശമുള്ള മറ്റാരുടെയെങ്കിലും പരിഹാരകൃത്യം, അഥവാ പരിത്രാണം ഇവയ്ക്കൊന്നിനും സ്ഥാനമില്ല.

## ഉപകാരസ്മരണ



ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

Mr.&Mrs എ പി ലോനപ്പൻ
അമ്പൂക്കൻ, കുഴിക്കാട്ടുശ്ശേരി.

ക്രി: മ: കർമ്മങ്ങൾക്കും അവയുടെ ഫലങ്ങൾക്കും തമ്മിലുള്ള കാര്യകാരണബന്ധം അപ്രധാനമാകുന്നു. കർമ്മങ്ങൾ ദൈവനിയമത്തിനു വിരുദ്ധമാണോ എന്ന പ്രശ്നമാണു് സർവ്വപ്രധാനം. ദുഷ്കർമ്മങ്ങളുടെ ദോഷഫലങ്ങൾ അവ ചെയ്യുന്നവന്റെ അനുതാപത്താലും, ദൈവം തന്റെ കാരുണ്യത്താൽ സൗജന്യമായി നൽകുന്ന പാപമോചനത്താലും നീങ്ങിപ്പോകും. ഇതിനാധാരമായിരിക്കുന്നതു് പാപിയുടെ പ്രാതിനിധ്യാവകാശമുള്ള മറ്റൊരാളുടെ (ക്രിസ്തുവിന്റെ) പരിഹാരകൃത്യമാകുന്നു.

9) വേദാ: ദൈവവും മനുഷ്യനും തമ്മിൽ ധാർമ്മികവും വ്യക്തിപരവുമായ ബന്ധങ്ങളില്ല. ദൈവത്തിൽ പരിശുദ്ധി, സ്നേഹം, സ്വാതന്ത്ര്യമനസ്സു്, ലോകപരിപാലനം, സമ്മാനശിക്ഷകൾക്കായുള്ള വിധി, മുതലായ ലക്ഷണങ്ങളൊന്നുമില്ല. സ്രഷ്ടാവു്, അതിനാഥൻ, യജമാനൻ, പരിത്രാതാവു് മുതലായ പ്രത്യേക നിലകളൊന്നും ദൈവത്തിനില്ല.

ക്രി: മ: ദൈവവും മനുഷ്യനും തമ്മിൽ ധാർമ്മികവും വ്യക്തിപരവുമായ ബന്ധങ്ങളുണ്ടു്. ദൈവത്തിൽ പരിശുദ്ധി, സ്നേഹം, സ്വാതന്ത്ര്യമനസ്സു്, ലോകപരിപാലനം, സമ്മാനശിക്ഷകൾക്കായുള്ള വിധി മുതലായ ലക്ഷണങ്ങളുണ്ടു്. സ്രഷ്ടാവു്, അതിനാഥൻ, യജമാനൻ, പരിത്രാതാവു് ഇത്യാദി നിലകൾ ദൈവത്തിനുണ്ടു്.

10) വേദാ: മതം വ്യക്തിപരമായ സേവനമായി ഗണിക്കപ്പെടുന്നില്ല. മുക്തിയും പരിശുദ്ധിയും ഓരോരുത്തനി


ഓർമ്മക്കുറവു്, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും കേശസമൃദ്ധിക്കും ഞങ്ങളുടെ ശിഷ്ടാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു് 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.

എം ജെ. മാത്യു വൈദ്യൻ, മട്ടക്കൊഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

# Sathya Deepam

Vol. 25 | Ernakulam August 15, 1951 | No. 1

ല്ലാ കേന്ദ്രീകരിച്ചിരിക്കുന്നതും അവനവനെത്തന്നെ ആശ്രയിച്ചിരിക്കുന്നതും ആണു്. ഓരോ മനുഷ്യനും അവന്റെ സ്വന്തം കർമ്മത്തിന്റെ യജമാനനും അതേ സമയംതന്നെ ദാസനുമാകുന്നു. ദൈവത്തോടുള്ള യഥാർത്ഥമായ ഭയത്തിനും, ഭക്തിക്കും, കൃതജ്ഞതയ്ക്കും, സ്നേഹത്തിനും സ്ഥാനമില്ല. പാപത്തിന്റെ അർത്ഥത്തെപ്പററി ശരിയായ ബോധവുമില്ല.

ക്രി: മ: മതത്തിന്റെ സാരസർവസ്വവും വ്യക്തിപരമായ സേവനമാകുന്നു. മുക്തിയും പവിത്രതയും ദൈവത്തിന്റെ പ്രവൃത്തിയാണു്. അതിനോടു മനുഷ്യൻ സഹകരിക്കണമെന്നേയുള്ളു. തന്മൂലം ദൈവത്തോടുള്ള ഭയത്തിനും ഭക്തിക്കും, കൃതജ്ഞതയ്ക്കും, സ്നേഹത്തിനും സ്ഥാനമുണ്ടു്. പാപത്തിന്റെ ശരിയായ അർത്ഥത്തെപ്പററി അത്യുഗ്രമായ ബോധവുമുണ്ടു.

### ശാസ്ത്രീയ ഹിന്ദുമതവും സാമാന്യഹിന്ദുമതവും

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നു ഹിന്ദുമതത്തിന്റെയും കത്തോലിക്കാ ക്രിസ്തുമതത്തിന്റെയും മൗലികോപദേശങ്ങൾ പരസ്പരവിരുദ്ധങ്ങളാണെന്നു വിശദമാണല്ലോ. എന്നാൽ ഈ വൈപരീത്യം ക്രിസ്തുമതോപദേശങ്ങൾക്കുള്ളതു് "വേദാന്തം" എന്ന ശാസ്ത്രീയമായ ഹിന്ദുമതത്തിലെ ഉപദേശങ്ങളോടാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഹിന്ദുക്കളായ ജനസാമാന്യം പ്രായോഗികജീവിതത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഉപദേശങ്ങൾക്കു ക്രിസ്തുമതോപദേശങ്ങളോടു സാധർമ്മ്യമുണ്ടു. അവർ ദൈവത്തെ വിവിധലക്ഷണങ്ങളോടുകൂടിയ പുരുഷോത്തമകനായ സത്തയായി (Personal) ഗണിക്കുന്നു. അവരുടെ ഭക്തിയാൽ മതം വ്യക്തിപരമായ സേവനംതന്നെയാണു്. ദൈവത്തിന്റെ ലോകഭരണത്തിൽ അവർക്കു വിശ്വാസമുണ്ടു്. വിധിവിഹിതത്തിന്റെ (Fatalism) ഏതാണ്ടൊരു ബോധം അവരെ ബാധിച്ചിട്ടുള്ളതുകൊണ്ടു് ആ വിശ്വാസം അന്യൂനമല്ലെന്നേയുള്ളു. ദൈവത്തിന്റെ കാരുണ്യത്തേയും പാപമോചനത്തേയും കുറിച്ചും അവർക്കു ബോധമുണ്ടെന്നു തോന്നുന്നു. അനുതാപത്തിനും സുകൃതജീവിതത്തിനും അത്രതന്നെ പ്രാധാന്യം കൊടുക്കാതെയും, വൈദികകർമ്മങ്ങൾക്കു സ്വകീയമല്ലാത്ത പാപമോചനശക്തി അവയിൽ ആരോപിച്ചും പ്രസ്തുതബോധത്തെ ഏറെക്കുറെ അപകൃഷ്ടമാക്കുന്നുണ്ടെന്നേയുള്ളു. അവരുടെ സ്വരൂപാരാധനങ്ങളും, നൂതനകാര്യങ്ങളോടുകൂടിയ കർമ്മക്രമങ്ങളും കത്തോലിക്കാ ക്രിസ്ത്യാനികളുടെ ദൃഷ്ടിയിൽ താത്വികമായ ആക്ഷേപാർഹങ്ങളാണു്. എന്നാൽ ആ സ്വരൂപങ്ങൾ പ്രതിനിധാനംചെയ്യുന്ന വ്യക്തികൾ കേവലം പുണ്യപുരുഷന്മാർ എന്ന നിലയെ കവിഞ്ഞ ദൈവികവണക്കങ്ങൾ അർഹിക്കുന്നവരാണെന്നു് കത്തോലിക്കാ ക്രിസ്ത്യാനികൾ സമ്മതിക്കുന്നില്ല.

### "അവതാര"ത്തിന്റെ ആശയം വിഭിന്നം

സാമാന്യജനങ്ങളായ ഹിന്ദുക്കൾ വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന ഹിന്ദുമതത്തിലെ പ്രധാനമായ ഒരംശം അവതാരത്തെപ്പററിയുള്ളതാണു്. മത്സ്യം, കൂർമ്മം, വരാഹം മുതലായി വിഷ്ണുവിന്റെ 10 അവതാരങ്ങളിൽ ഹിന്ദുജനങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ. അവതാരങ്ങളിൽ ഒന്നായ ശ്രീകൃഷ്ണൻ അവരുടെ ഏററവും വലിയ ഭക്തിക്കു വിഷയവുമാണു്. അവതാരപുരുഷനെന്ന നിലയിൽ അദ്ദേഹത്തിന്റെ സ്വരൂപങ്ങൾക്കു് ഈശ്വരയോഗ്യമായ വന്ദനങ്ങൾ അവർ നല്കുകയും ചെയ്യുന്നു. എന്നാൽ ഹിന്ദുമതത്തിലെ അവതാരത്തിന്റെ ആശയം ഒന്നു വേറെ; ക്രിസ്തുമതത്തിലെ അവതാരത്തിന്റെ ആശയം ഒന്നു വേറെ. അവതാരം എന്ന ശബ്ദത്തിന്റെ വാച്യാർത്ഥം "ഇറങ്ങൽ" (Descent) എന്നാണു്. ദൈവം ഭൂമിയിലേക്കു ഇറങ്ങിവരികയും ചില പ്രത്യേക ദൃശ്യരൂപങ്ങൾ സ്വീകരിച്ചു മനുഷ്യർക്കു പ്രത്യക്ഷനാവുകയും ചെയ്യുന്നു എന്നാണു വിവക്ഷ. ആ പ്രത്യക്ഷീകരണത്തെ കത്തോലിക്കാ ക്രിസ്തുമതശാസ്ത്രം "തെയോഫനി" (Theophany) എന്നു വിളിക്കുകയുള്ളു. ചില ഹിന്ദുമതഗ്രന്ഥകർത്താക്കളുടെ അഭിപ്രായത്തിൽ, മുൻപറഞ്ഞ സ്ഥിതിചെയ്യുന്ന ഏതെങ്കിലുമൊരു ജീവിയിൽ ദൈവം ഇറങ്ങുകയും കുടികൊള്ളുകയും ചെയ്യുന്നതും അവതാരമാണു്. ഈ അർത്ഥത്തിലാണെന്നു തോന്നുന്നു പ്രൊഫസർ രാധാകൃഷ്ണൻ അവതാരശബ്ദം മനസ്സിലാക്കുന്നതു "ഒരു മനുഷ്യൻ ദൈവത്തെ സ്നേഹിക്കുമ്പോൾ ദൈവം അവനിലേക്കു് ഇറങ്ങിവരികയും അവനിൽ അധിവസിക്കുകയും ചെയ്യുന്നു" എന്നാണദ്ദേഹം പറയുന്നതു. ഈ അർത്ഥത്തിലായിരിക്കാം മഹാത്മാഗാന്ധിയെ ചിലർ അവതാരപുരുഷനായി ഗണിക്കുകയും അദ്ദേഹത്തിന്റെ പ്രതിമകൾ പ്രതിഷ്ഠിച്ചു് അർച്ചനകൾ നടത്താൻ തുടങ്ങുകയും ചെയ്തതു. ഈ അർത്ഥ

### കൃതജ്ഞത



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി. കാലതാമസം വന്നതിനു മാപ്പപേക്ഷിച്ചുകൊള്ളുന്നു.

സി. കെ. ജോസഫ്, പെരുന്നൂർ.

ത്തിലാണോ ആവോ ലേഖകൻതന്നെ ശ്രീരാമകൃഷ്ണനെ "ശ്രീരാമകൃഷ്ണദേവ"നെന്നും, ബുദ്ധനെ "ബുദ്ധദേവ"നെന്നും നാമകരണം ചെയ്യുന്നതു്! വിഷ്ണുവിന്റെ വിവിധങ്ങളായ അവതാരകഥകൾ പുരാണങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതിനെപ്പററി ഡി എസ്സ്. ശർമ്മ എന്ന ഹൈന്ദവപണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്ന ഉദ്ദേശമാണു്: "അവയുടെ സാധുത്വം ഏതെങ്കിലും ചരിത്രപരമായ വസ്തുതയെ ആശ്രയിച്ചിരിക്കുന്നില്ല. അവയുടെ പ്രതിപാദനവിഷയം ആദർശപരമായ സത്യമാണു്, അല്ലാതെ ചരിത്രപരമായ സത്യമല്ല. അവയിലടങ്ങിയിരിക്കുന്ന വിഷ്ണുവിന്റെ അവതാരകഥകളുടെ ഉദ്ദേശം, മനുഷ്യനു് അവന്റെ വികസനത്തിന്റെ വിവിധങ്ങളായ ദശകളിൽ ദൈവം പ്രദാനംചെയ്യുന്ന സഹായത്തിന്റെ രോചനപരമായ ചിത്രം നമുക്കു നൽകണമെന്നതാണു്."

എന്നാൽ ക്രിസ്തുമതം വിശ്വസിക്കുന്ന അവതാരത്തിന്റെ ആശയം ഇതിൽനിന്നു് എത്രയോ വിഭിന്നം! ക്രിസ്തുവിനെ മാത്രമേ ക്രിസ്ത്യാനികൾ അവതാരപുരുഷനായി സ്വീകരിക്കുന്നുള്ളു. ക്രിസ്തുവിന്റെ അവതാരത്തെ "ഇൻകാർണേഷൻ" (Incarnation) എന്നാണു് അവർ വിളിക്കുന്നതു്. ഈ ശബ്ദത്തിന്റെ വാച്യാർത്ഥം "മാംസം (ശരീരം) ധരിക്കൽ" എന്നാണു്. പൂർണ്ണമായ അർത്ഥം ഇതാണു: ഏകദൈവസ്വഭാവമുള്ള പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്ന ദൈവപുരുഷന്മാരിൽ (Divine Persons) രണ്ടാമത്തെ ആളായ പുത്രൻ അനാദിമുതൽ തനിക്കുള്ള ദൈവസ്വഭാവത്തിനു (Divine Nature) പുറമെ കാലത്തിന്റെ നിശ്ചിതമായ ഒരു ഘട്ടത്തിൽ മനുഷ്യസ്വഭാവവും (Human Nature) കൂടെ സ്വന്തമായി സ്വീകരിച്ചു. ആ മനുഷ്യസ്വഭാവത്തിനു്, ഇതരമനുഷ്യർക്കെപ്പോലും ഉള്ളതുപോലെ, ആത്മാവും ശരീരവുമുണ്ടു്. തന്നിമിത്തം ക്രിസ്തു സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമാകുന്നു. ദൈവത്വത്തിന്റെ പൂർണ്ണത മുഴുവനും ഉള്ളതുപോലെ, പാപം ഒന്നൊഴിച്ചു് മനുഷ്യത്വത്തിന്റെ പൂർണ്ണത മുഴുവനും അവിടുത്തേ

ഒരു ചെറിയ സമ്പാദ്യമെങ്കിലും ഉണ്ടാക്കാൻ ആഗ്രഹിക്കാത്ത മനുഷ്യർ ചുരുക്കമാണു. ആകർഷണീയമായ ആദായവ്യവസ്ഥകൾ ഉള്ള ഞങ്ങളുടെ

## "ചിട്ടി മാതൃകാനിക്ഷേപ സർട്ടിഫിക്കേററുകൾ"

മാസംതോറും ഒരു ചെറിയതുക നിക്ഷേപിച്ചു ഇരുപത്തിഒൻപതു മാസംകൊണ്ടു് ഒരു വലിയ തുക മിച്ചം വയ്ക്കുന്നതിനു് നിങ്ങളെ സഹായിക്കും. പ്രതിമാസം മിച്ചമാക്കാവുന്ന തുക എത്രതന്നെ ചെറുതായാലും അതിനു അനുരൂപമായ ഒരു സർട്ടിഫിക്കേററു് ഈ പട്ടികയിൽനിന്നു് നിങ്ങൾക്കു് തിരഞ്ഞെടുക്കാം.

### പട്ടിക

| മുഖവില | തവണകൾ | ഒരു തവണ അടയ്ക്കേണ്ട സംഖ്യ ക. | ണ. | പ. | മൊത്തം അടയ്ക്കേണ്ട സംഖ്യ ക. | ണ. | മൊത്തം ലഭിക്കുന്ന പലിശ ക. | ണ. | ലഭിക്കുന്ന പലിശ നിരക്കു് |
|---|---|---|---|---|---|---|---|---|---|
| 125 | 30 | 3 | 14 | 6 | 117 | 3 | 7 | 13 | 5½% |
| 250 | " | 7 | 13 | 0 | 234 | 6 | 15 | 10 | " |
| 500 | " | 15 | 10 | 0 | 468 | 12 | 31 | 4 | " |
| 1000 | " | 31 | 4 | 0 | 937 | 8 | 62 | 8 | " |
| 1500 | " | 46 | 14 | 0 | 1406 | 4 | 93 | 12 | " |
| 2000 | " | 62 | 8 | 0 | 1875 | 0 | 125 | 0 | " |
| 3000 | " | 93 | 12 | 0 | 2812 | 8 | 187 | 8 | " |
| 4000 | " | 125 | 0 | 0 | 3750 | 0 | 250 | 0 | " |
| 5000 | " | 156 | 4 | 0 | 4687 | 8 | 312 | 8 | " |
| 10000 | " | 312 | 8 | 0 | 9375 | 0 | 625 | 0 | " |

കൂടുതൽ വിവരങ്ങൾക്കു് ആവശ്യപ്പെടുക

## സീഷ്യ ബാങ്ക് ക്ലിപ്തം

(തിരു കൊച്ചി സംസ്ഥാനത്തു് സ്ഥാപിതമായതു്: അംഗങ്ങളുടെ ബാദ്ധ്യത ക്ലിപ്തം.)

ഹെഡാഫീസ്;—ആലപ്പുഴ

ബ്രാഞ്ചുകൾ:— പുളിങ്കുന്നു്, മണിമല

അനേകവർഷങ്ങളായി സജ്ജനങ്ങളുടെ വിശ്വാസം— സമാർജിച്ച വ്യാപാരസ്ഥാപനം

നവീനരീതിയിലുള്ള എല്ലാ വിധ സ്വർണ്ണാഭരണങ്ങളും തയ്യാർ

T. M. ജോസഫ് നമ്പ്യാപറമ്പിൽ

സ്വർണ്ണാഭരണവ്യാപാരം

തൊടുപുഴ

ക്കുണ്ടു് ആകയാൽ ക്രിസ്തു അവതാരപുരുഷനായിരിക്കുന്നതു്, ഹൈന്ദവമതത്തിലെ അവതാരത്തിന്റെ ആശയംപോലെ, മനുഷ്യരൂപത്തിൽ പ്രത്യക്ഷനായിക്കൊണ്ടു മാത്രമല്ല. പ്രത്യുത മനുഷ്യസ്വഭാവം മുഴുവനും സ്വീകരിച്ചു യഥാർത്ഥമനുഷ്യനായി ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടാണു്. ക്രിസ്തുവിന്റെ അവതാരത്തെപ്പററിയുള്ള ഈ ആശയങ്ങളെല്ലാം അവിടുന്നു നേരിട്ടു നൽകിയതും സ്വന്തം ശിഷ്യന്മാർവഴി നൽകിയതുമായ ഉപദേശങ്ങളിൽ അടങ്ങിയിട്ടുള്ളവയാകുന്നു.

ക്രിസ്തുമതത്തിന്റെയും ഹിന്ദുമതത്തിന്റെയും സിദ്ധാന്തങ്ങളും ഉപദേശങ്ങളും തമ്മിലുള്ള വേറൊരു വലിയ വ്യത്യാസം അവയുടെ ആധാരങ്ങളിലാണു്. ഹിന്ദുമതത്തിലെ സിദ്ധാന്തങ്ങൾക്കും ഉപദേശങ്ങൾക്കും ആധാരം "ശ്രുതി" (Scripture) ആണു്. വേദങ്ങൾ മുതൽ ഉപനിഷത്തുകൾവരെയുള്ള ഗ്രന്ഥങ്ങളെല്ലാം ശ്രുതിയിലുൾപ്പെടുന്നു. ശ്രുതി എന്നു പറഞ്ഞാൽ ദൈവം ആദിയിൽ ഉച്ചരിച്ചതും ഋഷിമാർ നേരിട്ടു കേൾക്കുകയോ കാണുകയോ ചെയ്തതും എന്നാണർത്ഥം. ശ്രുതി മുഴുവനും ദൈവവാക്യങ്ങളുടെ സഞ്ചയമെന്നാണു വെയ്പു്. ഇതു ഹിന്ദുമതത്തിലെ വിശ്വാസമാണു്. ഈ വിശ്വാസത്തെ യുക്തിജന്യങ്ങളായ ന്യായങ്ങളാൽ സാധൂകരിക്കേണ്ട ആവശ്യമുണ്ടെന്നു് ആചാര്യന്മാർ സമ്മതിക്കുന്നില്ല. ശ്രുതി ദൈവവാക്യമായതുകൊണ്ടു ശ്രുതിയും യുക്തിയും തമ്മിൽ വൈരുദ്ധ്യം കണ്ടാൽ, ശ്രുതിക്കായിരിക്കും അവർ പ്രാബല്യം നല്കുന്നതു്.

കത്തോലിക്കാ ക്രിസ്തുമതത്തിന്റെ നില ഇതല്ല. അവർക്കു ദൈവവാക്യങ്ങളടങ്ങിയ വേദപുസ്തകമുണ്ടു്. അവ ദൈവത്തിന്റെ നിവേശനത്തിലും നേതൃത്വത്തിലും മേൽനോട്ടത്തിലും മനുഷ്യരായ ഗ്രന്ഥകാരന്മാർ രചിച്ചതാണെന്നു് അവർ വിശ്വസിക്കുന്നു. എന്നാൽ ഈ വിശ്വാസത്തെ സാധൂകരിക്കുന്ന യുക്തിജന്യങ്ങളായ ന്യായങ്ങളുണ്ടായിരിക്കണമെന്നു് അവർക്കു നിർബന്ധമാണു്. ആ ന്യായങ്ങൾ മതപരമായ അവരുടെ താർക്കികഗ്രന്ഥങ്ങളിൽ ചൂണ്ടിക്കാണിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നുമുണ്ടു്. ഹിന്ദുമതത്തിലെ അവതാരപുരുഷന്മാരുടെ കാര്യത്തിൽ ചെയ്യപ്പെടുന്നപോലെ, ക്രിസ്തു യഥാർത്ഥത്തിൽ ചരിത്രപുരുഷനാണോ എന്നും അവിടുത്തെക്കുറിച്ചും അവിടുത്തെ ഉപദേശങ്ങളെക്കുറിച്ചും ഉള്ള വിശ്വാസത്തിനു് ചരിത്രപരമായ സാധൂകരണമുണ്ടോയെന്നുമുള്ള പ്രശ്നം അവർ സർവ്വപ്രധാനമായി പരിഗണിക്കുന്നു.

ഹിന്ദുമതത്തിലെയും ക്രിസ്തുമതത്തിലെയും ഉപദേശങ്ങളുടെ വ്യത്യാസവും വൈരുദ്ധ്യവും ഇങ്ങനെയെല്ലാമിരിക്കെ, രണ്ടും തമ്മിൽ "പറയത്തക്ക യാതൊരു വ്യത്യാസവും" ഇല്ലെന്നും, "അദ്ധ്യാത്മോപദേശങ്ങൾ ചെയ്യുന്നവരെല്ലാം എന്നും ഉപദേശിച്ചിട്ടുള്ളതു് ഒരേ സത്യംതന്നെയാണു്" എന്നും ഉറപ്പിച്ചുപറയുന്നതു് സാഹസമല്ലയോ?

——